# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 22 | Fortnightly | July 15, 2021 | Page 32 | ₹ 10



## യുവേഫ യൂറോ കപ്പ്

എൻ ജീവൻ

പേജ് 3

ഇൻറർവ്യൂ പ്രോഗ്രാം — പേജ് 2
ഇതര തൊഴിലിടങ്ങൾ — പേജ് 14
കലയും സാഹിത്യവും — പേജ് 15
ENRICH YOUR GK — പേജ് 16
ജീവിതം, ഭാഷ, വ്യാകരണം — പേജ് 17
പൊതു വിജ്ഞാനദർപ്പണം — പേജ് 18
LANGUAGE CORNER — പേജ് 19
എലിജിബിലിറ്റി ടെസ്റ്റ് 2021 — പേജ് 20
ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ജൂലൈ 2021 — പേജ് 22
മത്സരപരീക്ഷ ഇടനാഴി — പേജ് 31

പി.എസ്.സി.ബുള്ളറ്റിൻ സബ്സ്ക്രൈബ് ചെയ്യാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പി.എസ്.സി. ബുള്ളറ്റിൻ ഇ.വെർഷന് ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡിൽ
**വർക്ക് അസിസ്റ്റന്റ്**
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ
**സ്റ്റാഫ് നഴ്സ് ഗ്രേഡ് II**
തുടങ്ങി **28** തസ്തികകളിൽ വിജ്ഞാപനം

## പത്താംതരം - മുഖ്യപരീക്ഷാ തീയതിയും സിലബസും പ്രഖ്യാപിച്ചു

പേജ് 28

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**

**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ടി. ആർ. അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പി. എച്ച്. മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**റോഷൻ റോയ് മാത്യു**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എസ്. എ. സെയ്ഫ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**ബോണി കുര്യാക്കോസ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. വി. സുനുകുമാർ**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 ജൂലൈ 12

### അഭിമുഖം നടത്തും

1. ആരോഗ്യ വകുപ്പിൽ റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് 2 (ഒന്നാം എൻ.സി.എ.–എൽ.സി./എ.ഐ. (കാറ്റഗറി നമ്പർ 172/20).
2. കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ്. (രണ്ടാം എൻ.സി.എ.– വിശ്വകർമ്മ, ഒ.ബി.സി., എസ്.ഐ.യു.സി. നാടാർ, ഈഴവ/തിയ്യ/ബില്ലവ (കാറ്റഗറി നമ്പർ 457/2020, 458/2020, 459/2020, 460/2020).

### ഓൺലൈൻ പരീക്ഷ നടത്തും

കോട്ടയം, എറണാകുളം ജില്ലകളിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ മെക്കാനിക് (കാറ്റഗറി നമ്പർ 545/19).

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹിന്ദി (കാറ്റഗറി നമ്പർ 285/19).
2. കെ.എസ്.ഐ.ഡി.സി. ലിമിറ്റഡിൽ സ്റ്റെനോഗ്രാഫർ (കാറ്റഗറി നമ്പർ 20/19).

### വിജ്ഞാപനം പ്രസിദ്ധീകരിക്കും

**ജനറൽ സംസ്ഥാനതലം: –** ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഗ്രേഡ് 2, ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 1, ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 2/ഓവർസീയർ ഗ്രേഡ് 2 (ഇലക്ട്രിക്കൽ), ഫിഷറീസ് അസിസ്റ്റന്റ്, പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻസ്), അസിസ്റ്റന്റ് ഗ്രേഡ് 2, ബോട്ട് ലാസ്കർ, ബൈൻഡർ ഗ്രേഡ് 2, ടെക്നീഷ്യൻ ഗ്രേഡ് 2 (ഓപ്പറേറ്റർ ഗ്രേഡ് 2).

**ജനറൽ ജില്ലാതലം: –** വിവിധ ജില്ലകളിൽ ഹൈസ്കൂൾ ടീച്ചർ (ഇംഗ്ലീഷ്), ഹൈസ്കൂൾ ടീച്ചർ (മലയാളം), ആയുർവേദ തെറാപ്പിസ്റ്റ്, എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്തഭടൻമാർ മാത്രം), ലൈൻമാൻ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ഇലക്ട്രീഷ്യൻ, സെക്യൂരിറ്റി ഗാർഡ്, ലൈൻമാൻ ഗ്രേഡ് 1.

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം: –** പ്രസൂതി ആൻഡ് സ്ത്രീ രോഗ, രസശാസ്ത്ര ആൻഡ് ഭൈഷജ്യകൽപന, ദ്രവ്യഗുണ തുടങ്ങിയ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം), നോൺ വോക്കേഷണൽ ടീച്ചർ ഇൻ ഫിസിക്സ് (സീനിയർ) (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം), ഹെഡ്മാസ്റ്റർ(ഹൈസ്കൂൾ)/അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം), ജനറൽ ഫൗണ്ടേഷൻ കോഴ്സ്, മാത്തമാറ്റിക്സ്, ഫിസിക്സ് തുടങ്ങിയ വിഷയങ്ങളിൽ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം).

**എൻ.സി.എ.– സംസ്ഥാനതലം: –** അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക്– ഒന്നാം എൻ.സി.എ.– ഈഴവ/തിയ്യ/ബില്ലവ, അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക്– രണ്ടാം എൻ.സി.എ.– എൽ.സി./എ.ഐ., അസിസ്റ്റന്റ് പ്രിസൺ ഓഫീസർ–ഒന്നാം എൻ.സി.എ.– മുസ്ലീം, ബോട്ട് ഡ്രൈവർ – ഒന്നാം എൻ.സി.എ.– എസ്.ഐ.യു.സി. നാടാർ.

**എൻ.സി.എ.– ജില്ലാതലം: –** വിവിധ ജില്ലകളിൽ ബ്രാഞ്ച് മാനേജർ– ഒന്നാം എൻ.സി.എ.– പട്ടികജാതി, എൽ.സി./എ.ഐ., ഒ.ബി.സി. (പാർട്ട് 1 ജനറൽ ക്വാട്ട), കാസർഗോഡ് ജില്ലയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (കന്നട)– ഒന്നാം എൻ.സി.എ.– ഈഴവ, പാലക്കാട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക്ക് (വിമുക്തഭടൻമാർ മാത്രം) ഒന്നാം എൻ.സി.എ.–എൽ.സി./എ.ഐ., തൃശൂർ ജില്ലയിൽ ബൈൻഡർ ഗ്രേഡ് 2–ഒന്നാം എൻ.സി.എ.– എൽ.സി./എ.ഐ., തിരുവനന്തപുരം ജില്ലയിൽ പവർ ലോൺട്രി അറ്റൻഡർ– രണ്ടാം എൻ.സി.എ.– വിശ്വകർമ്മ.

## അഡീഷണൽ ഇൻറർവ്യൂ പ്രോഗ്രാം ആഗസ്ത് – 2021

**കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം**

| Sl. No | Category No | Name of Post & Dept. | Date 2021 August |
|---|---|---|---|
| 1. | 178/19 | Driver Gr.II (HDV) (ExServicemen only) - NCA Muslim in NCC/Sainik Welfare Department **(Kollam Dist)** | 04 |
| 2. | 179/19 | Driver Gr.II (HDV) (ExServicemen only) - NCA SIUC N in NCC/Sainik Welfare Department **(Kollam Dist)** | 04 |
| 3. | 471/19 | Driver Gr.II (HDV) (Ex.Servicemen only) - NCA SC in Sainik Welfare Department **(Pathanamthitta Dist)** | 04 |
| 4. | 177/19 | Driver Gr.II (HDV) (ExServicemen only) - NCA SC in NCC/Sainik Welfare Department **(Alappuzha Dist)** | 04 |
| 5. | 471/19 | Driver Gr.II (HDV) (Ex.Servicemen only) - NCA SC in Sainik Welfare Department **(Thrissur District)** | 04 |
| 6. | 475/19 | Driver Gr.II (HDV) (Ex.Servicemen only) - NCA LC/AI in Sainik Welfare Department **(Thrissur Dist)** | 04 |
| 7. | 177/19 | Driver Gr.II (HDV) (ExServicemen only) - NCA SC in NCC/Sainik Welfare Department **(Palakkad Dist)** | 04 |
| 8. | 472/19 | Driver Gr.II (HDV) (Ex.Servicemen only) - NCA Muslim in Sainik Welfare Department **(Ernakulam Dist)** | 04 |
| 9. | 476/19 | Driver Gr.II (HDV) (Ex.Servicemen only) - NCA SIUC Nadar in Sainik Welfare Department **(Ernakulam Dist)** | 04 |
| 10. | 473/19 | Driver Gr.II (HDV) (Ex.Servicemen only) - NCA OBC in Sainik Welfare Department **(Kottayam Dist)** | 04 |
| 11. | 475/19 | Driver Gr.II (HDV) (Ex.Servicemen only) - NCA LC/AI in Sainik Welfare Department **(Kottayam Dist)** | 04 |
| 12. | 178/19 | Driver Gr.II (HDV) (ExServicemen only) - NCA Muslim in NCC/Sainik Welfare Department **(Kottayam Dist )** | 04 |
| 13. | 472/19 | Driver Gr.II (HDV) (Ex.Servicemen only) - NCA Muslim in Sainik Welfare Department **(Thiruvananthapuram Dist)** | 04 |
| 14. | 471/19 | Driver Gr.II (HDV) (Ex.Servicemen only) - NCA SC in Sainik Welfare Department **(Thiruvananthapuram Dist)** | 04 |
| 15. | 474/19 | Driver Gr.II (HDV) (Ex.Servicemen only) - NCA Viswakarma in Sainik Welfare Department **(Thiruvananthapuram Dist)** | 04 |
| 16. | 475/19 | Driver Gr.II (HDV) (Ex.Servicemen only) - NCA LC/AI in Sainik Welfare Department **(Thiruvananthapuram Dist)** | 04 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കണ്ണൂർ** | |
| 17. | 155/19 | Confidential Assistant Gr II (SR for SC/ST only) in Various Department **(Kasargode Dist)** | 13 |

* Denotes that examination was conducted Online

## ഇൻറർവ്യൂ പ്രോഗ്രാം സെപ്തംബർ – 2021

**കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം**

| Sl. No | Category No | Name of Post & Dept. | Date 2021 Sept |
|---|---|---|---|
| 1. | 186/19 | KAS Officer (Junior Time Scale) Trainee Stream-I in Kerala Administrative Service | 01,02,03,08,09,10 15,16,22 23,24,29,30 |
| 2. | 187/19 | KAS Officer (Junior Time Scale) Trainee Stream-II in Kerala Administrative Service | 01,02,03,08,09,10 15,16,22, 23,24,29,30 |
| 3. | 188/19 | KAS Officer (Junior Time Scale) Trainee Stream-III in Kerala Administrative Service | 01,02,03,08,09,10 15,16,22,23,24,29,30 |

* Denotes that examination was conducted Online




ഫിഫ ലോക കപ്പ് ഫുട്ബോളിനു ശേഷം ഏറ്റവും കൂടുതൽ ജനപ്രിയമായ ഫുട്ബോൾ ടൂർണമെന്റ് ആണ് 'യൂറോ' അഥവാ 'യൂറോപ്യൻ ഫുട്ബോൾ ചാംപ്യൻഷിപ്. കോവിഡ് മഹാമാരിയെ തുടർന്നു 2020 ൽ നടക്കേണ്ടിയിരുന്ന ടൂർണമെന്റ് 2021 ലേക്ക് മാറ്റിയതൊഴിച്ചാൽ, 1960 ൽ  തുടങ്ങി എല്ലാ നാലു വർഷം കൂടുമ്പോഴും കൃത്യമായി നടന്നു വന്ന ടൂർണമെന്റ് ആണ് യൂറോ. നാലു വർഷം കൂടുമ്പോൾ നടക്കുന്ന ഫിഫ ലോക കപ്പ് ടൂർണമെന്റും യൂറോ കപ്പ് ടൂർണമെന്റും തമ്മിൽ ഫലത്തിൽ രണ്ടു വർഷം മാത്രമാണ് അകലം. യൂറോപ്യൻ നേഷൻസ് കപ്പ് എന്ന പേരിലാണ് ആദ്യം തുടങ്ങിയതെങ്കിലും 1968 ൽ ടൂർണമെന്റിന്റെ പേര് യൂറോ കപ്പ് എന്നായി മാറി.

# യുവേഫ യൂറോ കപ്പ്

**എൻ ജീവൻ (അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്)**

ഫിഫ ലോക കപ്പു ഫുട്ബോളിനു ശേഷം ഏറ്റവും കൂടുതൽ ജനപ്രിയമായ ഫുട്ബോൾ ടൂർണമെന്റ് ആണ് 'യൂറോ' അഥവാ 'യൂറോപ്യൻ ഫുട്ബോൾ ചാംപ്യൻഷിപ്'. കോവിഡ് മഹാമാരിയെ തുടർന്നു 2020 ൽ നടക്കേണ്ടിയിരുന്ന ടൂർണമെന്റ് 2021 ലേക്ക് മാറ്റിയതൊഴിച്ചാൽ, 1960 ൽ  തുടങ്ങി എല്ലാ നാലു വർഷം കൂടുമ്പോഴും കൃത്യമായി നടന്നു വന്ന ടൂർണമെന്റ് ആണ് യൂറോ. നാലു വർഷം കൂടുമ്പോൾ നടക്കുന്ന ഫിഫ ലോക കപ്പ് ടൂർണമെന്റും യൂറോ കപ്പ് ടൂർണമെന്റും തമ്മിൽ ഫലത്തിൽ രണ്ടു വർഷം മാത്രമാണ് അകലം. യൂറോപ്യൻ നേഷൻസ് കപ്പ് എന്ന പേരിലാണ് ആദ്യം തുടങ്ങിയതെങ്കിലും 1968 ൽ ടൂർണമെന്റിന്റെ പേര് യൂറോ കപ്പ് എന്നായി മാറി. ഇത് വരെ ജർമനിയും സ്പെയിനുമാണ് മൂന്നു തവണ ചാമ്പ്യന്മാരായിട്ടുള്ളത്.അത് കഴിഞ്ഞാൽ ഫ്രാൻസ് രണ്ടു പ്രാവശ്യവും, സോവിയറ്റ് യൂണിയൻ, ചെക്കോസ്ലോവാക്യ , ഇറ്റലി,നെതർലൻഡ്സ്, ഡെൻമാർക്ക്, ഗ്രീസ്, പോർട്ടുഗൽ എന്നിവർ ഓരോ തവണയും ജേതാക്കളായി. 2008 ലും 2012 ലും ജേതാക്കളായ സ്പെയിനാണ് അടുപ്പിച്ചു രണ്ടു കിരീടങ്ങൾ നേടിയ ഒരേ ഒരു രാജ്യം.

ഫ്രഞ്ച് ഫുട്ബോൾ ഫെഡറേഷന്റെ സെക്രട്ടറി ജനറലായിരുന്ന ഹെന്രി ഡെലോനെ ആയിരുന്നു ആദ്യമായി സമസ്ത യൂറോപ്യൻ ചാംപ്യൻഷിപ് എന്ന ആശയം മുന്നോട്ടു വച്ചത്. എന്നാൽ അദ്ദേഹത്തിന്റെ മരണത്തിനു ശേഷം 1960 ൽ ആണ് ടൂർണമെന്റ് ആരംഭിച്ചത്. ഫ്രാൻസിൽ വച്ച് നടന്ന ആ ടൂർണമെന്റിൽ അദ്ദേഹത്തിന്റെ പേരിലുള്ള ട്രോഫി നേടിയത് സോവിയറ്റ് യുണിയനായിരുന്നു.

1980 വരെ ഫൈനൽ ഘട്ടത്തിൽ 4 ടീമുകൾ മാത്രമാണ് കളിച്ചിരുന്നത്.എന്നാൽ 1980 ൽ ഇറ്റലിയിൽ നടന്ന ടൂർണമെന്റോടെ ഇത് 8 ടീമുകളുടെ ഫൈനൽ ടൂർണമെന്റായി വിപുലീകരിച്ചു.1984 ൽ ഫ്രാൻസിൽ നടന്ന ടൂർണമെന്റോടു കൂടി, ക്വാളിഫയിങ് ഘട്ടത്തിൽനിന്ന് നേരിട്ട് ഫൈനലിലേക്കെന്നതു മാറി ആദ്യമായി സെമി ഫൈനൽ നിലവിൽ വന്നു. ആകെ 9 ഗോളുകൾ അടിച്ച് മിഷേൽ പ്ലാറ്റിനി ഫ്രാൻസിനെ ടൂർണമെന്റ് ജേതാക്കളാക്കി.

ഇംഗ്ലണ്ട് ആതിഥേയത്വം വഹിച്ച 1996 ലെ ടൂർണമെന്റോടു കൂടി ടീമുകളുടെ എണ്ണം 16 ആയി നിലവിൽ വന്നു.ഇംഗ്ലണ്ടിനെ സെമിയിൽ പരാജയപ്പെടുത്തി, ഐക്യ ജർമ്മനി ഫൈനലിൽ,  പുതുതായി രൂപം കൊണ്ട ചെക്ക് റിപ്പബ്ലിക്കിനെ നേരിട്ടു. ഒരു പ്രധാനപ്പെട്ട ടൂർണമെന്റിൽ ആദ്യമായി, ഗോൾഡൻ ഗോളിൽ ജർമ്മനി കിരീടം നേടി.ഒലിവർ ബിയറോഫാണ് ഐക്യ ജർമനിയുടെ ആദ്യ കിരീടത്തിനായുള്ള ഗോൾഡൻ ഗോൾ അടിച്ചത്. ആദ്യമായി രണ്ടു രാജ്യങ്ങൾ, നെതർലൻഡും ബെൽജിയവും സംയുക്തമായി നടത്തിയ 2000 ലെ ടൂർണമെന്റിൽ ഫ്രാൻസ് വിജയിച്ചു. എക്സ്ട്രാ ടൈമിൽ ഗോൾഡൻ ഗോളിലൂടെ 2-1 നു ഇറ്റലിയെ തോൽപിച്ചാണ് അപ്പോൾ നിലവിലെ ലോക കപ്പ് ചാമ്പ്യന്മാരായ ഫ്രാൻസ് കിരീടം ഉറപ്പിച്ചത്.

2004 ലെ യൂറോ ചാംപ്യൻഷിപ് ഒരു അട്ടിമറിക്കു സാക്ഷ്യം വഹിച്ചു. ഇതിനു മുൻപ് ഒരേ ഒരു തവണ വീതം  മാത്രം ലോക കപ്പിനും യൂറോ കപ്പിനും യോഗ്യത നേടിയിട്ടുള്ള ഗ്രീസ്, 2004 ൽ പോർച്ചുഗലിനെ ഫൈനലിൽ 1 – 0 നു തോൽപിച്ച് കിരീടം നേടി.ഗോൾഡൻ ഗോളിന് പകരമായി കൊണ്ട് വന്ന സിൽവർ ഗോൾ റൂൾ പരീക്ഷിച്ചത് ഈ ടൂർണമെന്റിലാണ്. പക്ഷെ സിൽവർ ഗോൾ റൂൾ ഉടൻ തന്നെ പിൻവലിക്കപ്പെട്ടു.

## സിൽവർ ഗോൾ

ഗോൾഡൻ ഗോൾ റൂൾ മാറ്റി കൊണ്ട് അവതരിപ്പിച്ച റൂൾ ആണ് സിൽവർ ഗോൾ റൂൾ. എക്സ്ട്രാ ടൈമിന്റെ ആദ്യ പകുതി അവസാനിക്കുമ്പോൾ ഏതു ടീം ആണോ ലീഡ് ചെയ്യുന്നത്, അവരെ വിജയികളാക്കുന്നതാണ് സിൽവർ ഗോൾ റൂൾ. 2004 ലെ യൂറോ കപ്പിലാണ് സിൽവർ ഗോൾ റൂൾ നടപ്പാക്കിയത്. ഗ്രീസ് സിൽവർ ഗോളിലൂടെ ചെക്ക് റിപ്പബ്ലിക്കിനെ പരാജയപ്പെടുത്തി യൂറോ കപ്പ് നേടി. പക്ഷെ 2004 ൽ തന്നെ ഗോൾഡൻ ഗോൾ റൂളും സിൽവർ ഗോൾ റൂളും പിൻവലിക്കപ്പെട്ടു.



## ഗോൾഡൻ ഗോൾ

ഫുൾ ടൈമിൽ സമനില പാലിച്ചു നിൽക്കുകയാണെങ്കിൽ തുടർന്നുള്ള എക്സ്ട്രാ ടൈമിൽ ആദ്യം സ്കോർ ചെയ്യുന്ന ടീമിനെ വിജയികളാക്കി പ്രഖ്യാപിക്കുന്ന നിയമമാണ് ഗോൾഡൻ ഗോൾ റൂൾ. 1993 ലാണ് ഫിഫ പരീക്ഷണാടിസ്ഥാനത്തിൽ ഗോൾഡൻ ഗോൾ റൂൾ അവതരിപ്പിച്ചത്. 1993 ലെ ലോക യൂത്ത് കപ്പിലാണ് ആദ്യത്തെ ഗോൾഡൻ ഗോൾ പിറന്നത്.  ഓസ്ട്രേലിയയുടെ ആന്തണി കാർബൺ ആണ് ഗോൾഡൻ ഗോൾ അടിച്ചത്. 1996 ൽ നടന്ന യൂറോയിലാണ് ആദ്യത്തെ  അന്താരാഷ്ട്ര ഗോൾഡൻ ഗോൾ വീണത്. ജർമനിയുടെ ഒലിവർ ബീറോഫ് ചെക്ക് റിപ്പബ്ലിക്കിനെതിരെ ഗോൾ നേടി ജർമനിയെ കിരീട ജേതാക്കളാക്കി.



2008 ൽ ആസ്ട്രിയയും സ്വിട്സർലാൻഡും ഒരുമിച്ചു നടത്തിയ ടൂർണമെന്റിൽ സ്പെയിൻ ജർമനിയെ 1 – 0 നു തോൽപ്പിച്ച് ചാമ്പ്യന്മാരായി.

2012 ൽ ,പോളണ്ടും ഉക്രയിനും സംയുക്തമായി നടത്തിയ ടൂർണമെന്റിൽ സ്പെയിൻ ഇറ്റലിയെ 4 – 0 തോൽപ്പിച്ച് കൊണ്ട് ആദ്യമായി ടൂർണമെന്റ് ചാമ്പ്യഷിപ് നിലനിർത്തുന്ന ടീമായി. മാത്രമല്ല, അർജന്റീനക്ക് ശേഷം 3 അന്തർദേശീയ കപ്പുകൾ 2008 യൂറോ, 2010 ലോക കപ്പ്, 2012 യൂറോ എന്നിവ അടുപ്പിച്ചു നേടുന്ന രാജ്യമായി.

2016 ൽ ഫ്രാൻസിൽ നടന്ന യൂറോയിലാണ് ടീമുകളുടെ എണ്ണം 24 ആയത്. മൂന്നാം തവണയും ആതിഥേയത്വം വഹിച്ച ഫ്രാൻസിനാണ് മുൻതൂക്കം കല്പിച്ചിരുന്നതെങ്കിലും, ഫ്രാൻസിനെ 1 – 0 തോൽപ്പിച്ച് പോർച്ചുഗൽ ജേതാക്കളായി.

24 ടീമുകൾ ആയതോടെ 4 ടീമുകളുടെ 6 ഗ്രൂപ്പുകളാക്കിയാണ് ടൂർണമെന്റ് നടത്തുന്നത്. അതിൽ നിന്ന് 6 ഗ്രൂപ്പുകളിലെയും ജേതാക്കളും റണ്ണർ അപ്പുകളും കൂടാതെ ഏറ്റവും നല്ല 4 മൂന്നാം സ്ഥാന ടീമുകളും നോക്ക് ഔട്ട് ഘട്ടത്തിലേക്ക് കടക്കും. 16 ടീമുകളുടെ പ്രീക്വാർട്ടർ സ്റ്റേജ് കഴിഞ്ഞു, ക്വാർട്ടർ, സെമി, ഫൈനൽ എന്നിവ നടക്കും. ജേതാക്കളായ ടീമിന് സ്വർണ മെഡലുകളും രണ്ടാം സ്ഥാനക്കാർക്ക് വെള്ളി മെഡലുകളും ലഭിക്കും.8 കിലോ ഭാരമുള്ള ഹെന്രി ഡെലോനെ ട്രോഫി ആണ് ജേതാക്കളെ കാത്തിരിക്കുന്നത്.

2016 ൽ ഫ്രാൻസിൽ വച്ച് നടന്ന ടൂർണമെന്റിൽ ആതിഥേയരായ ഫ്രാൻസിനെ 1 ഗോളിന് തോൽപ്പിച്ച് ജേതാക്കളായ പോർച്ചുഗൽ ഇത്തവണ മരണ ഗ്രൂപ്പ് എന്ന് വിളിച്ച എഫ് ഗ്രൂപ്പിൽ നിന്ന് ജർമനിക്കും ഫ്രാൻസിനും ഒപ്പം പ്രീക്വാർട്ടറിൽ കടന്നെങ്കിലും, അവർക്കൊപ്പം തന്നെ സെമി കാണാതെ പുറത്തായി. ഷൂട്ട് ഔട്ടിൽ സ്പെയിനിനെ തോൽപ്പിച്ച് കൊണ്ട് ഇറ്റലി ഫൈനലിൽ കടന്നു. ആദ്യ മത്സരത്തിൽ എറിക്ക്സണിന്റെ ഞെട്ടിക്കുന്ന വീഴ്ചയും പിന്നീടുള്ള അത്ഭുതകരമായ ജീവിതത്തിലേക്കുള്ള തിരിച്ചുവരവും , ഡെന്മാര്ക്കിന്റെ സ്വപ്നതുല്യമായ മുന്നോട്ടു പോക്കിനാണ് ഗുണം ചെയ്തത്. പക്ഷെ ആ മുന്നേറ്റം സെമി ഫൈനലിൽ ഇംഗ്ലണ്ട് തടഞ്ഞു. ഡെന്മാർക്കിനെ 2–1 നു തോൽപിച്ചു കൊണ്ട് ഇംഗ്ലണ്ട് ഫൈനലിൽ ഇറ്റലിയെ നേരിടാൻ യോഗ്യത നേടി.

പക്ഷെ 'ഇറ്റ് ഈസ് കമിങ് ഹോം' എന്ന ഇംഗ്ലീഷ് ആരാധകരുടെ സ്വപ്നം തല്ലി തകർത്തു, റോബർട്ടോ മൻചീനിയുടെ ഇറ്റലി യൂറോ കിരീടം നേടിയെടുത്തു. ഫുൾ ടൈമിലും എക്സ്ട്രാ ടൈമിലും ഓരോ ഗോൾ വീതം അടിച്ചു സമനിലയിൽ നിന്നിരുന്നതിനാൽ ഷൂട്ട് ഔട്ടിലേക്കു നീണ്ട ഫൈനലിൽ, അവസാനം 3 – 2 എന്ന സ്കോറിനാണ് ഇറ്റലി, ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയത്. ഇറ്റാലിയൻ ഗോൾ കീപ്പർ ജിയാൻലൂജി ഡൊന്നുരുമ്മ ആയിരുന്നു ഇറ്റലിയുടെ വിജയശില്പി. സാക്ക എടുത്ത നിർണായകമായ ഇംഗ്ലണ്ടിന്റെ അഞ്ചാം കിക്ക് തട്ടി അകറ്റി കൊണ്ട് ഡൊന്നുരുമ്മ ഇറ്റലിയെ കിരീടം അണിയിച്ചു.1968 നു ശേഷം ഇറ്റലി നേടുന്ന കിരീടം. ഇനി ഫുട്ബോൾ പ്രേമികളെ കാത്തിരിക്കുന്നത് ഖത്തർ ലോക കപ്പ്. ആവേശത്തിന്റെ നാളുകൾക്കായി കാത്തിരിക്കാം. ●

## യൂറോകപ്പ് 2020

1. ഇത്തവണത്തെ (2020) യൂറോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് ജേതാക്കളായ ടീം – **ഇറ്റലി**
2. യൂറോ കപ്പ് ഫുട്ബോളിൽ ഏറ്റവും കൂടുതൽ ഗോൾ നേടുന്ന താരമായത് – **ക്രിസ്റ്റ്യാനോ റൊണാൾഡോ** (പോർച്ചുഗൽ)
3. യൂറോ കപ്പ് ടൂർണമെന്റിലെ ആദ്യ വനിതാ റഫറി – **സ്റ്റെഫാനി ഫ്രാപ്പർട്ട്** (ഫ്രാൻസ്)
4. യൂറോ കപ്പ് 2020 ഫൈനലിലെത്തിയ ഇംഗ്ലണ്ട് ടീമിന്റെ ക്യാപ്റ്റൻ – **ഹാരി കെയ്ൻ**
5. ഇറ്റലിയും ഇംഗ്ലണ്ടും തമ്മിലുള്ള യൂറോ കപ്പ് 2020 ഫുട്ബോൾ ഫൈനൽ മത്സരം നടന്നത് – **വെംബ്ലി സ്റ്റേഡിയം** (ഇംഗ്ലണ്ട്)
6. ഏത് വർഷം മുതൽ ആണ് യൂറോപ്യൻ നേഷൻസ് കപ്പ് എന്ന ചാമ്പ്യൻഷിപ്പ് 'യൂറോ കപ്പ്'എന്ന പേരിൽ അറിയപ്പെട്ട് തുടങ്ങിയത് – **1968**
7. രണ്ട് ഫുട്ബോൾ ലോകകപ്പ് ചാമ്പ്യൻഷിപ്പുകൾക്കിടയിൽ ഇരട്ടവർഷങ്ങളിൽ നടത്തപ്പെടുന്ന പ്രധാന ഫുട്ബോൾ ടൂർണമെന്റ്? – **യൂറോ കപ്പ്**
8. 2004 മുതൽ യൂറോ കപ്പിൽ അഞ്ച് ടൂർണമെന്റുകൾ തുടർച്ചയായി കളിച്ച ക്രിസ്റ്റ്യാനോ റൊണാൾഡോ ഏറ്റവും കൂടുതൽ യൂറോ കപ്പ് ഗോളുകൾ നേടി (11 ഗോൾ) ആരുടെ റെക്കോർഡാണ് തിരുത്തിയത് – **മിഷേൽ പ്ലാറ്റിനി, ഫ്രാൻസ്** (9 ഗോൾ)
9. അഞ്ചുതവണ ഡാനിഷ് പ്ലെയർ ഓഫ് ദി ഇയർ അവാർഡ് നേടിയ താരം ഈ യൂറോ കപ്പിൽ ഫിൻലാൻഡിനെതിരായ മത്സരത്തിനിടെ കുഴഞ്ഞു വീണു. ആരാണ് ഈ ഡെൻമാർക്ക് താരം? – **ക്രിസ്റ്റ്യൻ എറിക്സൺ**
10. യൂറോ കപ്പ് ഫൈനൽ മത്സരത്തിലെ വേഗമേറിയ ഗോൾ എന്ന നേട്ടം സ്വന്തമാക്കിയ ഇംഗ്ലണ്ട് താരം – **ലൂക്ക് ഷാ** (യൂറോ 2020 ഫൈനലിൽ ഇറ്റലിക്കെതിരെ 2–ാം മിനുട്ടിൽ)



## കോപ്പ അമേരിക്ക 2021

1. അർജന്റീനയും ബ്രസീലും ഏറ്റുമുട്ടിയ ഇത്തവണത്തെ കോപ്പ അമേരിക്ക ഫുട്ബോൾ ടൂർണമെന്റിന്റെ ഫൈനൽ നടന്നത് ഏത് സ്റ്റേഡിയത്തിൽ വച്ചാണ് – **മാറക്കാന** (ബ്രസീൽ)
2. കോപ്പ അമേരിക്ക ടൂർണമെന്റിന്റെ (2021) ഫൈനൽ മത്സരത്തിൽ വിജയഗോൾ നേടിയ താരം ആര്? – **ഏയ്ഞ്ചൽ ഡി മരിയ** (അർജന്റീന)
3. കോപ്പ അമേരിക്ക ടൂർണമെന്റിന്റെ (2021) താരം, ഗോൾഡൻ ബൂട്ട് എന്നീ പുരസ്കാരങ്ങൾ സ്വന്തമാക്കിയ കളിക്കാരൻ – **ലയണൽ മെസ്സി** (അർജന്റീന)
4. തെക്കേ അമേരിക്കൻ വൻകരയ്ക്ക് പുറത്ത് ആദ്യമായി കോപ്പ അമേരിക്ക ടൂർണമെന്റ് നടന്നത് ഏത് വർഷം – **2016**
5. ഏറ്റവും പഴക്കമുള്ള അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റ് – **കോപ്പ അമേരിക്ക**
6. കോപ്പ അമേരിക്ക ടൂർണമെന്റ് ആരംഭിച്ച വർഷം – **1916**
7. കോപ്പ അമേരിക്ക ചാമ്പ്യൻഷിപ്പിന്റെ ആദ്യ പേര് – **സൗത്ത് അമേരിക്കൻ നാഷണൽ ടീം കോമ്പറ്റീഷൻ**
8. കോപ്പ അമേരിക്ക ഫുട്ബോൾ കിരീടം ഏറ്റവും കൂടുതൽ തവണ നേടിയ രാജ്യങ്ങൾ – **ഉറുഗ്വേ, അർജന്റീന** (15 തവണ വീതം)
9. കോപ്പ അമേരിക്ക ചാമ്പ്യൻഷിപ്പ് ആരംഭിച്ച രാജ്യം – **അർജന്റീന** (1916)
10. കോപ്പ അമേരിക്ക ചാമ്പ്യൻഷിപ്പിന് ആ പേര് ലഭിച്ച വർഷം – **1975**



**– തയ്യാറാക്കിയത്**
**അനീഷ് പി കെ**

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യത യുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 14-07-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 14.07.2021 അവസാന തീയതി: 18.08.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2011 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

**ജനറൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം**

### കാറ്റഗറി നമ്പർ : 212/2021
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ നിയോനേറ്റോളജി
### മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ നിയോനേറ്റോളജി
**3. ശമ്പളം** : യു.ജി.സി മാനദണ്ഡപ്രകാരം
**4. ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 25-45; ഉദ്യോഗാർത്ഥികൾ 02/01/1976നും 01/01/1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ :** 1. ഡി.എം നിയോനേറ്റോളജി/ഡി.എൻ.ബി. നിയോനേറ്റോളജി മുകളിൽപ്പറഞ്ഞ യോഗ്യതയുടെ അഭാവത്തിൽ നിയോനേറ്റോളജിയിൽ 2 വർഷത്തെ പ്രത്യേക പരിശീലനത്തോടു* കൂടിയ എം.ഡി പീഡിയാട്രിക്സ്/ഡി.എൻ.ബി. പീഡിയാട്രിക്സ്.

2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

3. ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ റസിഡന്റ് / രജിസ്ട്രാർ / ഡെമോൺസ്ട്രേറ്റർ/ട്യൂട്ടർ ആയി നിയോനേറ്റോളജിയിലുള്ള മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.

**കുറിപ്പ്:** മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം, ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം ആർജ്ജിച്ച മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.

*നവജാതശിശുപരിചരണത്തിൽ വിദഗ്ദ്ധനായ ഒരാളുടെ മേൽനോട്ടത്തിൽ ലഭിച്ച പരിശീലനമാണ് പ്രത്യേക പരിശീലനം എന്നത് കൊണ്ടുദ്ദേശിക്കുന്നത്. നവജാതശിശുപരിചരണം പ്രത്യേക ശ്രദ്ധ വേണ്ടതായതിനാൽ പരിശീലനം അത്യാവശ്യമാണ്.

**കുറിപ്പ്:** (1) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പാളിൽ നിന്നും അദ്ധ്യാപന/ ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(2) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിൽ നടത്തുന്ന സ്ഥാപനത്തിൽ നിന്നും ഒരു വിഷയത്തിൽ ഡി.എൻ.ബി. പരിശീലനം നേടിയ ഉദ്യോഗാർത്ഥികളുടെ യോഗ്യത മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച പ്രസ്തുത വിഷയത്തിലെ ഡി.എൻ.ബി. യോഗ്യതയ്ക്ക് തുല്യമായി പരിഗണിക്കുന്നതാണ്. കുറഞ്ഞത് 500 ബെഡ്ഡുകൾ ഉള്ളതും വിവിധ ബിരുദാനന്തര ബിരുദ/സൂപ്പർ സ്പെഷ്യാലിറ്റി ടീച്ചിങ് പ്രോഗ്രാമുകൾ നടത്തുന്നതും, ട്രെയിനിംഗ് നൽകുന്ന മൂന്ന് ഡി.എൻ.ബി. സൂപ്പർവൈസർമാരിൽ (അധ്യാപകർ) ഒരാൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം മുൻ നിയമനത്തിൽ തന്നെ ബിരുദാനന്തര ബിരുദമുള്ള അദ്ധ്യാപകനായി യോഗ്യത നേടുകയും അവശേഷിക്കുന്ന രണ്ടുപേരിൽ ഒരാൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം ബിരുദാനന്തര ബിരുദ അധ്യാപകനായി യോഗ്യത നേടുകയും ചുവടെ പറയുന്ന ടീച്ചിംഗ് യൂണിറ്റിനുള്ള ബെഡ് റിക്വയർമെന്റ് ഉള്ളതുമായ മൾട്ടി സ്പെഷ്യാലിറ്റി ടീച്ചിംഗ് ആശുപത്രികളിൽ നിന്നും ഡി.എൻ.ബി. പരീശീലനം നേടിയ ഉദ്യോഗാർത്ഥികളുടെ യോഗ്യത എം.സി.ഐ. അംഗീകൃത യോഗ്യതയ്ക്ക് തുല്യമായി കണക്കാക്കുന്നതാണ്.

പോസ്റ്റ് ഗ്രാജ്വേറ്റ് ബ്രോഡ് സ്പെഷ്യാലിറ്റികൾ 30 ബെഡ്/യൂണിറ്റ് 50% ബെഡുകൾ ടീച്ചിംഗ് ബെഡുകൾ ആയിരിക്കണം. പോസ്റ്റ് ഗ്രാജ്വേറ്റ് സൂപ്പർ സ്പെഷ്യാലിറ്റികൾ 20 ബെഡ്/യൂണിറ്റ് 50 % ബെഡുകൾ ടീച്ചിംഗ് ബെഡുകൾ ആയിരിക്കണം. കുറിപ്പ് 2ൽ പരാമർശിച്ച സ്ഥാപനങ്ങൾ ഒഴികെ മറ്റ് ആശുപത്രി/ സ്ഥാപനങ്ങളിൽ നിന്നും ഡി.എൻ.ബി പരിശീലനം (ബ്രോഡ് സ്പെഷ്യാലിറ്റികളിലും സൂപ്പർ സ്പെഷ്യാലിറ്റികളിലും) നേടിയ ഉദ്യോഗാർത്ഥികൾ നിർബന്ധമായും ഒരു എം.സി.ഐ. അംഗീകൃത ആശുപത്രിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ അധികമായി ഒരു വർഷം സീനിയർ റസിഡൻസിയോ അല്ലെങ്കിൽ തത്തുല്യ പരിശീലനമോ അതുമല്ലെങ്കിൽ ഗവേഷണ സംബന്ധമായ ജോലിയോ (ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാഭ്യാസ ചട്ടം 2000ത്തിൽ പ്രസ്തുത യോഗ്യതകൾ വിജ്ഞാപനം ചെയ്തിട്ടുള്ള പക്ഷം) ചെയ്തിരിക്കണം.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും.

(4) ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ)നാല്(4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവന വ്യവസ്ഥ നാൽപ്പത്തിയഞ്ച് വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

### കാറ്റഗറി നമ്പർ : 213/2021
### സ്റ്റാഫ് നഴ്സ് ഗ്രേഡ് II
### മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : സ്റ്റാഫ് നഴ്സ് ഗ്രേഡ് II
**3 ശമ്പളം** : ₹ 39300-83000/
**4 ഒഴിവുകളുടെ എണ്ണം** : സംസ്ഥാനതലം

(പ്രതീക്ഷിത ഒഴിവുകൾ)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 20-36, ഉദ്യോഗാർത്ഥികൾ 02-01-1985നും 01-01-2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. ഉയർന്ന പ്രായപരിധി സംബന്ധിച്ച മറ്റ് നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7. യോഗ്യതകൾ** : 1. സയൻസ് വിഷയങ്ങളിൽ പ്ലസ് ടു/ പ്രീഡിഗ്രി/ വി.എച്ച്.എസ്.ഇ. കോഴ്സ് വിജയിച്ചിരിക്കണം/ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുംഡൊമസ്റ്റിക് നഴ്സിംഗിൽ വി.എച്ച്.എസ്.ഇ. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ബി.എസ്.സി. നഴ്സിംഗ് വിജയിച്ചിരിക്കണം. അല്ലെങ്കിൽ ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ജനറൽ നഴ്സിംഗിലും മിഡ് വൈഫറിയിലും മൂന്ന് വർഷത്തിൽ കുറയാതെയുള്ള കോഴ്സ് ജയിച്ചിരിക്കണം.

3. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ സ്ത്രീകൾ നഴ്സ് ആന്റ് മിഡ് വൈഫ് ആയും പുരുഷൻമാർ നഴ്സ് ആയും രജിസ്റ്റർ ചെയ്തിരിക്കണം.

**പ്രൊബേഷൻ:** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ പ്രൊബേഷനിലായിരിക്കും.

## കാറ്റഗറി നമ്പർ : 214/2021
## സയന്റിഫിക്ക് അസിസ്റ്റന്റ് (ഫിസിയോതെറാപ്പി)
## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**2.ഉദ്യോഗപ്പേര്** : സയന്റിഫിക്ക് അസിസ്റ്റന്റ് (ഫിസിയോ തെറാപ്പി)

**3. ശമ്പളം** : ₹ 35,700–75,600/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : (18-36). ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : ജനറൽ: ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളായുള്ള പ്ലസ് ടു/ പ്രീഡിഗ്രി/തത്തുല്യ യോഗ്യത.

**സവിശേഷ യോഗ്യതകൾ:**

1) യു.ജി.സി. അംഗീകൃത സർവ്വകലാശാലകളിൽ നിന്നോ അല്ലെങ്കിൽ കേന്ദ്ര സർവ്വകലാശാലകളിൽ നിന്നോഅല്ലെങ്കിൽ ദേശീയ സ്ഥാപനങ്ങളിൽ (National Institutes) നിന്നോ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റുകളോ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നോ നേടിയ ഏതെങ്കിലും വിഷയത്തിലുള്ള എം.പി.ടി. ബിരുദം.

**അല്ലെങ്കിൽ**

2) യു.ജി.സി. അംഗീകൃത സർവ്വകലാശാലകളിൽ നിന്നോ അല്ലെങ്കിൽ കേന്ദ്ര സർവ്വകലാശാലകളിൽ നിന്നോ അല്ലെങ്കിൽ ദേശീയ സ്ഥാപനങ്ങളിൽ (National Institutes) നിന്നോ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റുകളോ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നോ നേടിയ ബി.പി.ടി. ബിരുദവും, ബിരുദ പഠന ശേഷം ഒരു മെഡിക്കൽ കോളേജിൽ നിന്നോ ഇന്ത്യാ ഗവൺമെന്റിന്റേയോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റുകളുടേയോ അംഗീകാരമുള്ള മെഡിക്കൽ സ്ഥാപനത്തിൽ നിന്നോ നേടിയ 2 വർഷത്തെ പ്രവൃത്തി പരിചയവും.

**അല്ലെങ്കിൽ**

3) പ്രീയൂണിവേഴ്സിറ്റിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം കൂടാതെ സായുധ സേനയിലെ ഫിസിയോതെറാപ്പി ക്ലാസ്സ് 2 അസിസ്റ്റന്റുമാർക്കുള്ള പരിശീലനം നേടിയിരിക്കണം.

**കുറിപ്പ്:** 1. സായുധ സേനയിലെ ഫിസിയോതെറാപ്പിയിലുള്ള പ്രസ്തുത പരിശീലനത്തിന്റെ മുഴുവൻ കാലയളവ് പൂർത്തിയാക്കിയിരിക്കണം.

2. 1, 2 യോഗ്യതകളെ ഒറ്റ വിഭാഗമായി കണക്കാക്കി 4:1 എന്ന അനുപാതത്തിലാണ് നിയമനം നടത്തുന്നത്. മൂന്നാമത്തെ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മുഴുവൻ ഒഴിവുകളും ഒന്ന്, രണ്ട് യോഗ്യത നേടിയവരെ ഒറ്റ വിഭാഗമായി പരിഗണിച്ച് മെരിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നികത്തുന്നതാണ്.

3. ബി.പി.ടി. യോഗ്യത മാത്രം അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. ഉദ്യോഗാർത്ഥികൾ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അസ്സൽ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടി കൈക്കൊള്ളുന്നതാണ്.

**8. പ്രൊബേഷൻ** : ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാല സേവനത്തിനിടയിൽ ആകെ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

## കാറ്റഗറി നമ്പർ : 215/2021
## ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II
## ആരോഗ്യം

**1 വകുപ്പ്** : ആരോഗ്യം

**2 ഉദ്യോഗപ്പേര്** : ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

**3 ശമ്പളം** : ₹ 35600–75400

**4 ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

**കുറിപ്പ്:** 03.01.2013 ലെ G.O.(P) No.01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരാണ്. എന്നാൽ ടി സർക്കാർ ഉത്തരവു പ്രകാരം അന്ധർ, കാഴ്ച ശക്തി കുറഞ്ഞവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18-36 ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം മറ്റ് പിന്നോക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

(2)തിരുവനന്തപുരം ഡെന്റൽ കോളേജിൽ നടത്തുന്ന ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

## കാറ്റഗറി നമ്പർ : 216/2021
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഡെപ്യൂട്ടി എൻജിനീയർ (സിവിൽ)
## വിഭാഗം I (ജനറൽ കാറ്റഗറി)

**1. സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ഡെപ്യൂട്ടി എൻജിനീയർ (സിവിൽ)

**3. ശമ്പളം** : ₹ 21070 – 42410/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18-40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട്കക പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച സിവിൽ/സിവിൽ ബ്രാഞ്ച് (ഏതു സ്ട്രീമും) എഞ്ചിനീയറിംഗ് ബിരുദം.

2. ബന്ധപ്പെട്ട മേഖലയിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള 3 (മൂന്ന്) വർഷത്തെ പ്രവൃത്തിപരിചയം

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം:

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)** **കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (2) ഖണ്ഡികയിലെ V,VIII,IX,X,XI,XII,XIII എന്നീ ഉപഖണ്ഡികകളും 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 217/2021
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഡെപ്യൂട്ടി എൻജിനീയർ (സിവിൽ)
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

**1. സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ഡെപ്യൂട്ടി എൻജിനീയർ (സിവിൽ)

**3. ശമ്പളം** : ₹ 21070 – 42410/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ സൊസൈറ്റി വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതും കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്കായി അറിയിച്ച 2 (രണ്ട്) ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ ആദ്യ ഊഴം ജനറൽ കാറ്റഗറി എന്ന ക്രമത്തിൽ വിഭജിച്ചപ്പോൾ സൊ

സൈറ്റി കാറ്റഗറിക്ക് മാത്രമായി ലഭിച്ചിട്ടുള്ളതാകുന്നു. ടി സ്ഥാപനത്തിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–50. ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ).

**7. യോഗ്യതകൾ:** 1. അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച സിവിൽ/സിവിൽ ബ്രാഞ്ച്(ഏതു സ്ട്രീമും) എഞ്ചിനീയറിംഗ് ബിരുദം.

3. ബന്ധപ്പെട്ട മേഖലയിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള 3 (മൂന്ന്) വർഷത്തെ പ്രവൃത്തിപരിചയം.

**കുറിപ്പ്:** 1. ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി മുഖേന നിയമിക്കപ്പെട്ടയാൾ, അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപനപ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം:

**(പരിചയ സർട്ടിഫിക്കറ്റ്,സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**8.** പൊതു വ്യവസ്ഥകളിലെ 2, 5(a), 7 എന്നീ ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 218/2021
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഡെപ്യൂട്ടി എൻജിനീയർ (മെക്കാനിക്കൽ)
## വിഭാഗം I (ജനറൽ കാറ്റഗറി)

**1. സ്ഥാപനം** : കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ഡെപ്യൂട്ടി എൻജിനീയർ (മെക്കാനിക്കൽ)

**3. ശമ്പളം** : ₹ 21070 – 42410 /

**4. ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ്:** മേൽപരാമർശിച്ചിരിക്കുന്ന ഒഴിവുകൾ ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളവയാണ്. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം :** 18–40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ**

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച മെക്കാനിക്കൽ ബ്രാഞ്ച്/മെക്കാനിക്കൽ ബ്രാഞ്ച് (ഏതു സ്ട്രീമും) എഞ്ചിനീയറിംഗ് ബിരുദം.

2. ബന്ധപ്പെട്ട മേഖലയിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള 3 (മൂന്ന്) വർഷത്തെ പ്രവൃത്തിപരിചയം

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)** **കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (2) ഖണ്ഡികയിലെ V,VIII,IX,X,XI,XII,XIII എന്നീ ഉപഖണ്ഡികകളും 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 219/2021
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഡെപ്യൂട്ടി എൻജിനീയർ (മെക്കാനിക്കൽ)
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

**1. സ്ഥാപനം** : കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ഡെപ്യൂട്ടി എൻജിനീയർ (മെക്കാനിക്കൽ)

**3. ശമ്പളം** : ₹ 21070 – 42410/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ സൊസൈറ്റി വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതും കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്കായി അറിയിച്ച 3 (മൂന്ന്) ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ ആദ്യ ഊഴം ജനറൽ കാറ്റഗറി എന്ന ക്രമത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി കാറ്റഗറിക്ക് മാത്രമായി ലഭിച്ചിട്ടുള്ളതാകുന്നു. ടി സ്ഥാപനത്തിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–50. ഉദ്യോഗാർത്ഥികൾ 02/01/1971നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ).

**7. യോഗ്യതകൾ :** 1. അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും

അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച മെക്കാനിക്കൽ ബ്രാഞ്ച്/മെക്കാനിക്കൽ ബ്രാഞ്ച്(ഏതു സ്ട്രീമും) എഞ്ചിനീയറിംഗ് ബിരുദം.

3. ബന്ധപ്പെട്ട മേഖലയിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള 3 (മൂന്ന്) വർഷത്തെ പ്രവൃത്തിപരിചയം.

**കുറിപ്പ്:** ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി മുഖേന നിയമിക്കപ്പെട്ടയാൾ, അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപനപ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം:

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**8.** പൊതു വ്യവസ്ഥകളിലെ 2, 5(a), 7 എന്നീ ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 220/2021
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഡെപ്യൂട്ടി എൻജിനീയർ (ഇലക്ട്രിക്കൽ)
## വിഭാഗം I (ജനറൽ കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : ഡെപ്യൂട്ടി എൻജിനീയർ (ഇലക്ട്രിക്കൽ) |
| **3. ശമ്പളം** | : ₹ 21070 –42410 / |
| **4. ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളവയാണ്. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

3. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

4. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ(ഏതു സ്ട്രീമും) എഞ്ചിനീയറിംഗ് ബിരുദം.

2. ബന്ധപ്പെട്ട മേഖലയിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള 3 (മൂന്ന്) വർഷത്തെ പ്രവൃത്തിപരിചയം

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം:

**(പരിചയ സർട്ടിഫിക്കറ്റ് സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8. പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (2) ഖണ്ഡികയിലെ V,VIII,IX,X,XI,XII,XIII എന്നീ ഉപഖണ്ഡികകളും 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

## കാറ്റഗറി നമ്പർ : 221/2021
## ഡെപ്യൂട്ടി എൻജിനീയർ (ഇലക്ട്രിക്കൽ)
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | |
|---|---|
| **1. വകുപ്പ്** | : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : ഡെപ്യൂട്ടി എൻജിനീയർ (ഇലക്ട്രിക്കൽ) |
| **3. ശമ്പളം** | : ₹ 21070–42410/ |
| **4. ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ സൊസൈറ്റി വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതും കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്കായി അറിയിച്ച 2 (രണ്ട്) ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ ആദ്യ ഊഴം ജനറൽ കാറ്റഗറി എന്ന ക്രമത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി കാറ്റഗറിക്ക് മാത്രമായി ലഭിച്ചിട്ടുള്ളതാകുന്നു. ടി സ്ഥാപനത്തിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

3. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

4. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ).

**7. യോഗ്യതകൾ**: 1. അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ (ഏതു സ്ട്രീമും) എഞ്ചിനീയറിംഗ് ബിരുദം.

3. ബന്ധപ്പെട്ട മേഖലയിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള 3 (മൂന്ന്) വർഷത്തെ പ്രവൃത്തിപരിചയം.

**കുറിപ്പ്:** 1. ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി മുഖേന നിയമിക്കപ്പെട്ടയാൾ, അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപനപ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം:

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് : (1)** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് ര

ജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ **സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ.** സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**8. പൊതു വ്യവസ്ഥകളിലെ 2, 5 (a), 7 എന്നീ ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

## കാറ്റഗറി നമ്പർ : 222/2021
## മാർക്കറ്റിംഗ് സൂപ്പർവൈസർ
## കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ലിമിറ്റഡ്

**1. വകുപ്പ്** : കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : മാർക്കറ്റിംഗ് സൂപ്പർവൈസർ

**3. ശമ്പളം** : ₹ 13210–22360/

**4. ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ്:** മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i), (ii), (iii), (iv), (vi), (vii), (xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ:** (1) ഒരു അംഗീകൃത സർവ്വകലാശാല/ സ്ഥാപനത്തിൽ നിന്നും ലഭിച്ച എം.ബി.എ (മാർക്കറ്റിംഗ്) ബിരുദം.

**അല്ലെങ്കിൽ**

(2) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.ബി.എ ബിരുദവും സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയോ സ്വകാര്യ രജിസ്റ്റേർഡ് കമ്പനികളിലെയോ മാർക്കറ്റിംഗ് ഡിവിഷനിൽ സമാന സ്വഭാവത്തിലുള്ള രണ്ട് വർഷത്തെ പരിചയവും.

**പ്രൊബേഷൻ:** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നയാൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**8.** (i) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5 (a), 6, 7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(ii) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 223/2021
## വർക്ക് അസിസ്റ്റന്റ്
## കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡ്

**1. വകുപ്പ്** : കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : വർക്ക് അസിസ്റ്റന്റ്

**3. ശമ്പളം** : ₹ 8100–12130/

**4. ഒഴിവുകളുടെ എണ്ണം** : 83 (എൺപത്തി മൂന്ന് )

**കുറിപ്പ്:** മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ് :** (1) ആദ്യ രണ്ടു വർഷം ട്രെയിനി ആയാണ് ടി തസ്തികയിലേക്കു നിയമിക്കുന്നത്.പരിശീലന കാലയളവിൽ കൺസോളിഡേറ്റഡ് വേജസ് ആയിരിക്കും നൽകുന്നത്

(2) ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ ആദ്യത്തെ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും

**6. പ്രായം** : 18–36 ; ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടിക വർഗ്ഗ, മറ്റു പിന്നോക്കവിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത്നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii), (iii),(iv),(vi),(xii) & (xiv) നോക്കുക.)

**7 യോഗ്യതകൾ :** 1. ഉദ്യോഗാർത്ഥികൾ ഏഴാം ക്ലാസ് ജയിച്ചവരും ബിരുദം നേടിയിട്ടില്ലാത്തവരുമായിരിക്കണം.

2. ഉദ്യോഗാർത്ഥികൾക്ക് നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം.

**കുറിപ്പ് :** (i) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

(ii) യോഗ്യതയിൽ പരാമർശിച്ചിരിക്കുന്ന 'ശാരീരിക ക്ഷമത' തെളിയിക്കുന്നതിനായി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : (a) പൊതുവ്യവസ്ഥകളിലെ 2 ഖണ്ഡികയിലെ v, viii, ix ,x, xi & xiii എന്നീ ഉപഖണ്ഡികകളും, ഖണ്ഡികകൾ 5 (a), 7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) നിശ്ചിത യോഗ്യതയുള്ളവരും പ്രായപരിധിക്ക് ഉള്ളിലുള്ളവരുമായ പ്രശസ്ത കായിക താരങ്ങൾക്ക് കാംകോയിലെ സൂപ്പർവൈസറി തസ്തിക ഒഴികെയുള്ള മറ്റു തസ്തികകളിലെ നിയമനങ്ങളിൽ അധിക മാർക്ക് നൽകുന്നതാണ്.

(c) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും(03/02/1993 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 12/93/P&ARD), അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

### ജനറൽ റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്റഗറി നമ്പർ : 224/2021
## മോട്ടോർ മെക്കാനിക്ക്
## ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം

**2. ഉദ്യോഗപ്പേര്** : മോട്ടോർ മെക്കാനിക്ക്

**3. ശമ്പളം** : ₹ 19,000 – 43,600/ (PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട് 01 (ഒന്ന്)

**കുറിപ്പ്:** (i) ഈ വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് വേണ്ടി മാത്രം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്ന് വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്ന് ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (MS) 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02. 01. 1961ലെ സർക്കാർ ഉത്തരവ് (M.S) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II-ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1. പതിനെട്ട് മാസത്തെ ഐ.റ്റി.ഐ കോഴ്സിനും ആറു മാസത്തെ നിർബന്ധിത ഇൻപ്ലാന്റ് ട്രെയിനിങ്ങിനും ശേഷം ലഭിച്ച ആട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള സർട്ടിഫിക്കറ്റ്.

2. ഒരു അംഗീകൃത ആട്ടോമൊബൈൽ വർക്ക്ഷോപ്പിൽ നിന്നും മോട്ടോർ വാഹനങ്ങളുടെ റിപ്പയറിംഗിലും മെയിന്റനൻസിലും രണ്ട് വർഷത്തെ പ്രായോഗിക പരിചയം നേടിയിരിക്കണം.

3. മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

**കുറിപ്പ് :** i) യോഗ്യതയിൽ ഇനം 2ൽ കൊടുത്തിരിക്കുന്ന തൊഴിൽ പരിചയം ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ് നേടിയതിനു ശേഷം ഉള്ളതായിരിക്കണം.

ii) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ /ഓൺലൈൻ ടെസ്റ്റ്, പ്രാക്ടിക്കൽ ടെസ്റ്റ്/അഭിമുഖം തുടങ്ങി തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുതയുള്ള നിലവിലെ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

8. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)** **കുറിപ്പ് :** i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കുക (യോജിക്കാത്ത ഇനം വെട്ടിക്കളയുക).

ii) അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തുകയും പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കപ്പെടുകയില്ല.

iii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്.

iv) സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിയമപ്രകാരം സ്ഥാപനത്തിന്റെ റെക്കാർഡുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥൻ പരിചയ സർട്ടിഫിക്കറ്റ് കൗണ്ടർസൈൻ ചെയ്തിരിക്കേണ്ടതാണ്.

### എൻ.സി.എ. വിജ്ഞാപനം സംസ്ഥാനതലം

## കാറ്റഗറി നമ്പർ : 225/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് 08.12.2009 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 260/2009; ഗസറ്റ് തീയതി: 30.07.2009) കാലയളവിൽ പ്രസ്തുത സമുദായ

ത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്ന ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. താഴെക്കൊടുത്തിട്ടുള്ള ഒന്നും രണ്ടും എൻ.സി.എ വിജ്ഞാപനങ്ങൾ പ്രകാരം പട്ടികജാതി സമുദായത്തിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

| എൻ.സി.എ | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| ഒന്നാം എൻ.സി.എ | 267/2010 | 15.09.2010 |
| രണ്ടാം എൻ.സി.എ | 34/2012 | 16.04.2012 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** പട്ടികജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–50; ഉദ്യോഗാർത്ഥികൾ 02-01-1971നും 01-01-2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7 യോഗ്യതകൾ** : 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി/എം.എസ്. തുടങ്ങിയവ) അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക4ഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്:** 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാ4ത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച് (45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 226/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി |
| **3. ശമ്പളം** | : യു.ജി.സി. മാനദണ്ഡമനുസരിച്ച് |
| **4. ഒഴിവുകളുടെ എണ്ണം** | : വിശ്വകർമ്മ 01 (ഒന്ന്) |

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് 26.06.2012 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 232/2011)കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്ന ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. താഴെക്കൊടുത്തിട്ടുള്ള ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരം വിശ്വകർമ്മ സമുദായത്തിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

| എൻ.സി.എ | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| Iഎൻ.സി.എ വിശ്വകർമ്മ | 113/2015 | 29.04.2015 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** വിശ്വകർമ്മ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49; ഉദ്യോഗാർത്ഥികൾ 02/01/1972നും 01-01-2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്** : പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

**7 യോഗ്യതകൾ** : 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി) അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3.സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** : 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 227/2021 – 228/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ കാർഡിയോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ കാർഡിയോളജി |
| **3. ശമ്പളം** | : യു.ജി.സി. മാനദണ്ഡമനുസരിച്ച് |
| **4. ഒഴിവുകളുടെ എണ്ണം** | : വിശ്വകർമ്മ 01 (ഒന്ന്)<br>പട്ടിക ജാതി 01(ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ടി തസ്തികയ്ക്ക് ഈ വിജ്ഞാപനപ്രകാരം പ്രത്യേകം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേയ്ക്ക് 09.08.17 തീയതിയിൽ 155/2015 കാറ്റഗറി നമ്പറായി (ഗസറ്റ് തീയതി:11.06.15)നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയിരുന്ന ഒഴിവുകളിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. താഴെക്കൊടുത്തിട്ടുള്ള ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരം വിശ്വകർമ്മ,പട്ടിക ജാതിഎന്നീ സമുദായങ്ങളിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

| കാറ്റഗറി നമ്പർ | | ഗസറ്റ് തീയതി |
|---|---|---|
| ഒന്നാം എൻ.സി.എവിശ്വകർമ്മ | 349/2019 | 11/12/19 |
| ഒന്നാം എൻ.സി.എപട്ടിക ജാതി | 350/2019 | 11/12/19 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി, വിശ്വകർമ്മ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** : മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം:** (1) 21–49; വിശ്വകർമ്മ സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1972നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ) (2) 21–50; പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1971നും 01-01-2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7 യോഗ്യതകൾ** : 1. ഡി.എം കാർഡിയോളജി / ഡി.എൻ.ബി.കാർഡിയോളജി.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 229/2021 – 230/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡിയാട്രിക് സർജറി
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡിയാട്രിക് സർജറി |
| **3. ശമ്പളം** | : യു.ജി.സി. മാനദണ്ഡമനുസരിച്ച് |
| **4. ഒഴിവുകളുടെ എണ്ണം** | : ഈഴവ/ബില്ലവ/തീയ്യ 01 (ഒന്ന്)<br>ഹിന്ദു നാടാർ 01(ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ടി ഒഴിവുകളിലേയ്ക്ക് ഈ വിജ്ഞാപനപ്രകാരം പ്രത്യേകം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേയ്ക്ക് 05.12.2018തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ : 422/2016) കാലയളവിൽ ഈഴവ/ബില്ലവ/തീയ്യ,ഹിന്ദു നാടാർ എന്നീ സംവരണ സമുദായങ്ങൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്ന ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ, ഹിന്ദു നാടാർ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** ഈഴവ, ഹിന്ദു നാടാർ എന്നീ വിഭാഗങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49; ഉദ്യോഗാർത്ഥികൾ 02-01-1972നും 01-01-2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i)ഒഴികെ.

**7 യോഗ്യതകൾ**: 1. എം സി.എച്ച് / ഡി.എൻ ബി (പീഡിയാട്രിക് സർജറി ).

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 1 . റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

**അസാധാരണ ഗസറ്റ് തീയതി: 14.07.2021 അവസാന തീയതി: 18.08.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## കാറ്റഗറി നമ്പർ : 231/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക് മെഡിസിൻ
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക് മെഡിസിൻ
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം 02 (രണ്ട്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് 09.08.17 തീയതിയിൽ 156/2015 കാറ്റഗറി നമ്പറായി നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്ന ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.(മുസ്ലീം സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49; ഉദ്യോഗാർത്ഥികൾ 02/01/1972നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7 യോഗ്യതകൾ** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി) അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** : 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 232/2021– 233/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക് മെഡിസിൻ
## മെഡിക്കൽ വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക് മെഡിസിൻ
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 01 (ഒന്ന്)
വിശ്വകർമ്മ 01 (ഒന്ന്)

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഹിന്ദു നാടാർ, വിശ്വകർമ്മ വിഭാഗങ്ങൾക്കായി പ്രത്യേകം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് കാറ്റഗറി നമ്പർ 156/2015 ആയി പ്രസിദ്ധപ്പെടുത്തി(ഗസറ്റ് തീയതി 11.06.2015)09.08.17 തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്ന ഒഴിവുകളിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. താഴെക്കൊടുത്തിട്ടുള്ള ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരം ഹിന്ദു നാടാർ, വിശ്വകർമ്മ എന്നീ സമുദായങ്ങളിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

| എൻ.സി.എ | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| ഹിന്ദു നാടാർ -I എൻ.സി.എ | 146/2018 | 24.09.2018 |
| വിശ്വകർമ്മ -I എൻ.സി.എ | 147/2018 | 24.09.2018 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഹിന്ദുനാടാർ, വിശ്വകർമ്മ എന്നീ സംവരണ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49; ഹിന്ദുനാടാർ, വിശ്വകർമ്മ എന്നീ സംവരണ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1972നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7 യോഗ്യതകൾ** : 1. എം.ഡി.ഫോറൻസിക് മെഡിസിൻ അല്ലെങ്കിൽ ഡി.എൻ.ബി. ഫോറൻസിക് മെഡിസിൻ

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3.സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്:** 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസ4 തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച് (45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 234/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യോളജി
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലിം –01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|---|
| 1 | 17.04.2018 | 276/16 | 29.09.2016 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. ( മുസ്ലിം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49, (മുസ്ലിം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ) ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2 (i)ലെ ആനുകൂല്യം ഉൾപ്പെടെ.).

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7. യോഗ്യതകൾ :** 1) ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്ന് നേടിയിട്ടുള്ള മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി / എം.എസ് )അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

3) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** : 1. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

3. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാപത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

4. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലനകാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 235/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോ ഡയഗ്നോസിസ്
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോ ഡയഗ്നോസിസ്
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ/തിയ്യ/ബില്ലവ 02 (രണ്ട്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|---|
| 1 | 31.12.2018 | 423/16 | 30.12.2016 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49, ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2(i)ലെ ആനുകൂല്യം ഉൾപ്പെടെ.)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** :1) ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്ന് നേടിയിട്ടുള്ള മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി/എം.എസ്) അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

3) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** : 1. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന

സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

3. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

4. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലനകാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 236/2021 – 238/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി |
| **3 ശമ്പളം** | : യു.ജി.സി. മാനദണ്ഡമനുസരിച്ച് |
| **4 ഒഴിവുകളുടെ എണ്ണം** | : ഈഴവ/ബില്ലവ/തീയ്യ01(ഒന്ന്)<br>വിശ്വകർമ്മ 01 (ഒന്ന്)<br>പട്ടിക വർഗ്ഗം 01 (ഒന്ന്) |

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഈഴവ/ബില്ലവ/തീയ്യ, വിശ്വകർമ്മ, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേയ്ക്ക് (കാറ്റഗറി നമ്പർ: 160/2015, ഗസറ്റ് തീയതി : 11.06.2015) 09.08.17 തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്ന ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.(ഈഴവ/ബില്ലവ/തീയ്യ, വിശ്വകർമ്മ, പട്ടിക വർഗ്ഗം എന്നീ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** 1: മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗങ്ങളിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**കുറിപ്പ്** 2 : 17.10.2012 ലെ G.O(P) No.61/12/SWD പ്രകാരം ടി തസ്തികയിലേയ്ക്ക് Locomotor Disabiltiy/ Cerebral Palsy ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുവാൻ അർഹരാണ്. മറ്റ് വിഭാഗങ്ങളായ Blind, Low vision, Hearing Impaired എന്നിവർ ടി തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**6. പ്രായം** : (1) 21–49; ഈഴവ/ബില്ലവ/തീയ്യ, വിശ്വകർമ്മ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1972നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

(2) 21–50: പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1971നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

**7. യോഗ്യതകൾ** : 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി) അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 239/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി |
| **3 ശമ്പളം** | : യു.ജി.സി. മാനദണ്ഡമനുസരിച്ച് |
| **4 ഒഴിവുകളുടെ എണ്ണം** | : പട്ടിക ജാതി 08 (എട്ട്) |

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് (Cat. No: 160/2015, Gazette Date : 11.06.2015) 09.08.17 തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയിരുന്ന ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. താഴെക്കൊടുത്തിട്ടുള്ള ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരം പട്ടിക ജാതി സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

| | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| ഒന്നാം എൻ.സി.എ | 151/2018 | 24.09.2018 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** 1: മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**കുറിപ്പ്** 2: 17.10.2012 ലെ G.O(P) No.61/12/SWD പ്രകാരം ടി തസ്തികയ്ക്ക് Locomotor Disabiltiy/ Cerebral Palsy ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുവാൻ അർഹരാണ്. മറ്റ് വിഭാഗങ്ങളായ Blind, Low vision, Hearing Impaired എന്നിവർ ടി തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**6. പ്രായം** : 21–50; ഉദ്യോഗാർത്ഥികൾ 02–01–1971നും 01–01–2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** ഉയർന്ന പ്രായപരിധി യാതൊരു കാരണവശാലും 50(അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പ്രായപരിധി ഇളവ് സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

**7 യോഗ്യതകൾ** : 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുംബന്ധപ്പെട്ട വിഷയത്തിൽ മെഡിക്കൽ ബിരുദാനന്തര ബിരുദം (എം.ഡി) അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡി.എൻ.ബി.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 240/2021 – 241/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ന്യൂറോളജി
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ന്യൂറോളജി |
| **3 ശമ്പളം** | : യു.ജി.സി. മാനദണ്ഡമനുസരിച്ച് |
| **4 ഒഴിവുകളുടെ എണ്ണം** | : മുസ്ലീം 01 (ഒന്ന്)<br>ധീവര 01 (ഒന്ന്) |

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ടി ഒഴിവുകളിലേയ്ക്ക് ഈ വിജ്ഞാപനപ്രകാരം പ്രത്യേകം തയ്യാറാക്കപ്പെടുന്ന വെവ്വേറെയുള്ള റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേയ്ക്ക് (കാറ്റഗറി നമ്പർ:277/2016; ഗസറ്റ് തീയതി.29.09.16)17.04.2018തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയിരുന്ന ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുസ്ലീം,ധീവര സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49; ഉദ്യോഗാർത്ഥികൾ 02–01–1972നും 01–01–2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

**7 യോഗ്യതകൾ** : 1. ഡി.എം.(ന്യൂറോളജി)/ഡി.എൻ.ബി.(ന്യൂറോളജി).

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 1. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 242/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ പഞ്ചകർമ്മ
## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ സി എ വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ പഞ്ചകർമ്മ |
| **3 ശമ്പളം** | : യു.ജി.സി മാനദണ്ഡപ്രകാരം |
| **4 ഒഴിവുകളുടെ എണ്ണം** | : പട്ടികജാതി 01 (ഒന്ന്) |

കുറിപ്പ് : മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ലക്ചറർ ഇൻ പഞ്ചകർമ്മ തസ്തികയുടെ 11.04.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 568/2012, ഗസറ്റ് തീയതി: 30.11.2012) കാലയളവിൽ പട്ടികജാതി സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം).

**കുറിപ്പ്** : പട്ടികജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥി

കൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 20-50; ഉദ്യോഗാർത്ഥികൾ 02-01-1971നും 01-01-2001 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**7. യോഗ്യതകൾ** : 1. കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവ്വകലാശാലയിൽ നിന്നോ ആയുർവേദത്തിൽ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം

2. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്നുള്ള 'എ' ക്ലാസ്സ് സ്ഥിരം രജിസ്ട്രേഷൻ (കൗൺസിൽ ഓഫ് ഇൻഡിജിനസ് മെഡിസിൻ)

**കുറിപ്പ്**: 1. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് അതത് വിഷയത്തിലെ ബിരുദാനന്തര ബിരുദം നിർബന്ധമാക്കിയിട്ടുണ്ട്.

2. ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദധാരികളുടെ അഭാവത്തിൽ സമയാസമയങ്ങളിൽ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിഷ്കർഷിച്ചിട്ടുള്ള ബിരുദാനന്തര ബിരുദം സ്വീകാര്യമാക്കുന്നതാണ്.

**8. പ്രൊബേഷൻ** : ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

### കാറ്റഗറി നമ്പർ : 243/2021
### മേറ്റ് (മൈൻസ്)
### കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്
### നാലാം എൻ സി എ വിജ്ഞാപനം

താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള പട്ടികജാതി ഉദ്യോഗാർത്ഥികളിൽ നിന്നും എൻ.സി.എ ഒഴിവിലേക്ക് ഓൺലൈനായി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| **1 വകുപ്പ്** | : | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| **2 ഉദ്യോഗപ്പേര്** | : | മേറ്റ് (മൈൻസ്) |
| **3 ശമ്പളം** | : | ₹ 9920-20480/- |
| **4 ഒഴിവുകളുടെ എണ്ണം** | : | പട്ടികജാതി 01 (ഒന്ന്) |

i) മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക /സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാദ്ധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

ii) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കുലിസ്റ്റ് ഈ തസ്തികയുടെ 23.05.2016 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ(കാറ്റഗറി നമ്പർ 199/14) കാലയളവിൽ പട്ടിക ജാതി വിഭാഗത്തിന് നീക്കി വച്ചിട്ടുള്ള ഒഴിവിലേക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവിലേക്ക് നിയമനശിപാർശയും ,നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 30.12.2016 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന്റെയും(കാറ്റഗറിനമ്പർ:506/16),26.07.2018 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന്റെയും (കാറ്റഗറിനമ്പർ:102/18), 31/12/2019 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച മൂന്നാം എൻ.സി.എ വിജ്ഞാപനത്തിന്റെയും (കാറ്റഗറി നമ്പർ:560/19) അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള നാലാം എൻ.സി.എ വിജ്ഞാപനമാണ്.

iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രമുള്ള നേരിട്ടുള്ള നിയമനം) പട്ടികജാതി വിഭാഗത്തിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ് അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രേത്യേകം നൽകുന്നതല്ല .

**6. പ്രായം** : 18-41 ;ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ ഖണ്ഡിക 2(I) ലെ ആനുകൂല്യം ഉൾപ്പെടെ

**കുറിപ്പ്**: പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന കാലത്ത്നിശ്ചിതപ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക2 (ii), (iii), (iv), (vi), (vii), & (xii)നോക്കുക.)

**7 യോഗ്യതകൾ** :മൈൻസ് ആക്ട് അനുസരിച്ചു നേടിയ മേറ്റ്സ് കോംപിറ്റൻസി സർട്ടിഫിക്കറ് (മെറ്റാലിഫെറസ് )

**കുറിപ്പ്** : (a) പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡികയിലെ v,viii,ix,x,xi&xiii എന്നീ ഉപഖണ്ഡികകളും,ഖണ്ഡിക 5(a),7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം ,അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## എൻ.സി.എ. വിജ്ഞാപനം ജില്ലാതലം

### കാറ്റഗറി നമ്പർ : 244/2021
### നഴ്സ് ഗ്രേഡ് II
### ഹോമിയോപ്പതി
### ഒന്നാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | ഹോമിയോപ്പതി |
| **2. ഉദ്യോഗപ്പേര്** | : | നഴ്സ് ഗ്രേഡ് II |
| **3. ശമ്പളം** | : | Rs.20000 - 45800/- |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം-മുസ്ലീം 01 (ഒന്ന്) |

**കുറിപ്പ്** : (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശുപാർശ ചെയത് നിയമനം നടത്തുന്നതു വരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 30.10.2017 | 091/2015 |

(ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01. 1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ വകുപ്പിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ മുസ്ലീം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18-39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01. 2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് (ജി.എൻ.എം) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ചിട്ടുള്ള പാസ്സ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

ഈ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊബേഷൻ കാലയളവിൽ ഹോമോയോപ്പതി വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ആശുപത്രിയിലെ ഫാർമസിയിൽ നിന്നും മൂന്ന് മാസത്തെ ട്രെയിനിംഗ് നേടിയിരിക്കണം.

### കാറ്റഗറി നമ്പർ : 245/2021
### ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാർ മാത്രം)
### എൻ.സി.സി./സൈനികക്ഷേമ വകുപ്പ്
### അഞ്ചാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| **1 വകുപ്പ്** | : | എൻ.സി.സി./സൈനികക്ഷേമ വകുപ്പ് |
| **2. ഉദ്യോഗപ്പേര്** | : | ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാർ മാത്രം) |
| **3. ശമ്പളം** | : | ₹ 18000 - 41500/ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ. എറണാകുളം പട്ടികജാതി 02 (രണ്ട്) |

**കുറിപ്പ്**:എറണാകുളം ജില്ലയിൽ പട്ടികജാതി വിഭാഗത്തിന്റെ ഒഴിവിലേക്ക് ഒന്നാം NCA (കാറ്റഗറി നമ്പർ 45/12, ഗസറ്റ് തീയതി 16/7/12). രണ്ടാം NCA (കാറ്റഗറി നമ്പർ 512/14, ഗസറ്റ് തീയതി 25/11/2014). മൂന്നാം NCA (കാറ്റഗറി നമ്പർ 529/17, ഗസറ്റ് തീയതി 29/11/17) നാലാം NCA (കാറ്റഗറി നമ്പർ 177/19, ഗസറ്റ് തീയതി 15/10/19) ആയി വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർഥികളെ ലഭിക്കാത്തതുകൊണ്ടുള്ള അഞ്ചാം NCA വിജ്ഞാപനം.

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിക്കുന്ന NCA റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണ് ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 21.6.2011 | 25/07 |

(iii)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991ലെ ജി.ഒ.(പി)നം.36/91/പി.ആന്റ് എ.ആർ.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനത്തിൽ ഉൾപ്പടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർഥികൾ മുകളിൽ ഒഴിവു രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ് .

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുകളിൽ കാണി

**അസാധാരണ ഗസറ്റ് തീയതി: 14.07.2021 അവസാന തീയതി: 18.08.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

ച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

വിമുക്ത ഭടന്മാരായ എസ്.സി. ഉദ്യോഗാർഥികളുടെ അഭാവത്തിൽ ,വിമുക്ത ഭടന്മാരായ എസ്.റ്റി. വിഭാഗത്തിൽ പെട്ട ഉദ്യോഗാർഥികളെയും പരിഗണിക്കുന്നതാണ്.

**6. പ്രായം** : 21–44. എസ്.സി വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 (i)ലെ ഇളവുകളടക്കം]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : i) മലയാളമോ തമിഴോ കന്നടയോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

ii) ഹെവി ഡ്യൂട്ടി വാഹനങ്ങളും മോട്ടോർ സൈക്കിളും ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ഹെവി ഡ്യൂട്ടി വാഹനങ്ങൾ (മിലിട്ടറിയോ, സിവിലോ) ഓടിച്ചുള്ള മൂന്ന് വർഷത്തെ പരിചയവും ഉണ്ടായിരിക്കണം. 16.01.1979നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ട് തരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾ ആക്ടിന്റെ 47/78 ഭേദഗതി കാണുക.

**കുറിപ്പ്:** ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം പി.എസ്.സി. നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിൽ (T Test അടക്കം) തെളിയിക്കേണ്ടതാണ്. ഗ്രൗണ്ട് ടെസ്റ്റിൽ T Test വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.

**iii) ശാരീരിക യോഗ്യതകൾ** :

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് | : വലത് | ഇടത് |
|---|---|---|
| ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധരണമായിരിക്കണം. | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം. | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

iv) ഉദ്യോഗാർത്ഥികൾ വിമുക്തഭടന്മാരോ ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരോ ആയിരിക്കണം (അപേക്ഷകൻ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെയും പെൻഷൻ പേയ്മെന്റ് ഓർഡറിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പൂർണ്ണമായ ശരിപ്പകർപ്പുകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്).

**(പരിചയ സർട്ടിഫിക്കറ്റ്, സാഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** (1)ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ്:** 1) ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മോട്ടോർ വാഹനങ്ങൾ ക്ലീൻ ചെയ്യുന്നതിനും ഓയിൽ ഇടുന്നതിനും സന്നദ്ധരായിരിക്കണം. ഇക്കാര്യം അപേക്ഷയിൽ യോഗ്യതയുടെ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

2) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ കൂടി ഓടിക്കുന്നതിന് കഴിവുള്ളതായിരിക്കണം.

3) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5) ഈ തസ്തികയിലേക്കുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായി ഒരു എഴുത്ത് പരീക്ഷ (ഒ.എം.ആർ./ഓൺലൈൻ പരീക്ഷ) കൂടി നടത്തുന്നതാണ്.

6) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7 (iii) ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iii (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iii)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

7) സർവ്വീസിൽ പ്രവേശിച്ച തീയതി, സർവ്വീസിൽനിന്നും വിടുതൽ ചെയ്ത തീയതി, വാഹനത്തിന്റെ ഇനം മുതലായവ ഡ്രൈവിംഗിലുള്ള പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കേണ്ടതാണ്. ഇപ്പോൾ സർവ്വീസിലാണെങ്കിൽ ആ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

8) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

9) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

**പ്രൊബേഷൻ**: ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))** •



# ഇതര തൊഴിലിടങ്ങൾ

1. ഡൽഹിയിലെ നേതാജി സുഭാഷ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ 126 അനധ്യാപക ഒഴിവുണ്ട്. www.nsit.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന **അവസാന തീയതി – ജൂലൈ 31, 2021**

   പരസ്യ വിജ്ഞാപന നമ്പർ - NSUT/NON - Teaching/2012/02

   **ലോവർ ഡിവിഷൻ ക്ലർക്ക്** - 35 ഒഴിവുകൾ

   യോഗ്യത – പ്ലസ്ടു അല്ലെങ്കിൽ തത്തുല്യം. ഇംഗ്ലീഷ് ടൈപ്പിങ്ങിൽ കമ്പ്യൂട്ടറിൽ മിനിട്ടിൽ 35 വാക്ക് വേഗം ഉണ്ടായിരിക്കേണ്ടതാണ്.

   **ടെക്നിക്കൽ അസിസ്റ്റൻറ്** - 26 ഒഴിവ്

   യോഗ്യത സി.എസ്.ഇ/ഐ.ടി, ഇ.സി.ഇ, മെക്കാനിക്കൽ, ബി.എസ്.ഇ, ഇ.ഇ, കെമിസ്ട്രി, ഫിസിക്സ്, സിവിൽ, ഡിസൈൻ എന്നീ ഡിപ്പാർട്ട്മെന്റുകളിലാണ് ഒഴിവ്. ബന്ധപ്പെട്ട വിഷയത്തിലെ സ്റ്റേറ്റ് ബോർഡ് ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യം. രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ബി.ഇ/ബിടെക്, ഫിസിക്സ്/കെമിസ്ട്രി ഡിപ്പാർട്ട്മെൻറിൽ ബി.എസ്.സി/എംഎസ്സി. ബിഎസ്സിക്കാർക്ക് 2 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

   **ജൂനിയർ മെക്കാനിക്ക്** - 21 ഒഴിവുകൾ

   യോഗ്യത – സി.എസ്.ഇ/ഐ.ടി, ഇ.സി.ഇ, മെക്കാനിക്കൽ, ബി.എസ്.ഇ, ഐ.സി. ഇ, സിവിൽ, ഡിസൈൻ എന്നീ ഡിപ്പാർട്ട്മെന്റുകളിലാണ് ഒഴിവ്. ബന്ധപ്പെട്ട വിഷയത്തിലെ ഐടിഐയും രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഡിപ്ലോമ/ബിരുദമാണ് യോഗ്യത.

   ജൂനിയർ പ്രോഗ്രാമർ – 13, ജൂനിയർ സ്റ്റെനോ – 10, അപ്പർ ഡിവിഷൻ ക്ലർക്ക് – 8, ലൈബ്രറി അസിസ്റ്റന്റ് –2, ഹെഡ്ക്ലർക്ക് –7, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് –3 , അസിസ്റ്റന്റ് സ്റ്റോർ കീപ്പർ –1 എന്നിങ്ങനെ വിവിധ തസ്തികകളിലും ഒഴിവുണ്ട്.

   ജൂനിയർ പ്രോഗ്രാമർ, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ്, ഹെഡ്ക്ലർക്ക് തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 30 വയസ്സ്. മറ്റ് തസ്തികകളിലേക്ക് 27 വയസ്സ്. സംവരണ വിഭാഗത്തിന് നിയമാനുസൃതമായ വയസ്സിളവ് ലഭിക്കും.

   വിശദവിവരങ്ങൾക്ക് www.nsit.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

2. കേരള ഹൈക്കോടതിയിൽ **അസിസ്റ്റൻറ് തസ്തിക**യിലേക്ക് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. നേരിട്ടുള്ള നിയമനം. 55 ഒഴിവിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അപേക്ഷയുടെ ആദ്യഘട്ടം പൂർത്തിയാക്കേണ്ട അവസാന തീയതി – ജൂലൈ 28. രണ്ടാം ഘട്ടം പൂർത്തിയാക്കേണ്ട അവസാന തീയതി – ഓഗസ്റ്റ് 9. റിക്രൂട്ട്മെന്റ് നമ്പർ – 01/2021.

   യോഗ്യത: കുറഞ്ഞത് 50% മാർക്കോടെ (പട്ടികവിഭാഗക്കാർക്കു മാർക്ക് പരിധി ബാധകമല്ല).

   ബിരുദം/പിജി/നിയമബിരുദം. കമ്പ്യൂട്ടർ ഓപ്പറേഷൻസ് പരിജ്ഞാനം അഭിലഷണീയം.

   പ്രായം : 02.01.1985നും 01.01.2003നും മധ്യേ ജനിച്ചവരാകണം. (രണ്ടു തീയതികളും ഉൾപ്പെടെ). എസ്സി, എസ്ടി വിഭാഗക്കാർക്ക് അഞ്ചുവർഷം വരെയും ഒബിസി വിഭാഗക്കാർക്ക് മൂന്നുവർഷം വരെയും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും. വിധവകൾക്ക് അഞ്ചുവർഷത്തെ വയസ്സിളവിന് അർഹതയുണ്ട്. വിമുക്ത ഭടന്മാർക്കും ഭിന്നശേഷിക്കാർക്കും നിയമാനുസൃത ഇളവുണ്ട്.

   അപേക്ഷാ ഫീസ് : 450 രൂപ. എസ്സി, എസ്ടി വിഭാഗക്കാർക്കും തൊഴിൽരഹിതരായ ഭിന്നശേഷിക്കാർക്കും ഫീസ് ഇല്ല.ഓൺലൈനായും ചെലാൻ വഴിയും ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.hckrecruitment.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. ഹെവി എൻജിനീയറിങ് കോർപ്പറേഷൻ ലിമിറ്റഡിന്റെ റാഞ്ചിയിലെ എച്ച്ഇസി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 206 ട്രെയിനി ഒഴിവ്. ഒന്ന്/രണ്ട് വർഷ പരിശീലനം സെപ്തംബറിൽ ആരംഭിക്കും. ജൂലൈ 31 വരെ അപേക്ഷിക്കാം.

   ട്രേഡുകൾ : സിഒപിഎ (48), സ്വീയിങ് ടെക്നോളജി (ടെയിലറിങ്) (42), ഫിറ്റർ (40), വെൽഡർ (40), ഇലക്ട്രീഷ്യൻ (20), മെഷിനിസ്റ്റ് (16).

   യോഗ്യത : പത്താംക്ലാസ് ജയം/തത്തുല്യം. വെൽഡർ, സ്വീയിങ് ടെക്നോളജി (ടെയിലറിങ്) ട്രേഡുകളിൽ എട്ടാം ക്ലാസ് ജയം/തത്തുല്യം. അപേക്ഷ ഫീസ് 750 രൂപ. പട്ടികവിഭാഗം, ഭിന്നശേഷിക്കാർക്കു ഫീസില്ല. വിശദവിവരങ്ങൾക്ക്www.hecltd.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിനു കീഴിലെ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിങ്ങിൽ ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ടെക്നിക്കൽ ഓഫീസർ, സീനിയർ ടെക്നിക്കൽ ഓഫീസർ തസ്തകകളിലായി 15 ഒഴിവ്. www.cdac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാം.

5. കൊൽക്കത്തയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ തസ്തികകളിലെ 45 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

   എഞ്ചിനീയർ (ഇലക്ട്രിക്കൽ), എഞ്ചിനീയറിങ് അസിസ്റ്റന്റ് (സിവിൽ, ഇലക്ട്രിക്കൽ), ഇലക്ട്രീഷ്യൻ, ഓപ്പറേറ്റർ കം മെക്കാനിക്ക് (ലിഫ്റ്റ്), ഡ്രൈവർ, കുക്ക്, അസിസ്റ്റന്റ് (ലൈബ്രറി), ലബോറട്ടറി, റിപ്രോ – ഫോട്ടോ, ഫാം). അവസാന തീയതി – ജൂലൈ 23. വിശദവിവരങ്ങൾക്ക് www.isical.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# കലയും സാഹിത്യവും-37

# ബഷീർ സാഹിത്യം

***"എത്ര നിസ്സഹായരവർ, എത്ര മർദിതർ! അടിമകളുടെ മുറവിളിയാണിന്നിവിടെ കേൾക്കുന്നത്! മർദിതരുടെ ദീനരോദനമാണിന്നവിടെ മാറ്റൊലി കൊള്ളുന്നത്, ഹിംസയുടെ വിഷവായുവാണിന്നിവിടെ ശ്വസിക്കുന്നത് – അഴിമതിയുടെയും മർദനത്തിന്റെയും വഞ്ചനയുടെയും സ്വാർഥത്തിന്റെയും ഒരു കൂത്താട്ടമാണ് അവിടെ കാണുന്നത്. ഞങ്ങളുടെ ധീരാഭിമാനസ്തംഭത്തിന്റെ മുൻപിൽവെച്ച് – ധർമ്മരാജ്യത്തിലെ കെടാവിളക്കിന്റെ മുൻപിൽവെച്ച് – പൗരസ്വാതന്ത്ര്യത്തെ അടിച്ചടിച്ച് നിലം പതിപ്പിക്കുന്നു. സ്ത്രീത്വത്തെ അവഹേളിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ കണ്ഠം ഞെക്കി ഞെരിക്കുന്നു. ആത്മാഭിമാനത്തെ വലിച്ചുകീറുന്നു. യുവത്വത്തെ വേട്ടയാടുന്നു. മനുഷ്യത്വത്തെ ചുട്ടെരിക്കുന്നു. ധർമ്മരാജ്യത്തിന്റെ നീതിനിയമങ്ങളെവിടെ?"***

വൈക്കം മുഹമ്മദ് ബഷീർ സർഗ്ഗാത്മക എഴുത്തുകാരനാകുന്നതിനുമുമ്പ് സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളോട് സഹകരിച്ച് തന്റെ ഫാസിസ്റ്റ് വിരുദ്ധ നിലപാടുകൾ 'ധർമ്മരാജ്യം' എന്ന ലഘുലേഖയിലൂടെ വെളിപ്പെടുത്തുന്ന ഭാഗമാണ് ഇവിടെ ചേർത്തിട്ടുള്ളത്. ബഷീർ കൊച്ചിയിൽ ഫോർവേഡ് പ്രസ്സിൽ അച്ചടിച്ച് വിതരണം ചെയ്തതാണ് ഈ ലഘുലേഖ. പൗരബോധവും സ്വാതന്ത്ര്യവാഞ്ജയും മുറ്റിനില്ക്കുന്ന ഈ ചോദ്യങ്ങൾ സാർവകാലികവും സാർവദേശീയവുമായ പൗരാവകാശബോധത്തിന്റെ ആൾ രൂപമാണ് ബഷീർ എന്ന് നമുക്ക് കാട്ടിത്തരുന്നു. പിൽക്കാലത്ത് മാനവികതയും ഭൂമിയിലെ സർവചരാചരങ്ങളോടുമുള്ള അനുകമ്പയും കൊണ്ടുനിറഞ്ഞ ബഷീറിന്റെ സാഹിത്യകൃതികളുടെ മഹത്വവും ഈ അവകാശബോധം തന്നെയാണ്.





**വൈക്കം മുഹമ്മദ് ബഷീറിന്റെ 27 –ാം ചരമവാർഷികദിനമായിരുന്നു ജൂലൈ 5.** 1908 ജനുവരി 19ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ച ബഷീർ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട്ടു നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. പത്തുവർഷങ്ങളോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. 1930 കളുടെ മധ്യത്തിൽ മടങ്ങിവന്ന ബഷീറിനെ തൊഴിൽരാഹിത്യം ഒട്ടേറെ വിഷമിപ്പിച്ചു. ജയകേസരി പത്രത്തിന് വേണ്ടി എഴുതിയതാണ് ആദ്യകഥയായ 'എന്റെ തങ്കം'. മലയാള കാല്പനിക സാഹിത്യലോകത്തിന്റെ പുതിയൊരദ്ധ്യായത്തിന്റെ തുടക്കമായിരുന്നു അത്. 1937 മുതൽ 1941 വരെയുള്ള കാലഘട്ടത്തിൽ തിരുവനന്തപുരത്ത് നിന്ന് പ്രസിദ്ധീകരിച്ച നവജീവൻ ആഴ്ചപ്പതിപ്പിലാണ് ആദ്യകാല കഥകൾ അച്ചടിച്ചുവന്നത്. കോഴിക്കോട് ബേപ്പൂറിൽ സ്ഥിരതാമസമാക്കിയ ബഷീർ 'ബേപ്പൂർ സുൽത്താൻ' എന്ന വിളിപ്പേരിലാണ് പിന്നീട് അറിയപ്പെട്ടത്. മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം എന്നീ കൃതികളും പൂവൻപഴം ഉൾപ്പെടെ 16 കഥകളുടെ ഒരു സമാഹാരവും ഓറിയന്റ് ലോങ്മാൻ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ബഹുഭാഷാ പണ്ഡിതനും ദ്രാവിഡ ഭാഷാ നിപുണനുമായ റൊണാൾഡ് ഇ ആഷറാണ് ബഷീർ സാഹിത്യത്തെ വിദേശികൾക്ക് പരിചയപ്പെടുത്തിയത്. 1994 ൽ ആയിരുന്നു അന്ത്യം.

## പ്രധാന കൃതികൾ

### നോവൽ

പ്രേമലേനം
ബാല്യകാലസഖി
ശബ്ദങ്ങൾ
ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!
മരണത്തിന്റെ നിഴലിൽ
മുച്ചീട്ടുകളിക്കാരന്റെ മകൾ
സ്ഥലത്തെ പ്രധാന ദിവ്യൻ
ആനവാരിയും പൊൻകുരിശും
ജീവിതനിഴൽപ്പാടുകൾ
പാത്തുമ്മായുടെ ആട്
മതിലുകൾ
താരാസ്പെഷ്യൽസ്
മാന്ത്രികപ്പൂച്ച
പ്രേം പാറ്റ

### ഡയറിക്കുറിപ്പുകൾ

അനുരാഗത്തിന്റെ ദിനങ്ങൾ

### കഥകൾ

ജന്മദിനം
ഓർമ്മക്കുറിപ്പ്
വിഡ്ഢികളുടെ സ്വർഗ്ഗം
പാവപ്പെട്ടവരുടെ വേശ്യ
വിശ്വവിഖ്യാതമായ മൂക്ക്
വിശപ്പ്
ഒരു ഭഗവത്ഗീതയും കുറെ മുലകളും
ആനപ്പൂട
ചിരിക്കുന്ന മരപ്പാവ
ഭൂമിയുടെ അവകാശികൾ
ശിങ്കിടിമുങ്കൻ
നീലവെളിച്ചവും മറ്റ് പ്രധാന കഥകളും
സ്വാതന്ത്ര്യസമരകഥകൾ

### ബാലസാഹിത്യം

സർപ്പയജ്ഞം

### തിരക്കഥ

ഭാർഗ്ഗവീനിലയം

### നാടകം

കഥാബീജം

### സ്മരണ

എം.പി. പോൾ
ഓർമ്മയുടെ അറകൾ

## ലഭിച്ച പുരസ്കാരങ്ങൾ

കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് (1970)

കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് (1970)

പത്മശ്രീ (1982)

മികച്ച കഥയ്ക്ക് സംസ്ഥാന ചലച്ചിത്ര അവാർഡ്–മതിലുകൾ (1989)

പ്രഥമ ലളിതാംബിക അന്തർജനം അവാർഡ് I മലയാളസാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്ക് (1992)

# ENRICH YOUR GK

**Anish P K, Shanavas S**

1 The World's first country to lower the voting age to 18 is
a. India b. America
c. Czechoslovakia d. Russia

2. International day for the elimination of violence against women is observed on
a. November 25 b. December 18
c . August 26 d. July 20

3. The President of India who gave assent to Information Technology Act 2005
a. Sanakar Dayal Sarma b. Pratibha Patil
c. K R Narayanan d. APJ Abdul Kalam

4. Who is known as Grand old man of Kerala
a .K P Kesava Dev b. K P Kesava Menon
c.K Kelappan d. S K Pottekkad

5. Indian Financial System Code ( IFSC) has …………. digits
a. 9 b.10
c. 11 d.12

6. Author of the book 'Socialism in a Changing World'



a. Prakash Karatt b. Sitaram Yechuri
c.Dr. Thomas Issac d. Vrinda Karatt

7. The Winner of ISL Football 2020 is
a. Mumbai City F C b. ATK Mohan Bagan
c. Pune Warriors d. F C Goa

8. World blood donor day is observed on
a.June 16 b.July 16
c. July 14 d. June 14

9. In whose reign was Quit India movement of 1942 launched by Mahatma Gandhi
a. Lord Canning b. Lord Wellesley
c. Lord Irwin d. Lord Linlithgow

10. India's first electric bus service at a high attitude was launched in
a. Jammu & Kashmir b. Sikkim
c. Himachal Pradesh d. Arunachal Pradesh

11. Which is the alkaloid that contains in Cola drink
a. Caffeine b. Tannic Acid
b. Citric Acid d. Zink

12. Another World is possible is the motto of
a. UNESCO
b. United Nations Organization UNO
c. World Social Forum d.SAARC

13. The most visited monument by tourists in the world is
a. Great Wall of China b. Taj Mahal
c. Burj Khalifa d. Eiffel Tower

14. Capital of Bulgaria is
a. Burgas b. Ruse
c. Sofia d. Varna

15. The leader of 'Global March' against child labour
a. Malala Yousafzai b. Kailash Sathayrthi
c. Shuji Nakamura d. Patrick Modiano

16. Strength's origin is in science is the motto of
a. Indian Army b. ISRO
c. ICMR d. DRDO

17. Who is known as Columbus of Cosmos
a. Neil Armstrong b. Sunitha Williams
c. Kalpana Chawla d. Yuri Gagarin

18. Currency of Bhutan is
a. Yuvaan b. Ngultrum
c. Taka d. None of these

19. The 29th member of United Nations Organization
a. Sri Lanka b. China
c. Japan d. India

20. The slogan 'Quit India' was coined by
a. Nehru b. Gandhiji
c. Yousaf Meharally d. A O Hume

21.An Insignificant Man directed by Khushboo Ranka is a documentary on
a. Amitabh Bachan b. Kapil Dev
c. Aravind Kejriwal d. Narendra Modi

22..The web portal launched by the government of India as a national digital infrastructure for teacher
a. Diksha b. Vidya
c. AIM d. EXCEL

23. Phnom Penh is the Capital of
a. Uganda b. Cambodia
c. Uruguay d. Estonia

24. The time taken by the sun to complete one orbit of the Milky Way is called
a. Solar Year b. Light Year
c. Galactic Year d. None of these


25. Queensberry Rules are associated with
a. Badminton b. Boxing
c. Tennis d. Cricket

26. Who was known as the Lion of Bombay
a. Lala Lajapat Ray b. Pherozeshah Mehta
c. Bal Gangadhar Thilak d. Bhagath Singh

27. Ziauddin Barani's *Tarikh-i- firuz shahi* interprets the history of
a. Tuglaks b. Mughals
c. Delhi Sultanate d. Ghaszavid Empire

28. Untouchability was abolished under
a. Article 17 b. Article 24
c. Article 44 d. Article 42

29. Father of Indian Telecom Industry



a. J C Bose b. Sam Pitorda
c. JRD Tata d. Rajiv Gandhi

30. Agnes Gonxha Bojaxhiu is the actual name of
a. Sister Nivedita b. Sonia Gandhi
c. Mother Theresa d. Madam Curie

31. The short title, i.e., "This Constitution may be called The Constitution of India", is mentioned in Article:
a.Article: 1(1) b. Article: 393
c. Article: 395 d. Article: 1(3)(b)

32. Rights under Article 19(1) of The Constitution of India are available to:
A.Juristic persons
B. Natural persons and Juristic persons
C. All the citizens D. All the above

33. By which amendment Article 21A regarding right to education is inserted in the Constitution?
a.Constitution (Eighty-third amendment) Act, 2000
b.Constitution (Ninety-forth amendment) Act, 2006
c.Constitution (Ninety-fifth amendment) Act, 2009
d.Constitution (Eighty-sixth amendment) Act, 2002

34. Attorney General for India shall receive such remuneration which may be determined by
a.Supreme Court b. President
c. Parliament d. Ministry of Finance

35. The reports of the Comptroller and Auditor-General of India relating to the accounts of a State shall be submitted to the Governor of the State who shall cause them to be:
a.forwarded to the Parliament
b.submitted to the President
c.laid before the Legislature of the State
d.submitted to Ministry of Finance which shall then be laid before Parliament

36. As per Article 24 of The Constitution of India children below which age shall not be employed to work in any factory or mine or engaged in any other hazardous environment?
a.14 years b. 16 years
c. 18 years d. 12 years

37. According to Article 196(3) by reason of prorogation of House or Houses thereof, a bill pending in the Legislature of a State:
a. Shall lapse b. Shall not lapse
c. Shall deemed to have been passed
d. None of these

38. What is regarded as the Magna Carta of Indian Constitution?
a.Preamble b. Citizenship
c. Fundamental rights d. Writ

39. Equal justice and free legal aid is provided in:
a. Article 3 b. Article 39A
c. Article 43 d. Article 43A

40. The Constitution of India is enacted on:
a.26th January, 1950 b.26th November, 1950
c.26th November, 1949 d.29th November, 1949

41. The ancient Greeks referred Indians as
a. Hinds b. Aryavarthas
c. Hindustanis d. Indoi

42. Ibn Battuta the traveller and scholar who visited India during the reign of Muhammad-bin-Tughlaq was from
a. Morocco b. Iran
c. Algeria d. Turkey

43. The Pala Dynasty was founded by Gopala around
a.750 CE B. 950 CE
c. 450 CE d. 1200 CE

44. The foreign traveller and writer Duarte Barbosa was from
a. France b. Portugal
c. Italy d. Brazil

45. Amir Khusru served as courtier and royal poet composed *Miftah-ul- Futuh* in praise of the victories of
a. Jalaluddin Firuz Khalji b. Alauddin Khalji
c. Muhammad bin Tughluq d. None of the above

46. The 'Journey beyond Three Seas' is a book written by ancient traveller and writer
a. Marco Polo b. Ibn Battuta
c. Afanasy Nikitin d. Domingo Paes

47. The study of old inscriptions is known as
a. Archeology b. Epigraphy
c.Demography d. None of these

48. Who founded the ancient Vikramshila University
a. Devapala b. Dharmapala
c. Mahipala d. Kanishka

49. Professor Alfred Wegener's Origin of Continents and Oceans was published in the year
a. 1915 b.1815
b.1925 d.1825

50. The program that aims at providing additional employment and food security in the rural areas is
a. Mahatma Gandhi National Rural Employment Guarantee Act
b. Indira Awas Yojana
c. Pradhan Manthri Gramodaya Yojana
d. Sampoorna Grameen Rozgar Yojana

## Answers

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1.c | 2.a | 3.c | 4.b | 5.c | 6.b | 7.a | 8.d | 9.d |
| 10.c | 11.a | 12.c | 13.d | 14.c | 15.b | 16.d | 17.d | 18.b |
| 19.d | 20.c | 21.c | 22.a | 23.b | 24.c | 25.b | 26.b | 27.c |
| 28.a | 29.b | 30.c | 31.b | 32.c | 33.d | 34.b | 35.c | 36.a |
| 37.b | 38.c | 39.b | 40.c | 41.d | 42.a | 43.a | 44.b | 45.a |
| 46.c | 47.b | 48.b | 49.a | 50.d | | | | |

# അനുപ്രയോഗ വിശേഷങ്ങൾ 7

മലയാള ഭാഷയെയും വ്യാകരണത്തെയും പരിചയപ്പെടുത്തിക്കൊണ്ട് മുൻ അദ്ധ്യാപകൻ ഡോ. ബി ബാലചന്ദ്രൻ എഴുതുന്ന പരമ്പര

I. "വെറുതെ തമ്മിൽ നോക്കി–
യിരുന്നു **പോയീ,** കണ്ണിൽ
വെറുതേ നിലാവു വീണിളകി**പ്പോയീ**
ചുണ്ടിൽ
വെറുതെ ചിരിവന്നതമർത്തി**പ്പോയീ**, ചെന്നു
വെറുതേ കടൽക്കാറ്റേറ്റിരുന്നു**പോയീ**, പിന്നെ
വെറുതേ കരം കോർത്തു പിടിച്ചും കൊണ്ടാക്കരിം
തിരകൾക്കിടയിലേയ്ക്കിറങ്ങി**പ്പോയീ**, വെറും
വെറുതേയൊരു പ്രേമം!"

**(വെറുതേ – സുഗതകുമാരി)**

II. "വരയ്ക്കുന്നവനരികിലൂടെ
പാടുമ്പോളിളകുന്ന കൈകളെപ്പോലെ
ശലഭങ്ങൾ
മഞ്ഞഫ്രോക്ക്
വരച്ചു പോകു**മായിരിക്കും"**

**(ഒരു കൈ മറ്റൊരു കൈ വരയ്ക്കുമ്പോൾ)**
**– ബിനു എം പള്ളിപ്പാട്**



III. കായലിനക്കരെ
പോകാനെനിക്കൊരു
കളിവള്ളമുണ്ടാ**യിരുന്നു**
ഇത്തിരിനേരം
തുഴഞ്ഞുതരാനൊരു
മുത്തശ്ശിയുണ്ടാ**യിരുന്നു**."

**(വയലാർ രാമവർമ്മ)**

ഇരുന്നുപോയി, ഇളകിപ്പോയി, ഇറങ്ങിപ്പോയി, പൊയ്ക്കളഞ്ഞു, പ്രകാശിപ്പിച്ചു കൊള്ളുന്നു. പറഞ്ഞുതീർത്തു – ഈ പ്രയോഗങ്ങളിലെല്ലാം രണ്ടു ക്രിയാ പദങ്ങളുണ്ട്, മുമ്പിലും പിമ്പിലും. ഇരുന്നു,ഇളകി, ഇറങ്ങി, പോയി, പ്രകാശിപ്പിച്ചു പറഞ്ഞു – എന്നീ പ്രധാന ക്രിയകളുടെ അർത്ഥത്തെ വിശേഷിപ്പിച്ചുകൊണ്ടാണ് 'പോയി'യും 'കളഞ്ഞു'വും 'കൊള്ളുന്നു'വും 'തീർത്തു'വും നിലകൊള്ളുന്നത്. ഇത്തരത്തിലെ ക്രിയകളെ **അനുപ്രയോഗം** എന്നു വിളിക്കുന്നു. മുൻ പ്രയോഗമായിരിക്കുന്ന ക്രിയകളെ **പ്രാക്പ്രയോഗം** എന്നാണ് വിശേഷിപ്പിക്കുന്നത്.

പോകുമാ**യിരിക്കും** – എന്ന പ്രയോഗത്തിലെ 'ഇരിക്കും' എന്ന ക്രിയ വരുംകാലത്തെ സൂചിപ്പിക്കുന്നു.

ഉണ്ടായിരുന്നു – എന്ന ക്രിയയിലെ (ഉൾ) 'ഉണ്ട്' – എന്നത് ഖിലധാതുവാണ്.


(ഇൽ) – ഇല്ലായിരുന്നു, (അൽ) – അല്ലായിരുന്നു – എന്നീ ക്രിയകളൊക്കെത്തന്നെ ഖിലധാതുക്കളിൽ നിന്നുണ്ടായ ക്രിയാരൂപങ്ങളാണ്.

ക്രിയക്ക് വിശേഷമായ അർത്ഥം നൽകുന്ന അനുപ്രയോഗത്തെ **ഭേദകാ** (വിശേഷണം) **നുപ്രയോഗം** എന്നു പറയുന്നു.

"പാടുവാൻ മറന്നു **പോയ്**" – (അനഘ) എന്നാരംഭിക്കുന്ന സിനിമാ ഗാനം എഴുതിയത് ജോസഫ് ഒഴുകയിലാണ്. ഇവിടെ മറവി സംഭവിച്ചത് ഒരു സവിശേഷാനുഭവമായി ധ്വനിപ്പിച്ചിരിക്കുകയാണ്. ദേദകാനുപ്രയോഗത്തിന് ഇതിലും മധുരമായ മറ്റൊരുദാഹരണം വേണ്ടല്ലോ.

ക്രിയയുടെ കാലത്തെ അടയാളപ്പെടുത്തുന്ന അനുപ്രയോഗത്തെ **കാലാനുപ്രയോഗം** എന്നു വിളിക്കുന്നു.

"ഒരു വിഡ്ഢിവേഷം പിറന്നു**വീഴുന്നുണ്ടു**
യവനികയ്ക്കുള്ളിൽ,
വെളിച്ചം തിരക്കിട്ടു തെളിയുന്നു
മാലാഖമാരും **വരുന്നുണ്ട്** (രാഹുലൻ ഉറങ്ങുന്നില്ല)



കുരീപ്പുഴ ശ്രീകുമാറിന്റെ പ്രസിദ്ധമായ കവിതയിലെ വരികളാണ്. വീഴുന്നുണ്ട്, വരുന്നുണ്ട് – എന്നീ കൃത്യമായൊരു കാലത്തെ സൂചിപ്പിക്കുന്നതിനാൽ **കാലാനുപ്രയോഗ**മാണ്.

"ഈരേഴുപതിന്നാലു ലോകങ്ങൾക്കു –
മൊരീശ്വരനുണ്ടോ ഇല്ലയോ
**ഉണ്ടായിരിക്കാം, ഇല്ലായിരിക്കാം**
കണ്ടിട്ടുള്ളവരില്ലല്ലോ"

**(വയലാർ)**



വര: സന

'യുദ്ധകാണ്ഡം' എന്ന നാടകത്തിലെ അർത്ഥഗർഭമായ ഈ ഗാനത്തിലെ ഖിലധാതുക്കളെ പൂരിപ്പിച്ചുണ്ടാക്കിയ പ്രയോഗങ്ങളെ **പൂരണാനുപ്രയോഗം** എന്നാണ് വിളിക്കുക.

'എവിടെയോ കളഞ്ഞുപോയ കൗമാരം...
ഇന്നെന്റെ ഓർമയിൽ തിരയുന്നു'

**(ബിച്ചുതിരുമല)**

ജീവിതമേൽപ്പിച്ച യാതനകൾ നിമിത്തം കൗമാരം കളഞ്ഞു – 'പോയി' എന്ന അനുപ്രയോഗം കൊണ്ട് മനഃപൂർവമല്ലാതെ സംഭവിച്ചതാണെന്ന് വിശേഷിപ്പിച്ചിരിക്കുകയാണ്.

| | | | |
|---|---|---|---|
| ദേദകാനു പ്രയോഗം | കൊൾ | – കൊള്ളുന്നു | – അഭ്യർത്ഥിച്ചു**കൊള്ളുന്നു** |
| | കള | – കളഞ്ഞു | – തിരുത്തി**ക്കളഞ്ഞു** |
| | അരുൾ | – അരുളുന്നു | – തൊഴുതരു**ളുന്നു** |
| | തീര് | – തീർത്തു | – പറഞ്ഞുതീ**ർത്തു** |
| | കഴി | – കഴിഞ്ഞു | – സംഭവിച്ചു**കഴിഞ്ഞു** |

| | | |
|---|---|---|
| കാലാനു പ്രയോഗം | പാടി**യിട്ടുണ്ട്** | – ഭൂതകാല സൂചന |
| | പാടി**യിരുന്നു** | – ഭൂതകാല സൂചന |
| | പാടി**യിട്ടുണ്ടായിരുന്നു** | – ഭൂതകാല സൂചന |
| | പാടി**യിരിക്കുന്നു** | – ഭൂതകാല സൂചന |
| | പാടി**യിരിക്കും** | – ഭാവികാല സൂചന |
| | പാടു**ന്നുണ്ട്** | – ഭാവികാല സൂചന |
| | പാടു**ന്നുണ്ടായിരുന്നു** | – ഭൂതകാല സൂചന |
| | പാടു**ന്നുണ്ടാവും** | – ഭാവികാലസൂചന |

ഭൂത ഭാവി കാലങ്ങൾക്ക് കൃത്യമായ പരിധി നിർണയിക്കുവാൻ ഇട്ടുണ്ട്, ഇരുന്നു, ഇട്ടുണ്ടായിരുന്നു, ഇരിക്കുന്നു, ഇരിക്കും, ഉണ്ട്, ഉണ്ടായിരുന്നു, ഉണ്ടാവും എന്നീ അനുപ്രയോഗങ്ങൾ നിമിത്തം സാധിച്ചിരിക്കുന്നു.

| | | |
|---|---|---|
| പൂരണാനു പ്രയോഗം | ഉണ്ട് | – ഉണ്ടായിരുന്നു |
| | ഇൽ | – ഇല്ലായിരുന്നു |
| | വേൺ + അം | – വേണമായിരുന്നു |
| | അൽ | – അല്ലായിരുന്നു |
| | അരു | – അരുതായിരുന്നു |
| | തക്ക് | – തക്കതായിരുന്നു |

ഉറച്ചുപോയ ക്രിയാരൂപങ്ങൾക്ക് വൈവിധ്യം സൃഷ്ടിച്ചിരിക്കുകയാണ്.

'ഉണ്ട്' എന്ന ഖിലധാതുവിനെ അനുപ്രയോഗത്താൽ പൂരിപ്പിക്കുമ്പോൾ മാത്രമേ പൂരണാനുപ്രയോഗമാവുകയുള്ളൂ. പക്ഷേ 'പോയി**ട്ടുണ്ട്**' എന്നതിലെ 'ഉണ്ട്', പോയിട്ട് എന്ന പ്രാക് പ്രയോഗത്തിന്റെ കാലത്തെ അടയാളപ്പെടുത്തുന്ന അനുപ്രയോഗമാണ് (കാലാനുപ്രയോഗം).

## ചുരുക്കം

പ്രാക് പ്രയോഗം : പ്രധാന ക്രിയ (മുമ്പ് പ്രയോഗിക്കുന്നത്) ഉദാ: **വരുന്നുണ്ട്**

അനുപ്രയോഗം : പ്രധാന ക്രിയയെ തുടർന്ന് പ്രയോഗിക്കുന്നത് (ഉദാ: ചെയ്തു**കളഞ്ഞു**)

ഭേദകാനു പ്രയോഗം : ക്രിയയുടെ അർത്ഥത്തെ വിശേഷിപ്പിക്കുന്നത് (ഉദാ: മറന്നു**പോയി**)

കാലാനുപ്രയോഗം : ക്രിയയുടെ കാലത്തെ നിർണയിക്കുന്ന അനുപ്രയോഗം (ഉദാ: **പോകുന്നുണ്ട്**)

പൂരണാനുപ്രയോഗം : ഉറച്ചുപോയ ചില ക്രിയാരൂപങ്ങളെ (ഖിലധാതുക്കൾ) പൂരിപ്പിച്ചുണ്ടാക്കുന്നത്. (ഉദാ: **ഉണ്ടായിരുന്നു**)

## ചോദ്യമാതൃകകൾ

1. പൂരണാനുപ്രയോഗത്തിന് ഉദാഹരണമേത്?
(എ). ചെയ്തിട്ടുണ്ട് (ബി) മറന്നുകളഞ്ഞു
(സി) ചെയ്തിരുന്നു (ഡി) ഉണ്ടായിരുന്നു
**(ഉത്തരം : ഡി)**
2. ഭേദകാനുപ്രയോഗത്തിന് ഉദാഹരണമേത്?
(എ) വന്നുപോയി (ബി) ഇല്ലായിരുന്നു
(സി) വരവുണ്ട് (ഡി) വരവുണ്ടാകും
**(ഉത്തരം : എ)**
3. കാലാനുപ്രയോഗത്തിന് ഉദാഹരണമേത്?
(എ) വരുത്തിക്കളഞ്ഞു (ബി) വന്നിരുന്നു
(സി) ഇരുന്നരുളുന്നു (ഡി) ഇല്ലായിരിക്കാം
**(ഉത്തരം : ബി)**

# പൊതു വിജ്ഞാനദർപ്പണം

1 ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെട്ടത്- **സമുദ്രഗുപ്തൻ**

2 കേരള ഗവർണറായ ആദ്യ വനിത-**ജ്യോതി വെങ്കിടാചലം**

3 റിപ്പബ്ലിക് ദിനപ്പരേഡ് ഡൽഹിയിൽ എവിടെയാണ് നടക്കുന്നത്- **രാജ്പഥ്**

4 സർദാർ വല്ലഭ്ഭായി പട്ടേൽ നാഷണൽ പൊലീസ് അക്കാദമി എവിടെയാണ്- **ഹൈദരാബാദ്**

5 ചെടികളെ ചെറിയരൂപത്തിൽ വളർത്തുന്ന ക



ല- **ബോൺസായ്**

6 ബെയ്ക്കൽ തടാകം ഏത് രാജ്യത്ത്- **റഷ്യ**

7 വിക്രം സാരാഭായ് സ്പേസ് സെന്റർ എവിടെയാണ്- **തുമ്പ (തിരുവനന്തപുരം)**

8 ഇരുമ്പിന്റെ കുറവുമൂലമുണ്ടാകുന്ന അസുഖം - **അനീമിയ**

9 ഗൾഫു രാജ്യങ്ങളിലെ ദ്വീപ്- **ബഹറിൻ**

10 ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപവത്കൃതമായ വർഷം- **1885**

11 ഭൂദാനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്- **ആചാര്യ വിനോബാ ഭാവെ**

12 ലോകത്തെ ഏറ്റവും വലിയ മരുഭൂമി- **സഹാറ**

13 മനുഷ്യന്റെ സാധാരണ രക്ത സമ്മർദ്ദം **-120/80**

14 ആര്യസമാജം സ്ഥാപിച്ചത്- **ദയാനന്ദ് സരസ്വതി**

15 ഇന്ത്യയിലെ ഒന്നാമത്തെ പൗരൻ- **പ്രസിഡന്റ്**

16 രക്തത്തിനു ചുവപ്പുനിറം നൽകുന്ന വസ്തു - **ഹീമോഗ്ലോബിൻ**

17 ആദ്യത്തെ മലയാള നോവൽ- **ഇന്ദുലേഖ**

18 അട്ടപ്പാടി ഏത് ജില്ലയിലാണ്- **പാലക്കാട്**

19 ഒരു ഗ്രോസ് എത്ര എണ്ണം- **144**

20 ഇന്ത്യയുടെ ദേശീയഗീതമായ വന്ദേമാതരം രചിച്ചത്- **ബങ്കിം ചന്ദ്ര ചാറ്റർജി**

21 നാശകാരിയായ നദി എന്നറിയപ്പെടുന്നത്- **കോസി**

22 ഇന്ത്യയിൽ തേയിലയും കാപ്പിയും കൃഷിചെയ്യുന്ന പ്രദേശം- **ദക്ഷിണേന്ത്യ**

23 പാചകം ചെയ്യുമ്പോൾ ധരിക്കാൻ ഏറ്റവും അനുയോജ്യമായ വസ്ത്രം- **പരുത്തി**

24 നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്- **കർണാൽ**

25 ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ് - **ന്യൂഡൽഹി**

26 ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം-**ഡെറാഡൂൺ**

27 സെൻട്രൽ പൊട്ടറ്റോ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്-**ഷിംല**

28 സെൻട്രൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്- **കട്ടക്ക്**

29 ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം- **ഇന്ത്യൻ റെയിൽവേ**

30 ഒരു ലിറ്റർ ജലത്തിന്റെ ഭാരം- **1000 ഗ്രാം**

31 അന്റാർട്ടിക്കയോട് ഏറ്റവും അടുത്തുള്ള ഭൂഖണ്ഡം- **തെക്കേ അമേരിക്ക**

32 റഷ്യൻ വിപ്ലവത്തിന്റെ പ്രധാന നേതാവ്- **ലെനിൻ**

33 ഹിരാക്കുഡ് അണക്കെട്ട് ഏത് നദിയിലാണ് - **മഹാനദി**

34 ജൂഹു ബീച്ച് എവിടെയാണ്- **മുംബൈ**

35 തംസ് അപ് എന്തുതരം ഉൽപന്നമാണ്- **ബിവറേജ്**

36 ഓട്ടിസ് എന്തുതരം ഉൽപന്നമാണ്- **ലിഫ്റ്റ്**

37 കാഡ്ബറിസ് എന്തുതരം ഉൽപന്നമാണ്- **മിഠായി**

38 വിവേകാനന്ദ പാറ ഏത് സംസ്ഥാനത്താണ്- **തമിഴ്നാട്**

39 ബക്കിംഗ്ഹാം കൊട്ടാരം ആരുടെ വസതിയാണ്- **ബ്രിട്ടീഷ് മൊണാർക്ക് (രാജാവ്/ രാജ്ഞി)**

40 വൈറ്റ് ഹൗസ് ആരുടെ ഔദ്യോഗിക വസതിയാണ്- **യു.എസ്.പ്രസിഡന്റ്**

41 ഇന്ത്യയിൽ ആണ്ടിലെ ഏറ്റവും നീളം കുറഞ്ഞ ദിവസം- **ഡിസംബർ 22**

42 ഗാന്ധിജിയുടെ ജനനം എന്നാണ്- **1869 ഒക്ടോബർ 2**

43 ഇന്ത്യയുടെ ദേശീയ ചിഹ്നം- **അശോകസ്തംഭം**

44 സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന ഗ്രഹം- **ബുധൻ**

45 ഭൂകമ്പതരംഗങ്ങളുടെ തീവ്രത അളക്കുന്ന ഉപകരണം- **സീസ്മോഗ്രാഫ്**

46 ഡച്ച് ഈസ്റ്റ് ഇൻഡീസ് എന്നറിയപ്പെട്ടിരുന്നത്- **ഇന്തോനീഷ്യ**

47 അമേരിക്ക കണ്ടെത്തിയത്- **ക്രിസ്റ്റഫർ കൊളംബസ്**

48 ഇൻസുലിൻ കണ്ടുപിടിച്ചത്- **ഫ്രഡറിക് ബാന്റിംഗ്, ചാൾസ് ബസ്റ്റ്**

49 എസ്.കെ. പൊറ്റക്കാട്ടിന് ജ്ഞാനപീഠം ലഭിച്ച വർഷം - **1980**

50 കെന്നഡി വധിക്കപ്പെട്ട വർഷം- **1963**

51 1986-ൽ കാണപ്പെട്ട വാൽനക്ഷത്രം- **ഹാലി**

52 എവിടെയാണ് ചൈതന്യ ഭക്തിപ്രസ്ഥാനം പ്രചരിപ്പിച്ചത്- **ബംഗാൾ**

53 സർവരാജ്യസഖ്യം ഏതുവർഷമാണ് നിലവിൽ വന്നത്- **1920**

54 സസ്യങ്ങളുടെ പ്രതികരണശേഷി തെളിയിച്ച ശാസ്ത്രജ്ഞൻ- **ജെ.സി.ബോസ്**

55 ദക്ഷിണേന്ത്യയിൽനിന്നും പ്രധാനമന്ത്രിയായ രണ്ടാമത്തെ വ്യക്തി- **ദേവഗൗഡ**

56 ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചത്- **അലി സഹോദരൻമാർ**

57 ഡേവിസ് കപ്പ് ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- **ലോൺ ടെന്നീസ്**

58 ഏറ്റവും ഉയരത്തിലുള്ള പീഠഭൂമി- **പാമീർ**

59 ഹാങ്ങിംഗ് ഗാർഡൻ എവിടെയായിരുന്നു- **ബാബിലോൺ**

60 സ്ഫിൻക്സ് ഏത് രാജ്യത്താണ്- **ഈജിപ്ത്**

61 പിസയിലെ ചരിഞ്ഞ ഗോപുരം ഏത് രാജ്യ



ത്താണ്- **ഇറ്റലി**

62 ഏറ്റവും വലിയ ഗ്രഹം- **വ്യാഴം**

63 സ്കൗട്ട് പ്രസ്ഥാനം സ്ഥാപിച്ചത്- **ബേഡൻ പവൽ**

64 എമ്പയർ സ്റ്റേറ്റ് ബിൽഡിംഗ് ഏത് രാജ്യത്താണ്- **യുഎസ്എ**

65 ഏറ്റവും വലിയ തടാകം- **കാസ്പിയൻ കടൽ**

66 ചൈനയുടെ ദുഖം എന്നറിയപ്പെടുന്ന നദി- **ഹൊയാങ്ഹോ**

67 ഏതു രാജ്യത്തെ ലിപിയായിരുന്നു ഹീറോഗ്ലിഫിക്സ്- **ഈജിപ്ത്**

68 ആദ്യമായി ഹൈഡ്രജൻ ബോംബുണ്ടാക്കിയത്- **എഡ്വേർഡ് ടെല്ലർ**

69 ബൈഫോക്കൽ ലെൻസ് കണ്ടുപിടിച്ചതാര് - **ബെഞ്ചമിൻ ഫ്രാങ്ക്ളിൻ**

70 പാക് കടലിടുക്ക് ഏതെല്ലാം രാജ്യങ്ങൾക്കിടയിൽ- **ഇന്ത്യ- ശ്രീലങ്ക**

71 ലോകത്തിലെ ഏറ്റവും വലിയ ഡൽറ്റ- **സുന്ദർബൻസ്**

72 ലോകത്തിലെ ഏറ്റവും വലിയ ദ്വീപസമൂഹം - **ഇന്തൊനീഷ്യ**

73 പാട്രിസ് ലുംമുംബ ആരാണ്- **കോംഗോയുടെ സ്വാതന്ത്ര്യസമരനായകൻ**

74 ശക വർഷത്തിലെ ആദ്യത്തെ മാസം- **ചൈത്രം**

75 ഇന്തോനിഷ്യയുടെ നാണയം- **റുപ്പിയ**

76 ഇന്ത്യൻ കറൻസി ദശാംശ സംവിധാനത്തിലേക്ക് മാറിയ വർഷം- **1957**

77 സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ഗവർണർ ജനറൽ- **മൗണ്ട്ബാറ്റൻ പ്രഭു**

78 പാടലനഗരം(പിങ്ക് സിറ്റി) എന്നറിയപ്പെടുന്നത്- **ജയ്പൂർ**

79 സഞ്ജയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടത്- **എം.രാമുണ്ണി നായർ**

80 അന്താരാഷ്ട്രനീതിന്യായ കോടതിയുടെ ആസ്ഥാനം- **ഹേഗ്**

81 ബംഗാളിന്റെ ദുഃഖം എന്നറിയപ്പെടുന്ന നദി- **ദാമോദർ**

82 രണ്ടാം ലോക മഹായുദ്ധം അവസാനിച്ച തീയതി- **1945 സെപ്തംബർ രണ്ട്**

83 പിയറി ക്യൂറിയ്ക്കൊപ്പം റേഡിയം കണ്ടുപി



ടിച്ചത്- **മേരി ക്യൂറി**

84 ഇരുണ്ട ഭൂഖണ്ഡം എന്നറിയപ്പെടുന്നത്- **ആഫ്രിക്ക**

85 പ്ലാസി യുദ്ധം നടന്ന വർഷം - **1757**

86 പണ്ഡിറ്റ് രവിശങ്കറുമായി ബന്ധപ്പെട്ട സംഗീതോപകരണം- **സിതാർ**

87 മാലി എന്ന സാഹിത്യകാരന്റെ യഥാർഥപേര്- **മാധവൻനായർ**

88 ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം വൈക്കം സത്യാഗ്രഹ സമയത്ത് നിരീക്ഷകനായി എത്തിയത്- **വിനോബാ ഭാവെ**

89 സ്വാതന്ത്ര്യഗാഥ രചിച്ചത്- **കുമാരനാശാൻ**

90 അദ്ധ്യാത്മയുദ്ധം രചിച്ചത്- **വാഗ്ഭടാനന്ദൻ**

91 പെരിനാട് സമരം നയിച്ചത്- **അയ്യങ്കാളി**

92 പാലിന്റെ ഗുണനിലവാരം അളക്കാനുപയോഗിക്കുന്നത്- **ലാക്ടോമീറ്റർ**

93 കേരള കാളിദാസൻ എന്നറിയപ്പെട്ടത്- **കേരളവർമ വലിയ കോയിത്തമ്പുരാൻ**

94 യൂറോപ്പിന്റെ കളിസ്ഥലം എന്നറിയപ്പെടുന്ന രാജ്യം- **സ്വിറ്റ്സർലൻഡ്**

95 ആവി യന്ത്രം കണ്ടുപിടിച്ചത്- **ജെയിംസ് വാട്ട്**

96 പെനിസെലിൻ കണ്ടുപിടിച്ചത്- **അലക്സാണ്ടർ ഫ്ളമിംഗ്**

97 വാഹനങ്ങളുടെ വേഗം അളക്കുന്ന ഉപകരണം- **സ്പീഡോമീറ്റർ**

98 കേരള ഇബ്സൻ എന്നറിയപ്പെട്ടത്- **എൻ കൃഷ്ണപിള്ള**

99 ബ്ളൂ മൗണ്ടൻസ് എന്നറിയപ്പെടുന്നത്- **നീലഗിരി**

100 രംഗസ്വാമി കപ്പ് എന്തുമായി ബന്ധപ്പെട്ടതാണ്- **ഹോക്കി**

101 ബുദ്ധന് ദിവ്യജ്ഞാനം ലഭിച്ച സ്ഥലം- **ബോധ്ഗയ**

102 കേരള നിയമസഭയിലെ ആകെ അംഗങ്ങൾ- **141**

103 പ്രകാശം ഒരു വർഷംകൊണ്ട് സഞ്ചരിക്കുന്ന ദൂരമാണ് - **പ്രകാശവർഷം**

104 ഏറ്റവും പുരാതനമായ വേദം- **ഋഗ്വേദം**

105 ഇന്ത്യ ആദ്യ കൃത്രിമോപഗ്രഹമായ ആര്യഭട്ട വിക്ഷേപിച്ച തീയതി- **1975 ഏപ്രിൽ 19**

106 ബഹിരാകാശത്തുപോയ ആദ്യ ഇന്ത്യക്കാരൻ - **രാകേഷ് ശർമ**

107 സിഖു മതം സ്ഥാപിച്ചത്- **ഗുരു നാനാക്ക്**

108 മഹാത്മാഗാന്ധി വധിക്കപ്പെട്ടത്- **1948 ജനുവരി 30**

109 ഡോ. കെ.എൻ.രാജ് ഏത് നിലയിലാണ് പ്രസിദ്ധൻ- **ഇക്കണോമിസ്റ്റ്**

110 കൊല്ലവർഷം തുടങ്ങിയത്- **എ.ഡി. 825**

111 ചരിയുന്ന ഗോപുരം എവിടെയാണ്-**പിസ**

112 ഗ്രാൻഡ് കാന്യൻ ഏത് രാജ്യത്താണ്- **യുഎസ്എ**

113 സോഡാവെള്ളത്തിൽ ഉപയോഗിക്കുന്ന വാതകം- **കാർബൺ ഡയോക്സൈഡ്**

114 ശ്രീശങ്കരാചാര്യർ ജനിച്ച സ്ഥലം- **കാലടി**

115 രാത്രിയുടെയും പകലിന്റെയും നീളം തുല്യമാകുന്നത് സൂര്യൻ ......... രേഖയ്ക്ക് മുകളിൽ വരുമ്പോളാണ്- **ഭൂമധ്യരേഖ**

116 ഏറ്റവും വലിയ ദ്വീപ്- **ഗ്രീൻലൻഡ്**

117 പറക്കുന്ന സസ്തനം -**വവ്വാൽ**

118 ബഹിരാകാശ സഞ്ചാരിയായ ആദ്യ വനിത - **വാലന്റീന തെരഷ്കോവ**

119 ബാരോമീറ്റർ കണ്ടൺുപിടിച്ചത്- **ടോറിസെല്ലി**

120 ലേ വലേസ ഏത് രാജ്യക്കാരനാണ്- **പോളണ്ട്**

121 യൂറി ഗഗാറിൻ ഏത് രാജ്യക്കാരനാണ്- **മുൻ സോവിയറ്റ് യൂണിയൻ**

122 ബട്ടർഫ്ളൈ സ്ട്രോക്ക് ഏത് കായികഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു- **നീന്തൽ**

123 പെനാൽട്ടി കോർണർ ഏത് കായികഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു-**ഫുട്ബോൾ**

124 നിശാന്ധതയുണ്ടൺകുന്നത് ഏത് വിറ്റാമിന്റെ കുറവുമൂലമാണ്- **വിറ്റാമിൻ എ**

125 സ്വന്തമായി ഹൈക്കോടതിയുള്ള കേന്ദ്രഭരണപ്രദേശം- **ഡൽഹി**

126 സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥിതി ചെയ്യുന്നു- **ശ്രീകാര്യം**

127 രഞ്ജി ട്രോഫി ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- **ക്രിക്കറ്റ്**

128 മനുഷ്യശരീരത്തിന്റെ ഊഷ്മാവ് എത്ര ഫാരൻഹീറ്റാണ്- **98.4**

129 മന്ത് പരത്തുന്ന ജീവി- **ക്യൂലക്സ് കൊതുക്**

130 ബന്ദിപ്പൂർ നാഷണൽ പാർക്ക് ഏതു സംസ്ഥാനത്ത്- **കർണാടകം**

131 സുവർണക്ഷേത്രം എവിടെയാണ്- **അമൃത്സർ**


132 ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഭൂപടത്തിൽ വരയ്ക്കുന്ന രേഖ- **കോണ്ടൂർ രേഖ**

133 കലിംഗ പ്രൈസ് ഏത് രംഗത്തെ മികവിനെ അംഗീകരിക്കാനാണ് നൽകുന്നത്- **ശാസ്ത്രത്തെ ജനപ്രിയമാക്കുന്നതിന്**

134 ഇന്ത്യൻ നാഷണൽ കോൺഗ്രസ് പൂർണസ്വരാജ് പ്രമേയം പാസാക്കിയ വർഷം- **1929 (ലാഹോർ)**

135 പിത്തരസം ഉല്പാദിപ്പിക്കുന്ന ഗ്രന്ഥി- **കരൾ**

136 സാരേ ജഹാം സേ അഛ്ഛാ.... രചിച്ചത്- **മുഹമ്മദ് ഇക്ബാൽ**



137 ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള മലനിര- **ആരവല്ലി**

138 പ്രാചീന ഇന്ത്യയിലെ പ്രശസ്തനായ നിയമദാതാവ്- **മനു**

139 ഇന്ത്യ ഡിവൈഡഡ് (വിഭക്ത ഭാരതം) ആരുടെ കൃതിയാണ്- **ഡോ. രാജേന്ദ്ര പ്രസാദ്**

140 ചെസിൽ ഗ്രാൻഡ് മാസ്റ്റർ പദവി നേടിയ ആദ്യ ഇന്ത്യൻ താരം- **വിശ്വനാഥൻ ആനന്ദ്**

141 മഹാബലിപുരം ഏത് സംസ്ഥാനത്താണ്- **തമിഴ്നാട്**

142 പാണ്ഡവൻമാരുടെ മൂത്ത സഹോദരൻ- **യുധിഷ്ഠിരൻ**

143 കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ കടൽ- **അറബിക്കടൽ**

144 1956നുമുമ്പ് കേരളത്തിലുണ്ടായിരുന്ന മൂന്ന് ഘടകങ്ങൾ- **തിരുവിതാംകൂർ, കൊച്ചി, മലബാർ**

145 കാസിരംഗ നാഷണൽ പാർക്ക് ഏതു സംസ്ഥാനത്ത്- **അസം**

146 യുനെസ്കോയുടെ ആസ്ഥാനം- **പാരീസ്**

147 സ്കർവി എന്ന രോഗം ഏതു വിറ്റാമിന്റെ കുറവുമൂലമാണ് ഉൺണ്ടാകുന്നത്- **വിറ്റമിൻ സി**

148 രാജ്യസഭയുടെ അധ്യക്ഷൻ- **ഉപരാഷ്ട്രപതി**

149 അച്ചിപ്പുടവ സമരം നയിച്ചത്- **ആറാട്ടുപുഴ വേലായുധ പണിക്കർ**

150 ജാതിനിർണയം രചിച്ചത്-**ശ്രീനാരായണഗുരു**

# LANGUAGE CORNER

**ഇംഗ്ലീഷ്, മലയാളം ഭാഷകളിലെ വ്യാകരണ ശൈലിയിലും അതിന്റെ പ്രയോഗങ്ങളിലുമുള്ള വൈകല്യങ്ങളെ ലളിതമായി അനാവരണം ചെയ്യുന്ന പംക്തി**

**അരുൺ ജി മംഗലത്ത്, ഷിബു എ എസ്**

## English made easy 27

### Use of Modal Auxiliary Verbs

Auxiliary verbs (സഹായകക്രിയകൾ), primary എന്നും modal എന്നും രണ്ടുവിധത്തിലുണ്ടെന്ന് നേരത്തേ നോക്കിയിരുന്നുവല്ലോ. Primary auxiliary verbs, main verb ന്റെ tense നിർണ്ണയിക്കുകയും main verb ന്റെ അഭാവത്തിൽ ആ ജോലി നിർവ്വഹിക്കുകയും (I have a pen, She is absent) ചെയ്യുമ്പോൾ Modal auxiliary verbs, writer/speaker ഉടെ attitude/opinion പ്രകടിപ്പിക്കുവാനാണ് ഉപയോഗിക്കുന്നത്. [A verb used to express the mood (mode) or attitude of a writer/speaker is called Modal Auxiliary].

മത്സരപ്പരീക്ഷകളിൽ ഇവയുടെ ഉപയോഗം സ്ഥിരമായി ചോദിച്ചു കാണാറുണ്ട്. അതിനെക്കുറിച്ചറിയാൻ ശ്രമിക്കാം.

Will, would, shall, should, can, could, may, might, must, dare, need, ought to, used to, am/was to, have/had to എന്നിവയാണ് modal auxiliary verbs. (ഇവയിൽത്തന്നെ dare, need, ought to, used to, am/was to, have/had to എന്നിവ semi modal auxiliaries എന്നു വിളിക്കപ്പെടുന്നു).

Modal verbs( dare*, need* ഒഴികെ) ന് main verb ന്റെ പകരക്കാരായി ഒരു sentence ൽ ഒറ്റയ്ക്കുനില്ക്കാൻ കഴിയില്ല.

ചുവടെ പറയുന്ന കാര്യങ്ങൾ പ്രകടിപ്പിക്കുവാനാണ് Modals ഉപയോഗിക്കുന്നത്.

അവ:

1.Permission
2. Ability
3. Possibility
4. Suggestion, Advice
5. Promise
6. Intention
7. Request
8. Necessity, Compulsion, Certainty
9. Prohibition
10. Wish/Prayer
11. Duty, Obligation

Future tense ലാണ് സാധാരണമായി modals ഉപയോഗിക്കുന്നത്. ഇവയുടെ ഉപയോഗം പലപ്പോഴും ചിന്തക്കുഴപ്പം വരുത്തുന്നവയാണ്. അതുകൊണ്ടുതന്നെ ഇവയുടെ പ്രയോഗങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കണം.

### I. Will and Shall (shows possibility/certainty)

ഇവയുടെ ഉപയോഗങ്ങൾ മുമ്പ് പരിശോധിച്ചിട്ടുള്ളതാണ്. സാധാരണഗതിയിൽ second & third person ആയ you, they, he, she, it, മറ്റുള്ള noun forms എന്നിവയ്ക്കൊപ്പം will പ്രയോഗിക്കുമ്പോൾ, സാധ്യതയെ (possibility, mere future action) യും shall ഉറപ്പിനെ (determination, certainty, warning, promise, threat etc) യുമാണ് സൂചിപ്പിക്കുന്നത്.

Eg: They will come. (possibility)
You shall suffer. (warning/threat)

എന്നാൽ First person ആയ I, we എന്നിവയുടെകൂടെ ഇവയുടെ ഉപയോഗം തിരിഞ്ഞുവരും.

Eg: i. We shall come. (possibility)
We will come. (assurance)
ii. I will suffer. (certainty)
They will suffer. (mere future action)

Note: സാധാരണഗതിയിൽ I/we + shall + verb ഉപയോഗിച്ചാൽമതി.

എന്നാൽ സ്ഥാനത്തും അസ്ഥാനത്തുമൊക്കെ പലരും I/we will എന്നാണ് പ്രയോഗിക്കുന്നത്.

ഉറപ്പിച്ചുപറയേണ്ടതായ actions നുമാത്രമേ I/we യോടൊപ്പം will ഉം മറ്റുള്ളവയോടൊപ്പം shall ഉം ചേർക്കേണ്ടതുള്ളു.

(തുടരും....)

## സുന്ദരമലയാളം

### വാക്പ്രയോഗങ്ങളിലെ ശരിയും തെറ്റും.

കഴിഞ്ഞലക്കത്തിൽ ‘ധ’ വരെയുള്ള അക്ഷരങ്ങളിൽത്തുടങ്ങുന്ന വാക്കുകളാണ് നോക്കിയത്.

ഈ ലക്കത്തിൽ ‘ന’ മുതൽനോക്കാം.

**ന**

| തെറ്റ് | ശരി |
|---|---|
| നക്കി കൊല്ലുക | നക്കിക്കൊല്ലുക |
| നക്കി കുടിയ്ക്കുക | നക്കിക്കുടിക്കുക |
| നക്കി തുടയ്ക്കുക | നക്കിത്തുടയ്ക്കുക |
| നക്കാപിച്ച | നക്കാപ്പിച്ച |
| നക്ര ബാഷ്പം | നക്രബാഷ്പം |
| നക്ഷത്ര മണ്ഡലം | നക്ഷത്രമണ്ഡലം |
| നടത്തിക്കൊണ്ട് പോവുക | നടത്തിക്കൊണ്ടുപോവുക |
| നടത്തി നോക്കുക | നടത്തിനോക്കുക |
| നടന്നു നീങ്ങുക | നടന്നുനീങ്ങുക |
| നടക്കിരുത്തുക | നടയ്ക്കിരുത്തുക |
| നട തള്ളുക | നടതള്ളുക |
| നടുവെ | നടുവേ |
| നട്ടു നനക്കുക | നട്ടുനനയ്ക്കുക |
| നനഞ്ഞു കയറുക | നനഞ്ഞുകയറുക |
| നനഞ്ഞു കുതിരുക | നനഞ്ഞുകുതിരുക |
| നമസ്ക്കാരം | നമസ്കാരം |
| നമസ്തെ | നമസ്തേ |
| നമ്മുടെത് | നമ്മുടേത് |
| നൽകിക്കൂടെ? | നൽകിക്കൂടേ? |
| നഷ്ടകച്ചവടം | നഷ്ടക്കച്ചവടം |
| നഷ്ടപെടുക | നഷ്ടപ്പെടുക. |
| നാട്ടിൻ പുറം | നാട്ടിൻപുറം |
| നാട്ടുകാരുടെത് | നാട്ടുകാരുടേത് |
| നാട്ടുകൂട്ടം | നാട്ടുക്കൂട്ടം |
| നാഡിത്രയം | നാഡീത്രയം |
| നാഡിപ്പരീക്ഷ | നാഡീപരീക്ഷ |
| നാണം കെടുത്തുക | നാണംകെടുത്തുക |
| നാരായണപക്ഷി | നാരായണപ്പക്ഷി |
| നാൽകവല | നാൽക്കവല |
| നാസിക തുമ്പ് | നാസികത്തുമ്പ് |
| നാസികാ ചൂർണ്ണം | നാസികാചൂർണ്ണം |
| നാളത്തെ കാര്യം | നാളത്തെക്കാര്യം |
| നാളീകേരം | നാളികേരം |
| നാളെ | നാളേ |
| നാളെ തന്നെ | നാളെത്തന്നെ |
| നാളെ തൊട്ട് | നാളെത്തൊട്ട് |
| നാളെ മുതൽ | നാളെമുതൽ |
| നാളെ വരെ | നാളെവരെ |
| നാളേയ്ക്ക് | നാളേക്ക് |
| നാളേയ്ക്ക് നാളെ | നാളേക്കുനാളെ (മറ്റന്നാൾ) |
| നാൾക്കു നാൾ | നാൾക്കുനാൾ |
| നികുതി കുടിശിക | നികുതിക്കുടിശ്ശിക |
| നികുതി പണം | നികുതിപ്പണം |
| നിത്യതൊഴിൽ | നിത്യത്തൊഴിൽ |
| നിത്യയൗവ്വനം | നിത്യയൗവനം |
| നിദ്രാവത്വം | നിദ്രാവത്ത്വം |
| നിലനിൽപ്പിൽ തന്നെ | നിലനില്പിൽത്തന്നെ |
| നിന്നേക്കാൾ | നിന്നെക്കാൾ |
| നിന്നെക്കാൾ കൂടുതൽ | നിന്നെക്കാൾക്കൂടുതൽ |
| നിന്നെ കവിഞ്ഞ | നിന്നെക്കവിഞ്ഞ |
| നിന്നിൽ നിന്ന് | നിന്നിൽനിന്ന് |
| നിന്നു പോയി | നിന്നുപോയി |
| നിയമ പോരാട്ടം | നിയമപ്പോരാട്ടം |
| നിയമന ഉത്തരവ് | നിയമനോത്തരവ് |
| നിരക്കവെ | നിരക്കവേ |
| നിരോധിത മേഖല | നിരോധിതമേഖല |
| നിർനിമേഷം | നിർന്നിമേഷം |
| നിർമ്മാണ കരാർ | നിർമ്മാണക്കരാർ |
| നിർമ്മാണ തൊഴിലാളി | നിർമ്മാണത്തൊഴിലാളി |
| നിർമ്മാണ വൈദഗ്ദ്യം | നിർമ്മാണവൈദഗ്ദ്ധ്യം |
| നിരുദ്ധ കണ്ഠൻ | നിരുദ്ധകണ്ഠൻ |

(തുടരും...)

# എലിജിബിലിറ്റി ടെസ്റ്റ് 2021

## വിജ്ഞാപനം

**അസാധാരണ ഗസറ്റ് തീയതി : 13.07.2021 അവസാന തീയതി: 11.08.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

### പൊതു നിർദ്ദേശങ്ങൾ

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** ലൂടെ **ONE TIME REGISTRATION (OTR)** പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

2. 2013 മുതൽ അർഹതാനിർണ്ണയ പരീക്ഷകൾ **Objective Type** (OMR മൂല്യനിർണ്ണയം) രീതിയിലാണ് നടത്തുന്നത്. **Alpha Code** ബാധകമായിട്ടുള്ള **OMR/ONLINE** പരീക്ഷയാണ് നടത്തുന്നത്. ഒരു പരീക്ഷയ്ക്ക് പരമാവധി മാർക്ക് **100** ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് **40** ഉം ആണ്. **Negative Mark** ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും.

അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി **ONE TIME REGISTRATION (OTR)** ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനന തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം, സർവ്വീസ് കാലയളവ് മുതലായവ നൽകുന്നതോടൊപ്പം തങ്ങളുടെ ആറുമാസത്തിനകം എടുത്ത ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

അപേക്ഷകർക്ക് തങ്ങളുടെ 'User ID', പാസ്സ്.വേർഡ് (**Password**) എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(a) രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ മാതൃക:

1. ഫോട്ടോ 31.12.2011ന് ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്തിരിക്കണം.
2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.
3. **200 പിക്സെൽ** ഉയരവും, **150 പിക്സൽ** വീതിയും ഉള്ളതും **jpg** ഫോർമാറ്റിലുള്ളതും 30kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് **upload** ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ ഉള്ള പശ്ചാത്തലം ആയിരിക്കണം).
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കുന്നതുമാകണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്കവിധത്തിലായിരിക്കണം.
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ, യൂണിഫോം ധരിച്ചുകൊണ്ടുള്ള ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.
8. മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo യും സ്വീകരിക്കുന്നതല്ല.
9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.

(1 മുതൽ 9 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.)

(b) പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ **Admission Ticket** ലഭ്യമാക്കുന്നതും ആയത് **Download** ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

(c) **Online Application** പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിച്ചിരിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിലും കമ്മീഷന്റെ ജില്ലാ/ മേഖലാ ആഫീസുകൾ, ജില്ലാ കളക്ടറേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

(d) പരീക്ഷയ്ക്കുള്ള സ്ഥലം, തീയതി, സമയം എന്നിവ യഥാസമയം പത്രമാധ്യമങ്ങളിലൂടെയും, പി.എസ്. സി. വെബ്സൈറ്റിലൂടെയും പരസ്യപ്പെടുത്തുന്നതാണ്. കൂടാതെ സമയ വിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ / മേഖലാ ആഫീസുകൾ, കളക്ടറേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷയുടെ ടൈംടേബിൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപ്പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. **അർഹതാ നിർണ്ണയ പരീക്ഷ ബന്ധപ്പെട്ട സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ Approved Probationer or Full Member ആയിരിക്കണം.**

4. അപേക്ഷാഫീസ്: അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

**(എ) അഡ്മിഷൻ ടിക്കറ്റ് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷാവേളയിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള ഫോട്ടോയും, കമ്മീഷന്റെ എംബ്ലവും ഉള്ള അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് സർട്ടിഫൈ ചെയ്യുന്ന വ്യക്തിയുടെ പേരും ഔദ്യോഗിക പദവിയും വിലാസവും, ഒപ്പിനു താഴെ രേഖപ്പെടുത്തേണ്ടതും നിശ്ചിത സ്ഥലത്ത് ഓഫീസ് സീൽ പതിപ്പിക്കേണ്ടതുമാണ്. ആഫീസ് സീൽ ഔദ്യോഗിക പദവിയ്ക്ക് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.**

**(ബി) പരീക്ഷാസമയത്ത് യഥാവിധി സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പരീക്ഷാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. പരീക്ഷാസമയത്ത് ന്യൂനതയുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഹാജരാക്കുന്ന പരീക്ഷാർത്ഥികൾക്ക് ന്യൂനത പരിഹരിക്കുവാൻ പിന്നീട് അവസരം നൽകുന്നതല്ല.**

5. അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് 40% (നാൽപ്പത് ശതമാനം) ആണ്.

(a) ടെസ്റ്റുകളിൽ പ്രായോഗിക പരീക്ഷകൾ ഉണ്ടെങ്കിൽ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ വച്ചോ കമ്മീഷൻ സൗകര്യപ്രദമായി തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും. പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതാണ്.

6. മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

7. പരീക്ഷകളുടെ ചീഫ് സൂപണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ ചീഫ് സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ പരീക്ഷാഹാളിൽ ബുക്കുകൾ, ഗൈഡുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ കൊണ്ടുവരികയോ ചെയ്യുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. അതിനു പുറമെ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം അർഹതാ നിർണ്ണയ പരീക്ഷകൾ എഴുതുന്നതിൽ നിന്നും തടഞ്ഞുവയ്ക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി വകുപ്പു മേധാവികളേയും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറേയും അറിയിക്കുന്നതാണ്. കമ്മീഷനംഗങ്ങളെയോ കമ്മീഷൻ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

8. പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ്ഫർ/ട്രെയിനിംഗ് കാരണം പരീക്ഷാ സെന്റർ മാറ്റികിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനുശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷ തുടങ്ങുന്നതിനു മുമ്പു തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം ജോയിന്റ് സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്റർ മാറി പരീക്ഷയെഴുതുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. അർഹതാ നിർണ്ണയ പരീക്ഷാ സംബന്ധമായു

ള്ള എഴുത്തുകുത്തുകളെല്ലാം **ജോയിന്റ് സെക്രട്ടറി (വകുപ്പുതല പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻകോഡ് – 695 004** എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.

9. താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1) നിർദ്ദേശപ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ.

2) അപേക്ഷയിലും ഫോട്ടോയിലും സർട്ടിഫിക്കറ്റിലും ഉള്ള പേരിലുള്ള വ്യത്യാസം.

**പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും ഉത്തരക്കടലാസുകൾ അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.**

10. താഴെ പറയുന്ന ന്യൂനതകളുള്ള ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.

1) അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ യഥാവിധി നിർവ്വഹിക്കാതിരിക്കുക.

2) അഡ്മിഷൻ ടിക്കറ്റ് പ്രകാരം അനുവദിക്കാത്ത പരീക്ഷ എഴുതുക.

3) ഫോട്ടോ വ്യക്തമാകാത്ത അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുക.

11. അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളിൽ ആദ്യഘട്ട സൂക്ഷ്മ പരിശോധനയിൽ സാധുവായി കണ്ടെത്തുന്നവരെ മാത്രം സോപാധികമായി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. പരീക്ഷാ സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റും അതോടൊപ്പം മറ്റ് രേഖകളും വിശദമായി പരിശോധിച്ച ശേഷം ക്രമപ്രകാരം എന്ന് കണ്ടെത്തുന്നവരുടെ മാത്രം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണ്.

12. അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾക്ക് തെളിവായി വകുപ്പു മേധാവി / ആഫീസ് മേധാവി നൽകുന്ന സാക്ഷ്യപത്രമാണ് സ്വീകരിക്കുന്നത്. എന്നാൽ തെറ്റായി സാക്ഷ്യപത്രം നൽകി പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർത്ഥികളുടെ പരീക്ഷാഫലം മുൻകാലപ്രാബല്യത്തോടെ റദ്ദു ചെയ്യുന്നതിന് കമ്മീഷന് അധികാരം ഉണ്ടായിരിക്കും. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ക്കെതിരെ കമ്മീഷന് യുക്തമെന്നു തോന്നുന്ന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനു പുറമെ, വകുപ്പുതല ശിക്ഷണ നടപടികൾക്ക് അതതു വകുപ്പുകളിലേയ്ക്ക് ശുപാർശ നൽകുന്നതുമായിരിക്കും.

13. **അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully Uploaded / Received) എന്നതു കൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് സ്വന്തമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.**

14. പരീക്ഷയുടെ സിലബസ് ഉൾപ്പെടെയുള്ള മറ്റ് വിവരങ്ങൾ ടൈംടേബിളിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

15. അർഹതാ നിർണ്ണയ പരീക്ഷ പാസ്സായി Eligibiltiy List ൽ ഉൾപ്പെട്ടു എന്നതിനാൽ മാത്രം പ്രൊമോഷൻ ലഭിക്കുന്നതല്ല. ബന്ധപ്പെട്ട വകുപ്പുകളിൽ ഉണ്ടാകുന്ന നിശ്ചിത ശതമാനം ഒഴിവുകളിലേയ്ക്ക് ടി തസ്തികയുടെ സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് യോഗ്യതകൾ കൂടി ഉള്ളപക്ഷം നിയമപ്രകാരം നിയമനാധികാരി പ്രൊമോഷൻ നൽകുന്നതാണ്.

16. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക

### സർവ്വീസ് സർട്ടിഫിക്കറ്റ്

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും. :
3. ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് :
4. ഉദ്യോഗാർത്ഥി ഏത് സർവ്വീസിൽപ്പെടുന്നു എന്ന് :
5. സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും. :
6. അപേക്ഷകൻ പ്രൊബേഷണറോ, അപ്രൂവ്ഡ് പ്രൊബേഷണറോ, ഫുൾ മെമ്പറോ എന്ന് :
7. എസ്.സി. / എസ്.റ്റി. / ഒ.ബി.സി. എന്നിവരുടെ കാര്യത്തിൽ സമുദായം / മതം സർവ്വീസ് രേഖകളിൽ കാണും പ്രകാരം. :
8. സർവ്വീസ് വിശദാംശങ്ങൾ:
9.

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലം | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| ആകെ സർവ്വീസ് | | | | | | | |

### സാക്ഷ്യപത്രം

.................................................. സബോർഡിനേറ്റ് സർവ്വീസിൽ .................................... അപ്രൂവ്ഡ് പ്രൊബേഷണർ / ഫുൾ മെമ്പർ ആയ ശ്രീ. / ശ്രീമതി. ................................................ എന്ന ഉദ്യോഗസ്ഥയെ / ഉദ്യോഗസ്ഥനെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം:

തീയതി:

ഒപ്പ്:

ഓഫീസ് തലവന്റെ പേര്:

ഉദ്യോഗപ്പേര്:

(ഓഫീസ് മുദ്ര)

**ഗസറ്റ് തീയതി : 13/07/2021**

**അവസാന തീയതി : 11/08/2021**

**കാറ്റഗറി നമ്പർ: 211/2021**

### എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ

കേരള അഡ്വക്കേറ്റ് ജനറൽ ഓഫീസ് (14.12.1959ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിത രായവരൊഴികെ) കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരളത്തിലെ അംഗീകൃത സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ 25.03.2006 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച നോൺ ഗ്രാജുവേറ്റ് ആയ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ്, നോൺ ഗ്രാജുവേറ്റ് അസിസ്റ്റന്റ്, ഓഫീസ് സൂപ്രണ്ട് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അതേ സ്ഥാപനത്തിൽ സെക്ഷൻ ഓഫീസറായി ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള അർഹതാ നിർണ്ണയ (Eligibiltiy Test) പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്രസ്തുത തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് '17.03.2007തീയതിയിലെ GO(P)199/2007/GAD ഉത്തരവിന് വിധേയമായിട്ടായിരിക്കും.'

1). യോഗ്യതകൾ

**i) a) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റ്, യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളിലുള്ളവർക്ക്**

(എ). എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.

(ബി). അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സായിരിക്കണം.

(സി). പി.എസ്.സി. / സെക്രട്ടേറിയറ്റ് മാന്വൽ പാസ്സായിരിക്കണം.

**b) കേരള അഡ്വക്കേറ്റ് ജനറൽ ഓഫീസിലുള്ളവർക്ക്**

(എ). എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.

(ബി). അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സായിരിക്കണം.

(സി). എം. ഒ. പി. / സെക്രട്ടേറിയറ്റ് മാന്വൽ പാസ്സായിരിക്കണം..

ii) ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ approved probationer or full member ആയിരിക്കണം.

2). **പ്രായപരിധി:–** ബാധകമല്ല.

3). **പരീക്ഷ:–** ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം / ഓൺലൈൻ) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.

4). **അപേക്ഷാ ഫീസ്:** ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

5). **എഴുതുവാൻ അനുവദിച്ചിട്ടുള്ള ആകെ അവസരങ്ങൾ:** 5 (അഞ്ച്)

6). **അപേക്ഷ അയക്കേണ്ട രീതി:** അപേക്ഷകർ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. **വിശദ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.**

കുറിപ്പ്:– i). വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii). അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പരീക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത കൂടാതെ അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ, ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.

iii).**കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40% ആയി നിശ്ചയിച്ചിരിക്കുന്നു.**

7). **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി:** 11/08/2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ.

സാജു ജോർജ്

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,

പട്ടം, തിരുവനന്തപുരം695 004.

# ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് – ജൂലൈ 2021

**1.** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2021 ജൂലൈ വിജ്ഞാപനപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലെ വിവിധ ജില്ലാ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ 2021 ആഗസ്റ്റ് 04 രാത്രി 12 മണി വരെ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനു മുൻപു തന്നെ e-payment സംവിധാനം ഉപയോഗിച്ച് ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ മുഖേനയല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in ലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. മുൻ പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. സർവ്വീസിലുള്ള അന്ധരായ പരീക്ഷാർത്ഥികൾക്ക് വേണ്ടി നടത്തുന്ന വാചാ പരീക്ഷ (Viva Voce)-ക്ക് (G.O.(P)No.31/11/P&ARD dated 7-9-2011 പ്രകാരം) അപേക്ഷിക്കുവാൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ആയതിനാൽ കാഴ്ചപരിമിതരായ പരീക്ഷാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടതില്ല.

1.1 കോവിഡ്-19 ന്റെ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലം പരീക്ഷ നടത്താൻ സാധിക്കാതിരുന്ന ജനുവരി 2021-ലെ വകുപ്പുതല പരീക്ഷയ്ക്ക് ഫീസടച്ചോ ഫ്രീ ചാൻസിലോ അപേക്ഷിച്ചിരുന്നതും അഡ്മിറ്റ് ചെയ്യപ്പെട്ടതുമായ പരീക്ഷകൾക്ക് ജൂലൈ 2021-ലെ വിജ്ഞാപനപ്രകാരം പുതുതായി അപേക്ഷിക്കേണ്ടതില്ല. എന്നാൽ ജനുവരി 2021-ലെ വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർക്ക് പുതിയ വിജ്ഞാപനത്തിലേക്ക് മാറ്റപ്പെടുന്ന അപേക്ഷയിൽ പരീക്ഷാകേന്ദ്രം സംബന്ധിച്ച മേഖല/ജില്ല എന്നിവ മാറ്റുന്നതിനും നേരത്തേ അപേക്ഷിച്ച പരീക്ഷകൾക്ക് പുറമേ പുതിയവ കൂട്ടിച്ചേർക്കാനും സാധിക്കുന്നതാണ്. ഈ ഇളവ് 2021 ജൂലൈയിലെ വിജ്ഞാപനത്തിന് മാത്രം ബാധകമായിരിക്കും.

**2.** Second Class Language Test in Malayalam (Tamil/Kannada), Minortiy Language Test (Tamil/Kannada) എന്നിവ വിവരണാത്മക (Descriptive) രീതിയിലും വകുപ്പുതല പരീക്ഷയുടെ ബാക്കിയുള്ള എല്ലാ ടെസ്റ്റുകളും 2012 ജൂലൈ മുതൽ Objective രീതിയിലുമാണ് പരീക്ഷ നടത്തുന്നത്. 2019 ജനുവരി മുതൽ Alpha Code ബാധകമായിട്ടുള്ള ONLINE പരീക്ഷയാണ് നടത്തുന്നത്. ഓരോ പേപ്പറിന്റെയും പരമാവധി മാർക്ക് 100ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40 % ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും. വകുപ്പുതല പരീക്ഷകൾക്ക് നിലവിലുള്ള with books/without books രീതി തുടരുന്നതാണ്.

**നോട്ട്:** കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജൂലൈ 2021 വിജ്ഞാപനപ്രകാരമുള്ള പരീക്ഷകൾ ഒ.എം.ആർ പരീക്ഷയായിട്ടാണ് നടത്തുന്നത്.

2.1 പരീക്ഷകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. അതാത് മേഖലകളിലെ പരീക്ഷാകേന്ദ്രങ്ങളുടെ ലഭ്യതയ്ക്കനുസൃതമായി പരീക്ഷാകേന്ദ്രം അനുവദിക്കുന്നതാണ്. വിവിധ മേഖലകളിലുൾപ്പെടുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം മേഖല (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ)
2. എറണാകുളം മേഖല (കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകൾ)
3. കോഴിക്കോട് മേഖല (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകൾ)

പരീക്ഷാർത്ഥികൾക്ക് അതാതു മേഖലകളിൽ ഉൾപ്പെടുന്ന ജില്ലകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. ലക്ഷദ്വീപിലെ പരീക്ഷാർത്ഥികൾക്ക് കോഴിക്കോട്/എറണാകുളം മേഖലകളിലേക്ക് ഓൺലൈൻ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

2.1 (a) KSR Part I, Rule 12 (7) നോട്ട് 2 പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് പരീക്ഷാ ദിവസം/ദിവസങ്ങൾ പ്രസ്തുത പരീക്ഷാകേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ആവശ്യമായ സമയം ഉൾപ്പെടെ ഡ്യൂട്ടിയായി പരിഗണിക്കുവാൻ വ്യവസ്ഥയുണ്ട്. KSR Part II, Rule 77-79 പ്രകാരം വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് അർഹമായ യാത്രാബത്ത അനുവദനീയമാണ്.

2.2 വകുപ്പുതല പരീക്ഷയിൽ അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി Department Test One-time Regitsration ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനനത്തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം മുതലായവ നൽകുന്നതിനോടൊപ്പം നിർദ്ദേശിക്കപ്പെട്ട രീതിയിൽ തങ്ങളുടെ ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരെഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടതും അപേക്ഷയിലൂടെ നൽകുന്ന വ്യക്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും പരീക്ഷാർത്ഥികളുടെ ചുമതലയാണ്. ഒരു പരീക്ഷാർത്ഥി യാതൊരു കാരണവശാലും ഒന്നിൽ കൂടുതൽ രജിസ്ട്രേഷൻ / പ്രൊഫൈൽ സൃഷ്ടിക്കാൻ പാടില്ല. പ്രൊഫൈലിൽ ആധാർ കാർഡിന്റെ വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

2.3 തങ്ങളുടെ 'User ID," 'Password' എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ പരീക്ഷാർത്ഥി ഒറ്റ പ്രൊഫൈൽ തന്നെ ഉപയോഗിക്കേണ്ടതാണ്. ഒറ്റ പ്രൊഫൈലിൽ നിന്നും ഏത് വകുപ്പുതല പരീക്ഷയ്ക്കും അപേക്ഷിക്കാൻ കഴിയും.

a രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ സവിശേഷതകൾ

1. ഫോട്ടോ 31.12.2011 ന് ശേഷം എടുത്തവയായിരിക്കണം.
ജനുവരി 2021 മുതലുള്ള അപേക്ഷകരിൽ ആദ്യമായി വകുപ്പുതല പരീക്ഷയ്ക്ക് One Time Regitsration ചെയ്യുന്നവർ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ആറു മാസത്തിനകം എടുത്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്. Upload ചെയ്ത ഫോട്ടോയ്ക്ക് Upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ 10 വർഷ കാലാവധി അധികരിച്ച Photo കൾക്കു പകരം പുതിയ ഫോട്ടാ Upload ചെയ്യേണ്ടതാണ്. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്യുകയോ മറ്റു വിധത്തിൽ രേഖപ്പെടുത്തുകയോ (വ്യക്തമായി വായിക്കത്തക്ക രീതിയിൽ) ചെയ്തിരിക്കണം.
2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.
3. 200 പിക്സെൽ ഉയരവും, 150 പിക്സെൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും 30kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോ ആയിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ പശ്ചാത്തലം plain ആയിരിക്കണം)
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്ക വിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.
8. മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo എന്നിവയും സ്വീകരിക്കുന്നതല്ല.
9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.
10. ആദ്യ ഘട്ടത്തിൽ രജിസ്ട്രേഷൻ നടത്തിയപ്പോൾ പഴയ മാതൃകയിലുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്തവർ ഇനി പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കുമ്പോൾ പുതിയ മാതൃകയിലുള്ള ഫോട്ടോ അവസാന തീയതിക്കു മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. 1-10 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോ ഉള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

b. വകുപ്പുതല പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ ആദ്യമായി ക്ഷണിച്ച 2011 ജനുവരിക്ക് മുമ്പായി ഒരു പാർട്ടിന്റെ പേപ്പറുകൾ ഭാഗികമായി ജയിച്ചിട്ടുള്ളവർ ശേഷിക്കുന്ന പേപ്പറുകൾക്കും സർട്ടിഫിക്കറ്റിനും ഫീസ് ഒടുക്കി ഓൺലൈൻ മുഖേന അപേക്ഷിക്കേണ്ടതാണ്. 2011 ജനുവരി മുതൽ സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും എന്നാൽ പരീക്ഷ തോൽക്കുകയും ചെയ്തവർ വീണ്ടും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കേണ്ടതില്ല. 2011 ജനുവരിയിലെ വകുപ്പുതല പരീക്ഷ മുതൽ അപേക്ഷിക്കുകയം വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെടുകയോ Paper Disallow ആവുകയോ ചെയ്തിട്ടുള്ളവരും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ഒരു തവണ പോലും പരീക്ഷ എഴുതാതിരിക്കുകയും ചെലാൻ verify ചെയ്യാതിരിക്കുകയും, ചെയ്തിട്ടുള്ളവരും e-payment സംവിധാനം ഉപയോഗിച്ച് പുതിയ നിരക്കിൽ സർട്ടിഫിക്കറ്റ് ഫീസ് വീണ്ടും ഒടുക്കേണ്ടതാണ്.

c. പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടു കൂടിയ Admission Ticket ലഭ്യമാക്കുന്നതും ആയത് download ചെയ്ത് (മേലധികാരി യഥാവിധി സാക്ഷ്യപ്പെടുത്തി) പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

d. വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിവരെയും തങ്ങൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ (ഉദാ: പേപ്പറുകൾ, ടെസ്റ്റ്, മേഖല മുതലായവ) മാറ്റി നൽകുന്നതിന് പരീക്ഷാർത്ഥികൾക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്. അവസാന തീയതിയിൽ നിലവിലുള്ള ഫോട്ടോയും മറ്റു വിവരങ്ങളും അടങ്ങിയ അപേക്ഷകളാവും പരിഗണിക്കുക. Online Application പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

e. പരീക്ഷയ്ക്കുള്ള സമയവിവരപ്പട്ടിക യഥാസമയം ഗസറ്റിൽ പരസ്യപ്പെടുത്തുന്നതാണ്. സമയവിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ് സൈറ്റ്, ജില്ലാ/മേഖലാ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷകളുടെ സമയവിവരപ്പട്ടിക (ടൈംടേബിൾ) അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവര പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

**3.** കമ്മിഷന്റെ 5.3.2003 ലെ 17-ാം നമ്പർ തീരുമാനപ്രകാരം വകുപ്പുതല പരീക്ഷ കേരള സംസ്ഥാന സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**4.** അപേക്ഷാഫീസ് : 2019 മെയ് മുതൽ വകുപ്പുതല പരീക്ഷാ ഫീസ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരീക്ഷാർത്ഥികൾ പുതുക്കിയ നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണ്. (സ.ഉ.(അച്ചടി.) നം. 28/2019 ധന ഉത്തരവ് തീയതി 8.3.2019)

ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഉപയോഗിച്ചുള്ള e-payment മുഖേനയാണ് പരീക്ഷാ ഫീസും, സർട്ടിഫിക്കറ്റ് ഫീസും ഒടുക്കേണ്ടത് (ചെലാൻ ഉപയോഗിച്ച് ട്രഷറികളിൽ നേരിട്ടോ / ഇ ചെലാൻ മുഖേനയോ പണമൊടുക്കുന്നത് സ്വീകാര്യമല്ല) e-payment മുഖേന പണമൊടുക്കുന്നതിന് പരീക്ഷാർത്ഥികളുടെ പ്രൊഫൈലിലെ "Make Payment" എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. ടി ഓപ്ഷൻ വഴി പരീക്ഷാർത്ഥിക്ക് ട്രഷറി വകുപ്പിന്റെ സൈറ്റിലേക്ക് പ്രവേശിച്ച് ഓൺലൈൻ ആയി പണം ഒടുക്കാവുന്നതാണ്. ഇതിനായി പരീക്ഷാർത്ഥിക്കോ/ബന്ധപ്പെട്ടവർക്കോ ഏതെങ്കിലും ബാങ്കിന്റെ Online Banking Account ആവശ്യമാണ്. ട്രഷറി സൈറ്റിൽ നിന്നും പണം ഒടുക്കുന്നതിനായി ബാങ്കിംഗിലേക്ക് പ്രവേശിക്കുമ്പോൾ ലഭ്യമാകുന്ന GR Number (Government Reference No.) കുറിച്ചെടുത്ത് സൂക്ഷിക്കേണ്ടതാണ്. പണം ഒടുക്കിക്കഴിഞ്ഞാൽ പരീക്ഷാർത്ഥിയുടെ പ്രൊഫൈലിൽ GR Number ഉൾപ്പെടെ payment details കാണാവുന്നതാണ്.

4.1. e-payment ഇടപാട് പൂർത്തിയാകുന്നതിനിടയിൽ നെറ്റ് വർക്ക് തകരാർ ഉൾപ്പെടെ സാങ്കേതിക തടസ്സങ്ങൾ കാരണം Account ൽ നിന്നും പണം debit ആകുകയും ഇടപാട് പൂർത്തിയാകാതെയും വന്നാൽ നേരത്തെ കുറിച്ചെടുത്ത GR Number ഉപയോഗിച്ച് ബാങ്ക്/ ട്രഷറിയെ സമീപിച്ച് പണം ഒടുക്കിയത് സംബന്ധിച്ച വ്യക്തത വരുത്താവുന്നതാണ്.

4.2 ഓരോ പേപ്പറിനും 160/ (നൂറ്റി അറുപത്) രൂപാ എന്ന നിരക്കിലാണ് പരീക്ഷാഫീസ്.

ഈ അടിസ്ഥാനത്തിൽ എത്ര പേപ്പറുകൾ ഉണ്ട് എന്ന് കണക്കാക്കി മുഴുവൻ പരീക്ഷാ ഫീസും ഒടുക്കേണ്ടതാണ്. 2019 ജൂലൈയിലെ വകുപ്പുതല പരീക്ഷ മുതൽ ഒരു സർട്ടിഫിക്കറ്റിന് 210/ (ഇരുന്നൂറ്റി പത്ത്) രൂപ നിരക്കിൽ എത്ര സർട്ടിഫിക്കറ്റിനാണോ അപേക്ഷിക്കുന്നത് അത്രയും തുക സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒടുക്കേണ്ടതാണ്. പരീക്ഷാ ഫീസ്, സർട്ടിഫിക്കറ്റ് ഫീസ് ഇനങ്ങളിൽ ഒടുക്കേണ്ടുന്ന തുക Default ആയി കാണാവുന്നതാണ്. ജനുവരി 2011 മുതൽ വകുപ്പുതല പരീക്ഷയ്ക്ക് അപേക്ഷിക്കുകയും, സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ചെയ്തവർ അതേ പ്രൊഫൈലിലൂടെ അപേക്ഷിച്ചാൽ മാത്രമേ ഒടുക്കിയ സർട്ടിഫിക്കറ്റ് ഫീസ് സാധുവായി പരിഗണിക്കുകയുള്ളൂ. (അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്). ഒരിക്കൽ അടച്ച പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

4.3 ഒരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കപ്പെട്ട പണം മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുവാൻ കഴിയുന്നതല്ല. അതായത് സർട്ടിഫിക്കറ്റ് ഫീസിനായി ഒടുക്കിയ പണം പരീക്ഷാഫീസായോ തിരിച്ചോ വകയിരുത്തുവാൻ സാധിക്കില്ല.

**നോട്ട്:**

(എ) നേരിട്ടുള്ള നിയമനം വഴിയോ ബൈട്രാൻസ്ഫർ മുഖാന്തിരമോ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷന്റെയോ ട്രെയിനിംഗിന്റെയോ പൂർത്തീകരണത്തിനോ, ഏതെങ്കിലും തസ്തികയിൽ ഇൻക്രിമെന്റോ സ്ഥിരപ്പെടുത്തലോ ലഭിക്കുന്നതിനോ, ഉയർന്ന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കിട്ടുന്നതിനോ ഒരു പോസ്റ്റിൽ പിഴ കൂടാതെ തുടരുന്നതിനോ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (obligatory test) പ്രസ്തുത ടെസ്റ്റുകൾക്കും സർവ്വീസിലുള്ള ആളുകൾക്ക് പുതുതായി ഏതെങ്കിലും ടെസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ടെസ്റ്റുകൾക്കും G.O.(MS)166/76/PD dated 04-06-1976 അനുസരിച്ച് ജീവനക്കാർക്ക് അതാത് വകുപ്പിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് (Line of Promotion) ഉള്ള തസ്തികകളിലേക്ക് ആവശ്യമായ വകുപ്പുതല പരീക്ഷകൾക്കും അപേക്ഷകരിൽ നിന്ന് പരീക്ഷാ ഫീസ് ഈടാക്കുന്നതല്ല. (Free Chance). ഈ സൗജന്യം ഓരോ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളവും ഒരാൾക്ക് ഒന്നിൽ കൂടുതൽ തവണ ലഭിക്കുന്നതല്ല. (G.O.(MS)26/76/PD dated 25-01-1976). രണ്ടാമത്തെ തവണ മുതൽ ഫീസ് ഈടാക്കുന്നതാണ്.

ഒരു പരീക്ഷയ്ക്ക് free chance-ൽ അപേക്ഷിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ പരീക്ഷ എഴുതാതിരിക്കുകയും ചെയ്താൽ അതും ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ള തവണയായി കണക്കാക്കപ്പെടുന്നതാണ്. ഓരോ ടെസ്റ്റിനും മുഴുവനായിട്ടാണ് ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ളത്. അല്ലാതെയുള്ള പലപേപ്പറുകളുള്ള ഓരോ ടെസ്റ്റിന്റെയും ഓരോ പേപ്പറുകളായിട്ടല്ല. (G.O.(MS)29/75/PD dated 6-2-1975). ഉദാഹരണമായി അക്കൗണ്ട് ടെസ്റ്റിന് ചേരുന്ന ഒരാൾക്ക് (4 പേപ്പറിനും കൂടി ചേർന്നാലും ഇല്ലെങ്കിലും) ഒരു പ്രാവശ്യം മാത്രമേ ഫീസ് സൗജന്യം കിട്ടുകയുള്ളൂ. ആ പരീക്ഷയിൽ എല്ലാ പേപ്പറുകളും ജയിക്കാൻ സാധിച്ചിട്ടില്ലായെങ്കിൽ അടുത്ത തവണ മുതൽ തോറ്റ പേപ്പറുകൾക്കും അപേക്ഷിക്കാതിരുന്ന പേപ്പറുകൾക്കും ഫീസ് ഒടുക്കി അപേക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ ആനുകൂല്യങ്ങൾ G.O.(MS)249/70/PD dated 22-7-1970 അനുസരിച്ച് ഗവണ്മെന്റ് സർവ്വീസിലുള്ള ടൈപ്പിസ്റ്റുകൾക്കും സ്റ്റെനോഗ്രാഫർമാർക്കും G.O.(MS)274/71/PD dated 27-8-1971 അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എസ്.എസ്.എൽ.സി സ്റ്റാൻഡേർഡ് (S.S.LC Standard) ലുള്ള ക്ലറിക്കൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർക്കും G.O.(Rt.) No.706/75/PD dated 21-7-1975 അനുസരിച്ച് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്കും G.O. (Ms.) No.302/75/G.Edn. Dated 17-12-1975 അനുസരിച്ച് വകുപ്പുതല പരീക്ഷ ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കേരളത്തിലെ എയ്ഡഡ് ഹൈസ്ക്കൂളിലേയും എയ്ഡഡ് ട്രെയിനിംഗ് സ്കൂളിലെയും ഹെഡ് മാസ്റ്റർമാർക്കും മറ്റ് ജീവനക്കാർക്കും G.O.(Ms.)No.146/76/G.Edn. Dated 04.08.1976 അനുസരിച്ച് ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾക്കും കേരളത്തിലെ പ്രൈമറി സ്കൂളുകളിലെയും അപ്പർ പ്രൈമറി സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർക്കും പി.ഡി ടീച്ചർമാർക്കും G.O(P)No.150/77/PW dated 17-09-1977 അനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും തുടർന്ന് ഉദ്യോഗക്കയറ്റം കിട്ടുന്നതിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്ന പി.ഡബ്ല്യു.ഡി. മാന്വൽ പരീക്ഷയ്ക്കും (P.W.D. Manual Test) ലഭിക്കുന്നതാണ്.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും യൂണിവേഴ്സിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കെ.എസ്.ആർ.റ്റി.സി, വാട്ടർ അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കേരള പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് G.O.(MS)No.215/86/LAD dated 28-10-1986 പ്രകാരവും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് G.O(Rt.) No.101/78/AD dated 16.01.1978 പ്രകാരവും ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾക്ക് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ട്രഷറി, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിലെ ജീവനക്കാർക്ക് ഒഴികെയുള്ളവർക്ക് Account Test (Higher) ന് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വിദ്യാഭ്യാസ വകുപ്പിലെ Higher Secondary School Teacher, Vocational Higher Secondary School Teacher, Non Vocational Higher Secondary School Teacher, ആരോഗ്യ വകുപ്പിലേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും Staff Nurse, Head Nurse എന്നീ തസ്തികകളിൽ ജോലി നോക്കുന്നവർക്ക് വകുപ്പുതല പരീക്ഷ നിർബന്ധം അല്ലാത്തതിനാൽ ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വകുപ്പുതല പരീക്ഷകൾക്ക് ഓൺ ലൈൻ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ "Free Chance" എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുന്ന സമയത്ത് "Yes" എന്നു രേഖപ്പെടുത്തുന്നു എന്നതു കൊണ്ട് മാത്രം പരീക്ഷാർത്ഥിക്ക് ഫ്രീ ചാൻസ് ലഭിക്കുന്നതിന് അർഹത ഉണ്ട് എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനാ വേളയിൽ "Free Chance" ൽ പരീക്ഷ എഴുതുന്നതിന് അർഹതയില്ലാത്ത പരീക്ഷാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതാണ്. ആയതിനാൽ "Free Chance" ലഭിക്കുന്നതിന് (ഫീസ് അടയ്ക്കാതെ പരീക്ഷ എഴുതുന്നതിന്) തങ്ങൾക്ക് അർഹത ഉണ്ട് എന്ന് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം ആയതിലേക്ക് അപേക്ഷിക്കേണ്ടതാണ്.

(ബി) ഫീസ് സൗജന്യത്തിന് അർഹരായിട്ടുള്ളവർ പ്രസ്തുത വിവരം അപേക്ഷയിൽ രേഖപ്പെടുത്തുന്നതു കൂടാതെ Admission Ticket ലെ സർട്ടിഫിക്കറ്റ് തങ്ങളുടെ വകുപ്പു മേധാവിയേയോ ആഫീസ് മേധാവിയേയോ കൊണ്ട് സർട്ടിഫൈ ചെയ്യിക്കേണ്ടതും ബന്ധപ്പെട്ട കോളത്തിൽ ✓ മാർക്ക് ചെയ്യിക്കേണ്ടതുമാണ്.

5. Annexure A യിൽ 6 ആയി കൊടുത്തിരിക്കുന്ന പി.ഡബ്ല്യു.ഡി. മാന്വൽ പരീക്ഷ, പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനും തുടർന്നുള്ള ഉദ്യോഗക്കയറ്റത്തിനും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ലോവറിനും പി. ഡബ്ല്യു.ഡി. പരീക്ഷയ്ക്കും പുറമേ നിർബന്ധമാക്കിയിട്ടുള്ളതാണ്. (G.O(P)No.150/77/PW dated 17-09-1977)

(എ) Annexure A യിൽ പോലീസ് ടെസ്റ്റ് 19, 20 എന്നിവ പ്രത്യേകം ടെസ്റ്റുകൾ തന്നെയായിരിക്കും
(G.O(MS)No.146/82/Home(A)Department dated 16-12-1982)

6. Annexure - A യിൽ 24ൽ കൊടുത്തിരിക്കുന്ന കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ് മൂന്നാം പേപ്പർ (പ്രാക്ടിക്കൽ) പരീക്ഷയ്ക്ക് ജയിൽ ഐ.ജി. അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും അതായത് 30-09-1993 വരെ RICAൽ നിന്നും / SICA ൽ നിന്നും 1-10-1993 മുതൽ 13-10-2003 വരെ SICA-ൽ നിന്നു മാത്രവും 14-10-2003 മുതൽ RICA-ൽ നിന്നും / SICA ൽ നിന്നും ആംഡ് ആന്റ് സ്ക്വാഡ് ഡ്രില്ലിൽ (റൈഫിൾ ഷൂട്ടിംഗ്, റിവോൾവർ ഷൂട്ടിംഗ് മുതലായവ) പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. തമിഴ് നാട്ടിലെ വെല്ലൂരിലുള്ള RICA യുടെ പേര് APCA (Academy of Prisons & Correctional Adminitsration) എന്നാക്കി മാറ്റിയിട്ടുള്ളതിനാൽ ടി സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർക്കും പ്രായോഗിക പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അല്ലാതെയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ട്രെയിനിംഗ് നേടിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ജോയിന്റ് സെക്രട്ടറി, വകുപ്പുതല പരീക്ഷാവിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ വകുപ്പുതല പരീക്ഷയുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്കു മുൻപായി ലഭിക്കത്തക്കവിധം അയച്ചുതരേണ്ടതാണ്. അല്ലാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അവരെ പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. മേൽ പറഞ്ഞിരിക്കുന്ന ടെസ്റ്റിന്റെ പ്രായോഗിക പരീക്ഷ തിരുവനന്തപുരത്തോ, തൃശൂരോ, കണ്ണൂരോ സൗകര്യപ്രദമായ മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

6.(എ) വകുപ്പുതല പരീക്ഷയുടെ ഭാഗമായി നടത്തിയിരുന്ന ജയിൽ സബോർഡിനേറ്റ് ആഫീസേഴ്സിന്റെ പ്രായോഗിക പരീക്ഷ 22.05.2019ലെ സ.ഉ.(കൈ) 54/2019/ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ടെസ്റ്റ് ആയി നടത്തുന്നതാണ്. അതിലേയ്ക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്

7. Annexure A യിൽ 31-മതായി കൊടുത്തിരിക്കുന്ന കേരള പഞ്ചായത്ത് ടെസ്റ്റ്, പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലെ യു.ഡി ക്ലാർക്കുമാർ, ഹെഡ് ക്ലാർക്കുമാർ, പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർക്കു വേണ്ടി G.O.(MS.)No.154/75/LA & SWD dated 9-7-1975 പ്രകാരം നടത്തുന്ന പൊതുപരീക്ഷയാണ്. മുമ്പ് നടത്തിയിരുന്ന കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റ് പ്രസ്തുത ഉത്തരവ് പ്രകാരം നിർത്തലാക്കി കഴിഞ്ഞു. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിന്റെ എല്ലാ പേപ്പറുകളും ഇതിനകം തന്നെ ജയിച്ചിട്ടുള്ളവരെ പഞ്ചായത്ത് ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിലെ ഏതെങ്കിലും പേപ്പറുകൾ ജയിക്കുവാൻ ഉള്ളവർ പഞ്ചായത്ത് ടെസ്റ്റിലെ തദനുസൃതമായ (Corresponding) പേപ്പറിന് ചേർന്ന് ജയിച്ചാൽ മതിയാകുന്നതാണ്.

(എ) ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ഫോർ ദി എക്സിക്യൂട്ടീവ് ആന്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഓഫ് കെ.എസ്.ഇ. ബോർഡ് എന്ന വകുപ്പുതല പരീക്ഷയുടെ പഴയ സിലബസ്സിൽ മൂന്നാമത്തെ പേപ്പറായ Eletcrictiy Supply Act പ്രസ്തുത സിലബസ്സിൽ പാസ്സാകുന്നതിന് രണ്ട് അവസരം (07/2019, 01/2020) നൽകിയിരുന്നതും ടി പേപ്പർ വിജയിക്കുന്ന മുറയ്ക്ക് പഴയ സിലബസ്സിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതും, 1/2019 മുതൽ പരിഷ്കരിച്ച സിലബസ്സിലുള്ള Eletcrictiy Act 2003, Companies Act 2013 & Rules ഉം അതിനോടൊപ്പം പുതുതായി ഉൾപ്പെടുത്തിയ Goods and Services Tax, Indian Cotnract Act 1872 ഉം പാസ്സാകുന്നവർക്കു മാത്രം പുതിയ സിലബസ്സിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

(ബി) Annexure A യിൽ 24-മതായി കൊടുത്തിരിക്കുന്ന Kerala Jail Officers Test- ന്റെ ഒന്നാമത്തെ പേപ്പർ പഴയ സിലബസ്സിൽ പാസ്സായവർക്ക് ടി പേപ്പർ പുതിയ സിലബസ്സിൽ അപേക്ഷിച്ചു വിജയിക്കുന്ന മുറയ്ക്ക് പുതിയ സിലബസ്സിൽ ഉള്ള സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

8. എല്ലാ ടെസ്റ്റുകളും ഭാഗികമായി പാസ്സാകാവുന്നതാണ്. അതുകൊണ്ട് പരീക്ഷാർത്ഥികൾക്ക് അവർ പാസ്സാകേണ്ട ടെസ്റ്റുകൾ മുഴുവനായോ ഒന്നോ അതിലധികമോ പേപ്പറുകൾക്ക് മാത്രമായോ ചേരുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. OMR മാതൃകയിലുള്ള ടെസ്റ്റുകളുടെ സമയം അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് (ഹയർ) കെ.എസ്.ആർ., അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടിവ് ഓഫീസേഴ്സ് പേപ്പർ II (കെ.എസ്.ആർ.) എക്സൈസ് ടെസ്റ്റ് പാർട്ട് എ & പാർട്ട് ബി എന്നിവ ഒഴികെ) ഒന്നര മണിക്കൂർ ആയിരിക്കുന്നതാണ്. (അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ., അക്കൗണ്ട് ടെസ്റ്റ് (ഹയർ) കെ.എസ്.ആർ., അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടിവ് ഓഫീസേഴ്സ് പേപ്പർ II (കെ.എസ്.ആർ.), എക്സൈസ് ടെസ്റ്റ് (പാർട്ട് എ & പാർട്ട് ബി) എന്നീ പരീക്ഷകൾക്ക് രണ്ട് മണിക്കൂർ ആയിരിക്കും സമയ ദൈർഘ്യം.

9. ഉദ്യോഗനിയമനത്തിനുള്ള തെരഞ്ഞെടുപ്പു പരീക്ഷകൾ മലയാളം ഒഴിച്ചുള്ള പ്രാദേശിക ഭാഷകളിൽ എഴുതുന്നവർക്കു വേണ്ടി (G.O.(Ms.) No.142/66/PD dated 31-3-1966, G.O.(P)No.356/82/GAD dated 3-11-1982, G.O .(P) No. 164/84/GAD dated 31-5-1984) നടപ്പാക്കിയ മലയാളം സെക്കന്റ് ക്ലാസ്സ് ലാംഗ്വേജ് ടെസ്റ്റ് (Second Class Language Test in Malayalam) അനുബന്ധം 'എ' (Annexure A) യിൽ 42-മതായി ചേർത്തിട്ടുണ്ട്. സിലബസ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം 'സി' (Annexure -C) യിൽ കൊടുത്തിരിക്കുന്നു.

9.(എ) ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഭാഷയിൽ പ്രായോഗിക പരിജ്ഞാനം ആവശ്യമാണെന്നതിനാൽ 12-9-1968 ലെ G.O.(MS.)No.290/68/PD പ്രകാരം ഏർപ്പെടുത്തിയ മൈനോറിറ്റി ലാംഗേജ് ടെസ്റ്റ് (തമിഴ്/കന്നട) അനുബന്ധം 'എ' (Annexure A) യിൽ 43-ാമതായി ചേർത്തിട്ടുണ്ട്. 19-12-1987 ലെ G.O(MS.)No.283/87/LAD പ്രകാരം കേരള മുൻസിപ്പൽ സർവ്വീസ് ജീവനക്കാർക്കും മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് എഴുതാവുന്നതാണ്. സിലബസ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം 'ഡി' (Annexure -D) യിൽ കൊടുത്തിരിക്കുന്നു.

10. Annexure A യിൽ 47 മതായി കൊടുത്തിരിക്കുന്ന കേരള ചുമട്ടു തൊഴിലാളി നിയമങ്ങളെ സംബന്ധിച്ച വകുപ്പുതല പരീക്ഷ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേനയോ തസ്തിക മാറ്റം മുഖേനയോ നിയമനം ലഭിക്കുന്നതിനായി Manual of Office Procedure, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവയ്ക്കു പുറമേ നിർബന്ധമായും ജയിച്ചിരിക്കേണ്ടതാണ്. (G.O(Rt.)No.3022/2008/തൊഴിൽ dated 31-12-2008)

11. എല്ലാ ടെസ്റ്റുകൾക്കും ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് ഓരോ പേപ്പറിനും 40% (നാൽപ്പത് ശതമാനം) ആണ്.

12. റവന്യൂ ടെസ്റ്റുകൾ 2011 ജൂലൈ മുതൽ പുതിയ സിലബസിൽ മാത്രമേ എഴുതാൻ അനുവദിക്കുകയുള്ളൂ. മുൻപ് ഭാഗികമായി പഴയ സിലബസ്സിൽ പാസ്സായിട്ടുള്ളവർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പുതിയ സിലബസിൽ നാല് പേപ്പറുകളും എഴുതി പാസ്സാകേണ്ട

താണ്. എന്നാൽ ജനുവരി 2011 വരെയുള്ള നോട്ടിഫിക്കേഷനുകൾ പ്രകാരം വില്ലേജ് ആഫീസേഴ്സ് മാന്വൽ പരീക്ഷ പാസ്സായിട്ടുള്ളവരും 2019 ജനുവരി വരെയുള്ള വിജ്ഞാപനങ്ങൾ പ്രകാരം യൂണിഫൈഡ് വില്ലേജ് മാന്വൽ കോമൺ പേപ്പർ പാസ്സായിട്ടുള്ളവരും എഴുതേണ്ടതില്ല. പരീക്ഷാർത്ഥികൾ മേൽ പരീക്ഷകൾ മുൻപ് പാസ്സായിട്ടുള്ളതായി സ്ഥിരീകരണം നൽകുമ്പോൾ റവന്യൂ ടെസ്റ്റിന്റെ 4 പേപ്പറുകളും ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**13.** Free Chanceന് ആവശ്യപ്പെടുന്ന, അന്യത്ര സേവനത്തിൽ (On Deputation) തുടരുന്ന ജീവനക്കാർ Parent Department ലെ ആഫീസ് മേധാവി / വകുപ്പ് മേധാവിയെക്കൊണ്ട് അഡ്മിഷൻ ടിക്കറ്റിലെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(എ) ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ള സർക്കാർ ജീവനക്കാർ വകുപ്പുതല പരീക്ഷയ്ക്ക് ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ ബന്ധപ്പെട്ട ജനപ്രതിനിധി തന്നെ നിർവ്വഹിച്ചാലും മതിയാകും. അവരുടെ പേര്, പദവി മുതലായവ ഉൾക്കൊള്ളുന്ന സീലുകൾ യഥാസ്ഥാനത്ത് നിർബന്ധമായും പതിച്ചിരിക്കണം.

**14.** ഓരോ ടെസ്റ്റും അതാതു വകുപ്പിലെ ഉദ്യോഗസ്ഥർ പാസ്സായിരിക്കണമെന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൻ പ്രകാരം നിർബന്ധമാക്കിയിട്ടുള്ളതാണ്. (ജയിൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ്, രജിസ്ട്രേഷൻ ടെസ്റ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, ഫോറസ്റ്റ് ടെസ്റ്റ്, പഞ്ചായത്ത് ടെസ്റ്റ്, കോഓപ്പറേറ്റീവ് ടെസ്റ്റ്, എസ്.സി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസിലെ അംഗങ്ങൾക്കുള്ള ടെസ്റ്റ് എന്നിവ അതാതു വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മാത്രമുള്ളതാണ്. കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ് സാമൂഹ്യക്ഷേമവകുപ്പിലെ ഡിസ്ട്രിക് പ്രൊബേഷൻ ആഫീസർമാരെ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിവിധ വകുപ്പുകളിലുള്ളവർക്ക് അതാതു വകുപ്പുകളിൽ നിർബന്ധിതമാക്കിയിട്ടുള്ള എല്ലാ ടെസ്റ്റുകളും എഴുതുവാൻ കഴിയത്തക്കവിധമാണ് കമ്മീഷൻ ടൈംടേബിൾ തയ്യാറാക്കുന്നത്. എന്നാൽ ഏതെങ്കിലും വകുപ്പിൽ നിർബന്ധിതമല്ലാത്ത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ ടൈംടേബിൾ പ്രകാരം പ്രസ്തുത പരീക്ഷ എഴുതുവാൻ സാധിക്കുമെങ്കിൽ മാത്രം അപേക്ഷിക്കേണ്ടതാണ്. അല്ലാതെ അതിനായി ടൈംടേബിളിൽ മാറ്റം വരുത്തുന്നതല്ല.

**15.** 31.07.1986ലെ GO(Ms) No. 249/86/GAD അനുസരിച്ച് ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S.) ലുള്ള ജൂനിയർ മെമ്പർമാർക്ക് യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റ് പ്രത്യേകം നടത്തുന്നതിനാൽ 15.12.1978 ലെ GO(Ms)No.549/78/GAD അനുസരിച്ചുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) നാല് പേപ്പറുകൾ ബാധകമായിരിക്കുന്നതല്ല. പ്രസ്തുത സർവ്വീസിലുള്ളവർ പ്രത്യേക വിജ്ഞാപന പ്രകാരം യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റിന് അപേക്ഷിച്ചുകൊള്ളേണ്ടതാണ്. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S.) ലുള്ള ജൂനിയർ മെമ്പർമാർ ' ഫോറസ്റ്റ് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ആന്റ് കൺട്രോളിംഗ് സ്റ്റാഫ്' എന്ന പരീക്ഷയ്ക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടതില്ല. ടി പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 19.2.1985 തീയതിയിലെ GO (Ms) No. 74/85/GAD അനുസരിച്ച് പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതാണ്.

**16.** Annexure-'A' യിൽ 15 -ാമതായി കൊടുത്തിരിക്കുന്ന മുൻസിപ്പൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, മുൻസിപ്പൽ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്കുവേണ്ടി 12-7-1978 തീയതിയിലെ G.O (Rt.)2072/78/LA &S.W.D, 25-5-1979 തീയതിയിലെ G.O(Rt.)1712/79/L A & S.W.D, 20-2-1981 തീയതിയിലെ G.O(M.S)3681/LA & S.W.D. എന്നീ ഉത്തരവുകൾ പ്രകാരം നടത്തുന്ന പരീക്ഷയാണ്. ഈ പരീക്ഷയുടേയും കേരള മുൻസിപ്പൽ ടെസ്റ്റ് മൂന്നാം പേപ്പറിന്റേയും സിലബസ് ഒന്നു തന്നെയാണ്.

**17.** പരീക്ഷാ ഹാളിൽ ബുക്കുകളുടെ സഹായത്തോടുകൂടി ഉത്തരമെഴുതാവുന്ന ടെസ്റ്റുകൾ (with books) ഏതെല്ലാമാണെന്ന് അനുബന്ധത്തിൽ സിലബസ് വിവരിക്കുന്നിടത്ത് വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ടെസ്റ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളും (ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ മാത്രം) അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികളും തൽസംബന്ധമായി ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ആക്ട് ആന്റ് റൂൾസ് മാത്രം ഉപയോഗിക്കാവുന്നതാണ്. സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് നിശ്ചിത പേപ്പറിന് നിർദ്ദിഷ്ട കാലാവധിക്ക് അനുവദിക്കുന്ന സ്വകാര്യ പ്രസിദ്ധീകരണങ്ങൾ മാത്രമേ തദനുസൃതമായി പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ അനുവാദമുള്ളു. ഇപ്രകാരം Time Table Notification ൽ വ്യക്തമായി പറഞ്ഞിട്ടുള്ളതല്ലാതെ സ്വകാര്യ പ്രസാധകർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സർവ്വീസ് റൂൾസ് തുടങ്ങിയ ഒരു സ്വകാര്യ പ്രസിദ്ധീകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.. കുറിപ്പുകളോ വിവരങ്ങളോ അടങ്ങിയ ബുക്കുകളും ഗൈഡുകളും, അംഗീകൃത പുസ്തകങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ടൈം ടേബിൾ വിജ്ഞാപനത്തിൽ അനുവദിച്ചിട്ടുള്ളവ ഒഴികെ) എന്നിവയും പരീക്ഷാഹാളിൽ കൊണ്ടു വരുന്നതിന് അനുവദിക്കുന്നതല്ല. ഈ നിർദ്ദേശങ്ങൾക്ക് വിപരീതമായി പെരുമാറുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം അസാധുവാക്കപ്പെടുന്നതാണ്. അതിനോടൊപ്പം തന്നെ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന മറ്റ് ശിക്ഷാ നടപടികളും സ്വീകരിക്കുന്നതാണ്. സിലബസിന്റെ നേർക്ക് (with books) എന്ന് എഴുതിയിട്ടില്ലാത്ത പരീക്ഷകൾ ബുക്കുകളുടെ സഹായമില്ലാതെ എഴുതേണ്ടതാണ്. മറ്റ് നിർദ്ദേശങ്ങൾ അഡ്മിഷൻ ടിക്കറ്റിനൊപ്പം ലഭിക്കുന്നതും അവ വായിച്ച് കൃത്യമായി പാലിക്കേണ്ടതുമാണ്.

17.(എ) മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ, സ്മാർട്ട് വാച്ച് തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

**18.** പരീക്ഷാ ചുമതല വഹിക്കുന്ന ചീഫ് സൂപ്രണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ ചീഫ് സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ ഖണ്ഡിക 17 ലെ നിർദ്ദേശങ്ങൾക്ക് വിപരീതമായി പരീക്ഷാഹാളിൽ ബുക്കുകൾ കൊണ്ടു വരികയോ ചെയ്യുന്നവരുടെ പരീക്ഷ അസാധുവാക്കപ്പെടുന്നതാണ്. അതിനു പുറമേ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ എഴുതുന്നതിൽ നിന്നും വിലക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പു മേധാവികളോടും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറോടും ശുപാർശ ചെയ്യുന്നതാണ്. കമ്മിഷനംഗങ്ങളെയോ, കമ്മീഷന്റെ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ, പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

**19.** ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി വരെ പരീക്ഷാർത്ഥികൾക്ക് പേപ്പറുകൾ/മേഖല എന്നിവ മാറ്റുവാനുള്ള അവസരം അവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. പരീക്ഷാപേപ്പറുകൾ പരീക്ഷാർത്ഥികൾ സ്വയം തെരഞ്ഞെടുക്കുന്നതിനാൽ അവസാന തീയതിക്കു ശേഷം യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട പേപ്പറുകളിൽ മാറ്റം നൽകുന്നതല്ല.

(എ) പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ്ഫർ/ട്രെയിനിംഗ് മൂലം പരീക്ഷാകേന്ദ്രം മാറ്റിക്കിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനു ശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷ തുടങ്ങുന്നതിനു മുമ്പ് തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വകുപ്പുതല പരീക്ഷാവിഭാഗം ജോയിന്റ് സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. അത്തരം കേസുകളിൽ ലഭ്യതയ്ക്കനുസരിച്ച് പരീക്ഷാകേന്ദ്രങ്ങൾ മാറ്റി നൽകുന്നതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്ററുകളും പേപ്പറുകളും മാറി എഴുതുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ Region, Region-ൽ ഉൾപ്പെടുന്ന ജില്ലകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതും തെരഞ്ഞെടുത്ത Region തന്നെയാണ് Online Application ൽ രേഖപ്പെടുത്തിയതെന്നും ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകൾ അയയ്ക്കുന്ന സമയത്ത് പരീക്ഷാർത്ഥികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വകുപ്പുതല പരീക്ഷാ സംബന്ധമായുള്ള കത്തിടപാടുകൾ എല്ലാം ജോയിന്റ് സെക്രട്ടറി (വകുപ്പുതല പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻകോഡ് 695 004 എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.

**20.** എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സ്പെഷ്യൽ റൂൾ ഭേദഗതിയെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടു നിയമിക്കുന്ന പ്രിവന്റീവ് ആഫീസർമാർക്ക് പ്രൊബേഷനുവേണ്ടി നടത്തുന്ന വകുപ്പുതല പരീക്ഷകൾ (Excise Test Part A-I &II Papers, Part B-III Paper (MOP) എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർക്ക് പ്രിവന്റീവ് ആഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് ബാധകമാക്കിയും എക്സൈസ് ഗാർഡുമാർക്ക് നടത്തിവന്നിരുന്ന "Departmental Test for Excise Guards as Preventive Officers" എന്ന പരീക്ഷ നിർത്തലാക്കിയും 20-8-2011 ലെ G.O.(P)No.26/2011/P&ARD പ്രകാരം സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിരുന്നു. 2012 ജനുവരിയിലെ വകുപ്പുതല പരീക്ഷകൾ മുതൽ ടി ഉത്തരവിന് പ്രാബല്യം നൽകി നടപ്പിലാക്കി വരികയാണ്. ആയതിനാൽ വകുപ്പുതല പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർ പ്രിവന്റീവ് ആഫീസർ തസ്തികയിലുള്ളവർക്ക് കമ്മീഷൻ ഇപ്പോൾ നടത്തിവരുന്ന വകുപ്പുതല പരീക്ഷകളുടെ പേപ്പറുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

**21.** താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1. മതിയായ അപേക്ഷാ ഫീസ് ഇല്ലാത്ത അപേക്ഷകൾ
2. പരീക്ഷാഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനുള്ള അർഹത ഇല്ലാതെ സൗജന്യ അവസരം ലഭിക്കുന്നതിന് അപേക്ഷിച്ചവരുടെ അപേക്ഷകൾ
3. ഒരു സർട്ടിഫിക്കറ്റിനാവശ്യമായ പേപ്പറുകൾക്ക് മുഴുവനായോ ഭാഗികമായോ സൗജന്യ അവസരം ഒരു തവണ രേഖപ്പെടുത്തുകയും പിന്നീട് സൗജന്യ അവസരത്തിന് അപേക്ഷിക്കുകയും ചെയ്തിട്ടുള്ളവർ
4. നിർദ്ദേശ പ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ

പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും പരീക്ഷാഫലം അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**22.** താഴെ പറയുന്ന ന്യൂനതകളുള്ളവരുടെ പരീക്ഷാഫലം അസാധുവാക്കുന്നതാണ്.

1. അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ യഥാവിധി നിർവ്വഹിക്കാതിരിക്കുക.
2. ഫീസ് സൗജന്യം അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരിക്കുകയും ചെയ്യുക.
3. അഡ്മിഷൻ ടിക്കറ്റ് പ്രകാരം അനുവദിക്കാത്ത പേപ്പറുകൾക്ക് പരീക്ഷ എഴുതുക.
4. അഡ്മിഷൻ ടിക്കറ്റിലെ ഫോട്ടോയ്ക്കു മുകളിൽ മറ്റു ഫോട്ടോ ഒട്ടിച്ച് പരീക്ഷയ്ക്കു ഹാജരാകുക.

**23.** അഡ്മിഷൻ ടിക്കറ്റ്

പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതും പരിശോധനയ്ക്കായി അധികൃതർക്ക് കൈമാറേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് സാക്ഷ്യപ്പെടുത്തുമ്പോൾ പരീക്ഷാർത്ഥിയുടെ ഒപ്പ്, ഫോട്ടോ, പേര് എന്നിവയും ഫ്രീചാൻസ് അവകാശപ്പെടുകയാണെങ്കിൽ ആയതും പരിശോധിച്ച് മേലധികാരി ബന്ധപ്പെട്ട കോളങ്ങളിൽ ✓മാർക്ക് ചെയ്തുവെന്നും ഓഫീസ് മുദ്രയോടൊപ്പം സാക്ഷ്യപ്പെടുത്തുന്ന മേലധികാരിയുടെ ഒപ്പ്, പേര്, തസ്തികയുടെ പേര് എന്നിവയോരോന്നും വ്യക്തമായിത്തന്നെ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്. ആഫീസ് സീൽ മേലധികാരിയുടെ ഔദ്യോഗിക പദവിക്ക് തെളിവായി സ്വീകരിക്കുന്നതല്ല. അപേക്ഷകൻ തന്നെ ആഫീസ് മേലധികാരിയാണെങ്കിൽ അദ്ദേഹത്തിന്റെ മേലധികാരിയുടെ മേലൊപ്പും വാങ്ങിക്കേണ്ടതാണ്. ഇവയിൽ ഏതെങ്കിലുമൊന്ന് വിട്ടുപോകുന്നതിനാലും അപൂർണ്ണമോ, അവ്യക്തമോ ആയ സാക്ഷ്യപ്പെടുത്തലുകൾ കാരണം പരീക്ഷാർത്ഥികൾക്ക് പരീക്ഷ എഴുതുവാനുള്ള അവസരം നഷ്ടമാകുന്നതാണ്.

**24.** വകുപ്പുതല പരീക്ഷകൾക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ ആദ്യഘട്ട സൂക്ഷ്മ പരിശോധനയിൽ സാധുവായി കണ്ടെത്തുന്നവരെ മാത്രം സോപാധികമായി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. പരീക്ഷാഹാളിലെ വിദഗ്ധ പരിശോധനയിൽ ഏതെങ്കിലും തരത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നവരുടെ പരീക്ഷാഫലം അസാധുവാക്കുന്നതാണ്.

**25.** അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully uploaded/Received) എന്നതുകൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ.

**26.** പരീക്ഷാർത്ഥികൾ Region തിരഞ്ഞെടുക്കുന്ന സമയത്തും e-payment ആയി ഫീസ് ഒടുക്കുന്ന സമയത്തും നൽകുന്ന 'Alert' കൃത്യമായി ശ്രദ്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**27.** അപേക്ഷകൻ ഒരു പ്രൊഫൈലിലൂടെ തന്നെ അപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട പേപ്പറുകൾ വിജയിച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. രണ്ട് പ്രൊഫൈൽ വഴി അപേക്ഷ നൽകി വിജയിച്ച ശേഷം സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടാൽ നൽകുന്നതല്ല. ഒരു പരീക്ഷയുടെ എല്ലാ പേപ്പറുകളും ഒറ്റ പ്രൊഫൈൽ വഴി തന്നെ അപേക്ഷിച്ചു വിജയിച്ചിരിക്കണം. ഒരു പരീക്ഷാർത്ഥി ഒന്നിൽ കൂടുതൽ പ്രൊഫൈൽ സൃഷ്ടിക്കാൻ പാടുള്ളതല്ല.

**28.** ഏതെങ്കിലും കാരണവശാൽ വകുപ്പുതല പരീക്ഷകൾ റദ്ദാക്കുകയോ, മാറ്റിവെയ്ക്കുകയോ ചെയ്യുന്ന പക്ഷം ആയത് സംബന്ധിച്ച വിവരങ്ങൾ പത്ര ദൃശ്യമാധ്യമങ്ങൾ വഴി മാത്രം അറിയിക്കുന്നതാണ്. പരീക്ഷാർത്ഥികൾക്ക് വ്യക്തിഗത മെമ്മോ നൽകുന്നതല്ല.

(ഒപ്പ്), സാജു ജോർജ്ജ്

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം – 695 004

## ANNEXURE - A

| | Name of Test | Syllabus |
|---|---|---|
| 1. | Secretariat Manual Test (One Paper) | The Kerala Secretariat Office Manual |
| 2. | District Office Manual Test (One Paper) | The District Office Manual |
| 3. | Manual of Office Procedure Test (One Paper) | Manual of Office Procedure for use in Offices other than Secretariat |
| 4. | Departmental Test for the Staff of the Kerala Public Service Commission | The Kerala Public Service Commission Office Manual |
| 5. | KSRTC Manual Test | The Kerala State Road Transport Corporation Manual |
| 6. | P W D Manual Test | The Kerala P W D Manual and additions amendment to it from time to time (With Books) |
| 7. | Account Test (Lower) – (4 Papers) | 1. Kerala Service Rules (With Books)<br>2. Kerala Financial Code Volumes I and II and Kerala Budget Manual (With Books)<br>3. Kerala Account Code Volume I (With Books) and Introduction to the Indian Government Accounts and Audit (V<sup>th</sup> Edition except Chapters 12, 26, 27, 28 and 29) (Without Books).<br>4. The Kerala Treasury Code Volume I and II and Kerala Account Code Volume II (With Books) |
| 8. | Account Test (Lower) for the Ministerial and Executive Staff of the KSE Board -(3 Papers) | 1. Kerala Service Rules (With Books)<br>2. Kerala Financial Code Volumes I and II and the Kerala Budget Manual (With Books).<br>3. Elements of Commercial Accounts & Book-keeping (including basic concepts of Company Accounts excluding Partnership Accounts) (Any Financial Accounting book prescribed by any recognized Universities in Kerala) |
| 9. | Account Test for Executive Officers (2 Papers) | 1. Kerala Financial Code Volumes I and II. The Kerala Account Code Volume I and Kerala Budget Manual (Chapters I to IV, VI and VII) (With Books).<br>2. Kerala Service Rules (With Books). |
| 10. | Account Test (Higher) – (4 Papers) | **Part I**<br>1. Kerala Financial Code Volumes I,II and Kerala Budget Manual (With Books).<br>**Part II**<br>1. Introduction to Indian Government Accounts and Audit (V<sup>th</sup> edition except Chapters 12, 26, 27, 28 and 29) (Without Books). The Constitution of India (With Books) and Kerala Account Code Volume I (With Books).<br>2. Kerala Treasury Code Volumes I and II and the Kerala Account Code Volume II (With Books).<br>3. Kerala Service Rules (With Books). |
| 10A. | Account Test (Higher) – 5 papers for those working in P W D | **Part I**<br>1. Kerala Public Works Account Code and Kerala Account Code Volume III (With Books).<br>2. Kerala Financial Code Volumes I, II and Kerala Budget Manual. (With Books)<br>**Part II**<br>1. Introduction to Indian Government Accounts and Audit (V<sup>th</sup> edition except Chapters 12, 26, 27, 28 and 29) (Without Books). The Constitution of India (With Books) and Kerala Account Code Volume I (With Books).<br>2. Kerala Treasury Code Volumes I & II and the Kerala Account Code Volume II (with books)<br>3. Kerala Service Rules (With Books) |
| 10B. | Account Test (Higher) – 4 Papers for those working in KSEB | **Part I**<br>1. Kerala Public Works Account Code (with books)<br>2. Kerala Financial Code Vol.I & II, Kerala Budget Manual (with books)<br>**Part II**<br>1. Introduction to Indian Government Accounts and Audit (V edition except Chapters 12, 26, 27, 28 & 29) (without books), The Constitution of India (with books)<br>2. Kerala Service Rules (with books) |
| 11. | Kerala P W D Test (2 Papers) | 1. Kerala P W D Code (With Books)<br>2. Kerala P W D Account Code (With Books) |
| 12. | Departmental Test for the Ministerial Staff of the K S E Board (5 Papers) | 1. Kerala P W D Code (With Books)<br>2. Kerala P W D Account Code (With Books)<br>3. Electricity Act 2003 (without books) Companies Act 2013 & Rules (with books)<br>4. Departmental Manual of Office Procedure<br>5. Goods & Services Tax (with books) Indian Contract Act, 1872 (without books) |
| 13. | Departmental Test for Executive Staff of K S E Board (4 Papers) | 1. Kerala P W D Code (With Books).<br>2. Kerala P W D Account Code (With Books).<br>3. Electricity Act 2003 (without books) Companies Act 2013 & Rules (with books)<br>4. Goods & Services Tax (with books) Indian Contract Act, 1872 (without books) |
| 14. | The Kerala Municipal Tests (3 Papers) | 1. Kerala Service Rules (With Books).<br>2. Kerala Financial Code Volumes I and II and the Kerala Budget Manual, Kerala Account Code Vol.I and II (With Books).<br>3. Act and Rules, Special Services Rules and Standing Orders as described hereunder (With Books).<br>(a) Kerala Municipalities Act and Rules.<br>(b) The Kerala Municipal Corporation Act, 1961.<br>(c) Local Authorities Loans Act and Rules.<br>(d) Local Authorities Entertainment Tax Act and Rules.<br>(e) Places of Public Resort Act and Rules.<br>(f) Public Health Act and Rules.<br>(g) Food Adulteration Act and Rules.<br>(h) Town Planning Act and Rules.<br>(i) Cattle Trespass Act and Rules.<br>(j) Other Acts and Rules prescribed from time to time.<br>(k) Special Service Rules framed for Local Body Employees.<br>(l) Standing Orders in respect of Municipal Matters. |
| 15. | Municipal Department Test (One Paper) | 1. Act and Rules, Special Service Rules and Standing Orders as described hereunder (with books).<br>(a) Kerala Municipalities Act and Rules.<br>(b) The Kerala Municipal Corporation Act, 1961.<br>(c) Local Authorities Loans Act and Rules.<br>(d) Local Authorities Entertainment Tax Act and Rules.<br>(e) Places of Public Resort Act and Rules.<br>(f) Public Health Act and Rules.<br>(g) Food Adulteration Act and Rules.<br>(h) Town Planning Act and Rules.<br>(i) Cattle Trespass Act and Rules.<br>(j) Other Acts and Rules prescribed from time to time.<br>(k) Special Service Rules framed for Local Body Employees.<br>(l) Standing Orders in respect of Municipal Matters (Common paper under item 14 (3) above) |
| 16. | Local Fund Audit Department Test (Higher) (3 Papers) | 1. Acts and Rules as described hereunder (with books).<br>(a) Constitution of India.<br>(b) Kerala Municipal Act 1994 and the Rules thereunder.<br>(c) The Court of Wards Act and Rules thereunder.<br>(d) LFAD Act and Rules thereunder.<br>(e) Kerala Panchayat Raj Act 1994.<br>(f) The Kerala Local Authorities Entertainment Tax Act and the Rules thereunder.<br>(g) The Kerala Local Authorities Loans Act and Rules thereunder.<br>(h) The Kerala Places of Public Resort Act and the Rules thereunder.<br>(i) The Public Health Act and the Rules thereunder.<br>(j) The Food Adulteration Act and the Rules thereunder.<br>(k) The Town Planning Act and the Rules thereunder.<br>(l) The Kerala Cattle Trespass Act and the Rules thereunder.<br>(m) The Madras Hindu Religious and Charitable Endowments Act and Rules thereunder.<br>(n) The Travancore Cochin Hindu Religious Institutions Act.<br>(o) The Charitable Endowments Acts and Rules thereunder.<br>(p) The Kerala University Act and the Statutes thereunder.<br>(q) The Cochin University Act and the Statutes thereunder.<br>(r) The Calicut University Act and the Statutes thereunder.<br>(s) The Kerala Agricultural University Act and the Statutes thereunder.<br>(t) The Kerala State Housing Board Act and the Rules thereunder.<br>**Note:-** Panchayat Manual and the Kerala Municipal Corporation Manual published by Government can be used as reference books as per G.O.(Ms.) No.248/84/Fin. Dated; 9.5.1984.<br>2. Finances of Local Bodies and Principles of Local Fund Audit, Principles and Procedure in the Indian Audit Code and Audit Manual with special reference to Local Fund Account. (with books)<br>3. Book-keeping and Accountancy. |
| 17. | Local Fund Audit Department Test (Lower) (2 Papers) | 1. Acts and Rules (with Books).<br>(a) LFAD Act and Rules thereunder.<br>(b) Municipal Enactments<br>(i) Kerala Municipal Act 1994 (Chapters V, VI and schedules II & III) and the Rules thereunder.<br>(ii) The Kerala Municipalities Act (Chapters V, VI, XIV, XVI and schedule II) and the rules thereunder.<br>(c) The Kerala Panchayat Raj Act 1994 and the Rules thereunder.<br>(d) Other Enactments:<br>(i) The Charitable Endowments Act and the Rules thereunder.<br>(ii) The Madras Hindu Religious and Charitable Endowments Act and the Rules thereunder.<br>(iii) The Travancore – Cochin Hindu Religious Institutions Act. Panchayat Manual and the Kerala Municipal Corporation Manual published by Government can be used as reference books as per G.O.(Ms.) No.248/84/ Fin. Dated; 9.5.1984.<br>2. General Knowledge, Precis and Drafting<br>(a) Office Procedure in Local Fund Audit Office including Precis and Draft writing.<br>(b) Principles and Procedure of Audit of Fund Accounts. |
| 18. | Kerala State Probation Test (4 Papers) | **Part- I**<br>1. Indian Penal Code<br>2. Criminal Procedure Code, 1973 (Act 2 of 1974) Security Section (Chapter VIII – Sections 106 to 124) Maintenance of Public Order and Tranquility (Chapter X Sections 129-132 G.O.Ms 3/76/LA & SWD dated 5- 1-1976)<br>**Part-II**<br>1. (a) Probation of Offenders Act, 1958 Central and the Kerala Probation of Offenders Rules, 1960<br>(b) Immoral Traffic Prevention Act, 1986 and the Rules framed thereunder.<br>(c) Juvenile Justice Act 1986 and the Rules framed thereunder and<br>(i) Juvenile Justice (Care and Protection of Children) Act 2000 (Central Act)<br>(ii) Juvenile Justice (Care and Protection of Children) Rules 2003 (State Rules)<br>(iii) Juvenile Justice (Care and Protection of Children) Amendment Act 2006 (Central Act)<br>(iv) Juvenile Justice (Care and Protection of Children) Rules 2007 (Central Model Rules 2007)<br>2. Principles of the Probation System (Probation and related measures- A publication issued by the United Nations) |
| 19. | Test on Kerala Police Manual | Police Manual (with books) |
| 20. | Test on Manual of Office Procedure (Police) | Manual of Office Procedure (Police) |
| 21. | Departmental Test for the Ministerial Staff of the Vigilance Division (2 Papers) | 1. Police Manual (with books)<br>2. Manual of Office Procedure for Offices other than the Secretariat. |
| 22. | Forest Test (For Executive and Controlling Staff) (3 Papers) | 1. General Law<br>(a) The Kerala Forest Act and Rules thereunder<br>(b) The Kerala Land Acquisition Act<br>(c) The Boundary Act |

| | | |
|---|---|---|
| | | (d) The Cattle Trespass Act<br>(e) The Indian Penal Code Chapters 1 to 5, 9 to 11, 17, 18 and 23 and<br>(f) Indian Criminal Procedure Code, 1973 ((Chapters 1,5,6,7,15,16,19, 20, 23, 24,26,27 and 30)<br>2. Law – The Kerala Forest Act and Rules there under (with books)<br>3. Procedure – The Kerala Forest Code and Departmental Rules (with books) |
| 23. | Forest Test (for Clerical and Protective Staff) (2 papers) | 1. The Kerala Forest Code (with books)<br>2. Law – The Kerala Forest Act and Rule there under (with books) |
| 24. | Kerala Jail Officer's Test (4 papers) | 1. (a) Indian Penal Code<br>(b) Criminal Procedure Code<br>(c) Kerala Prisons and Correctional Services (Management) Act 2010 Act 9 of 2010 of the Kerala Prisons and Correctional Services Management Rules 2014<br>(d) Mental Health Act, 1987<br>2. Sociology, Penology and Criminology<br>3. Test in (1) Close Order drill (2) Lathi drill, (3) Weapon Training and (4) Revolver firing (Practical Test)<br>4. First Aid, Personal Hygiene and General Sanitation |
| 25. | Kerala Jail Subordinate Officers Test (1 paper) | The Kerala Prisons and Correctional Services (Management) Act, 2010 Act 9 of 2010 of the Kerala Prisons and Correctional Services Management Rules 2014 |
| 26. | Kerala Co-operative Test (2 Papers) | 1. Elements of Banking<br>2. Principles of Co-operation and the Co-operative Societies Act and Rules issued thereunder.<br>The following reference books will be used by the candidate for the preparation of the Test.<br>***Banking***<br>(i) Banking Law and Practice – By Tannan<br>(ii) Modern Banking in India – By S.K.Muranjan<br>***Co-operation***<br>(i) Co-operation – Law and Practice – By Calvert<br>(ii) Co-operation at Home and Abroad – By C.R.Fay<br>(iii) Co-operation in India (1962 Edition)- By Prof.Bhagatswaroopp.<br>(iv) Theory and Practice of Co-operation in India – By Prof.Kulkarani.<br>Candidates should study on the Co-operative Societies Act and Rules and the Madras Co-operative Manual written by Sri.J.C.Rayaon for Co-operation. |
| 27. | Canal Rules Test (One Paper) | Canal Rules and Regulations, Travancore and Cochin. |
| 28. | Agricultural Income-tax and Sales-tax Test ( 3 papers) | 1. (a) The Kerala General Sales-tax Act, 1963 and the Rules thereunder (with books)<br>(b) The Central Sales-tax Act, 1956, the Central Sales-tax (Registration and Turnover) Rules, 1957 and the Central Sales-tax Kerala Rules,1967 (with books)<br>(c) Goods and Services Tax<br>2. Agricultural Income-tax Act and the Rules thereunder (with books)<br>3. Book-keeping & Accountancy |
| 29. | Civil Judicial Test ( 2 Papers)<br>Only Bare Acts will be allowed. | 1. (a) Indian Civil Procedure Code (With Books)<br>(b) The Kerala Civil Rules of Practice (With Books).<br>2. (a) The Indian Limitation Act (With Books)<br>(b) The Kerala Civil Courts Act (With Books).<br>(c) The Kerala Courts Fee and Suit Valuation Act (with books).<br>(d) The Kerala Stamp Act (With Books). |
| 30. | Criminal Judicial Test (2 Papers)<br>Only Bare Acts will be allowed. | 1. (a) Criminal Procedure Code, 1973 (Act 2 of 1974) (With Books).<br>(b) The Criminal Rules of Practice Kerala, 1982<br>2. The Indian Penal Code (With Books). |
| 31. | Panchayat Test (4 Papers) | 1. Kerala Panchayat Raj Act 1994 and Rules (With Books) excluding subject specified under Paper III with specific reference to citizens charter, Ombudsman, Tribunal for LSGI's etc.<br>2. Allied Acts and Rules including KMBR Regisration & Birth & Death Act 1969, Hindu Marriage Act 1955, Local Fund Audit Act 1994, Registration of marriages (common) Rules 2008, Cinema Regisration Act 1958, Local Bodies Entertainment Tax Act 1961, Public Health Act 1955, (T.C.), Public Health Act 1939 (Madras)<br>3. Acts, Rules, Manuals, Government Orders/Circulars in respect of Accounts, Audit (LF, AG, Social) Budgeting, Store Purchasing, Public Works Governing the PRIs and functions transferred to PRIs.<br>4. Constitution 73rd, 74th Amendments, Provisions of Writ Jurisdiction Cr.PC 1973 – Chapter VI (of process to compel appearance)<br>Chapter VII (of process to compel production of documents)<br>Chapter X (Public nuisances)<br>C.P.C 1908 – Section 15 to 20,60,79,80 and order XVI, XXIRTI Act – 2005, Disaster Management, Centrally Sponsored Schemes viz, NREGS, RInF, SGSY, PMGSY etc. various Social Security pension, the Person with Disabilities (Equal Opportunities, Protection of Right and Full Participation) Act – 1995, Decentralised Planning of PRIs, Five Year Plan with reference to the functions specified under Schedule III, IV, V of Kerala Panchayat Raj Act 1994. Betta service deliver, Front Office system, Good Governance, Civil registration online, Hospital Kiosks, Environmental Protection Act 1986. |
| 32. | Departmental Test on Employment Exchange Procedure (2 Papers) | 1. Placement work (this will cover placement work including placement of physically handicapped) and collections of employment market information based on the following chapters in Parts I, II and IV of the National Employment Service Manual Vol. I and II (with the connected E.E Minutes/Notes/ Amendments etc. issued from time to time. Chapters V to XIII, XVI, and XVIII of Part I and all chapters of Part II and Part IV, NESM (Vol.I) with relevant portion of NESM Vol.II. (NESM 1984 edition with subsequent changes.)<br>2. Special Scheme and General Instructions: This will cover Special Schemes like Vocational Guidance and Employment Counselling, Occupational Research etc. and the Chapters on (i) Study and Development of Employment Opportunities (ii) Public Relations and Publicity, (iii) Various General Instructions and (iv)Inspections and Technical Evaluation of Employment Exchanges based on the following |
| | | Chapters in Paras II and III of NESM. Vol.I and Vol.II(With connected E.E Minutes/Notes/ Amend ments etc., issued from time to time). Chapters I to IV, XIV, XV and XVII of Part I and all Chapters of Part III. N.E.S. M Vol.I with the relevant portions of N.E.S.M. Vol.II. |
| 33. | Kerala Registration Test (4 Papers) | **Part – I**<br>1. The Indian Registration Act, the Kerala Registration Rules and Table of Fees as prescribed by the Kerala Government (With Books).<br>2. The Kerala Registration Manual and Circular Orders (With Books).<br>**Part – II**<br>The Kerala Stamp Act and the Rules there under and the Indian Stamp Act in respect of documents specified in entry 91 of List I (Union List) of the Seventh Schedule of the Constitution of India and the Rules relating to these documents (With Books).<br>**Part – III** (Miscellaneous Act, etc. )<br>The Transfer of Property Act, the Evidence Act, the Special Marriage Act, (Central Act 43 of 1954) and the Kerala Special Marriage Rules, 1958 and the Chitties Funds Act 1982, Kerala Chit Funds Rules 2012 [G.O.(P) No.94/2012/ TD dated 4.6.2012] Chitties Act and Rules thereunder, the Societies Registration Act and the Documents Writers Licence Rules (With Books).<br>*Note :-*<br>(i) Until such time as the Kerala Registration Manual is published for the second paper in Part I, questions will be based on the Circular Orders issued by the Inspector General of Registration after 1.11.1956 regarding matters covered by the Registration Act and Rules and Table of Fees.<br>(ii) Till Common Chitties Act and Rules and Societies Registration Act and Rules are introduced, questions in Part III will be set in two compartments 'A' and 'B'. Questions in Compartment 'A' will be compulsory for all the candidates and they will be given option to answering one of the questions in 'B'.<br>(a) Compartment 'A' will contain question on:<br>(1) The Transfer of Property Act.<br>(2) The Evidence Act.<br>(3) The Special Marriage Act (Central Act 43 of 1954) and the Kerala Special Marriage Rules, 1958.<br>(4) The Kerala Document Writers Licence Rules.<br>(b) Compartment 'B' will contain questions on:<br>(1) The Travancore Chitties Act and Rules thereunder.<br>(2) The Cochin Kuries Act and the Rules.<br>(3) The Travancore –Cochin Societies Registration Act (Act XII of 1958); and<br>(4) The Madras Societies Registration Act (One full question will be set on each of the 4 items above). |
| 34. | [A] Departmental Test on laws relating to Motor Vehicles for the Members of the Kerala Transport Subordinate Service and the Ministerial Staff of the Motor Vehicles Department (2 Papers) | (1) Motor Vehicles Act, 1988 and Central Motor Vehicles Rules 1989 and the Kerala Motor Vehicles Rules, 1989 (With Books).<br>(2) Kerala Motor Vehicles Taxation Act, 1976 and the Rules made thereunder (With Books) (G.O.(P)215/76/PW dated; 22.9.1976). |
| | [B] Second Class Language Test in Malayalam for those who have not studied Malayalam for SSLC or its equivalent, as a medium of language as a Subsidiary Language (for the members of the Kerala Transport Service and the Kerala Transport Subordinate Service). | Common paper under item 42 (See also Annexure 'C') |
| 35. | Departmental Test in Code of Criminal Procedure and the Kerala Manual of Office Procedure (for the Motor Vehicles Inspectors in the Kerala Transport Service). | The Code of Criminal Procedure,1973 (Act 2 of 1974). Covering Chapters I to VII, XII, XIII, XV to XVII, XIX to XXI, XXIIIA, XXIIIB, XXIV, XXVII, XXIX, XXXII and Kerala Manual of Office Procedure (with books) (G.O.Rt.1673/75/PW dated; 9.12.1975). |
| 36. | Hand Book of SC Development Department Test (One Paper) | Hand Book of the Harijan Welfare Department (With Books). |
| 37. | Test in Kerala Education Act and Rules (One Paper) | Kerala Education Act and Rules |
| 38. | Labour Department Test (3 Papers) | **Part – I** (One Paper – With Books )<br>The following Acts and Rules administered by the Labour Department:-<br>1. Plantation Labour Act, 1961.<br>2. Minimum Wages Act, 1948.<br>3. Child Labour (Prohibition & Regulation) Act, 1986<br>4. Motor Transport Workers Act, 1961.<br>5. Kerala Shops and Commercial Establishments Act, 1960.<br>6. Payment of Wages Act,1936 ( in respect of establishment other than Factories).<br>7. The Beedi and Cigar Workers(Conditions of Employment) Act, 1966 and<br>8. The Mortor Transport Workers Payment of Fair Wages Act,1971.<br>**Part – II** (One Paper – With Books)<br>The following Acts and Rules administered by the Labour Department:-<br>1. Industrial Disputes Act, 1947.<br>2. Industrial Employment (Standing Orders Act, 1946).<br>3. Indian Trade Union Act, 1926.<br>4. Working Journalists (Conditions of Service and Miscellaneous Provisions) Act, 1955.<br>5. Working Journalists (Fixation of Rates of Wages) Act, 1958.<br>6. Maternity Benefit Act, 1961 (Central Act).<br>7. Kerala Industrial Establishments (National and Festival Holidays) Act, 1977.<br>8. The Employees Compensation Act, 1923.<br>9. The Payment of Bonus Act, 1965<br>10. The Kerala Industrial Employees Payment of Gratuity Act,1970.<br>11. The Interstate Migrant Workmen (Regulation of Employment and conditions of service) Act 1979.<br>12. Labour Laws (Exemption from Furnishing Returns and maintaining Registers by Certain Establishment) Act, 1988<br>13. The Building & other Construction workers (Regulation of Employment & Condition of Service) Act, 1996<br>14. The Building & other construction workers Welfare Cess Act, 1996.<br>**Part – III** (One Paper – With Books)<br>The following Acts and Rules administered by the Labour Department:- |

| | | |
|---|---|---|
| | | 1. The Contract Labour (Registration and Abolition ) Act, 1970.<br>2. The Payment of Gratuity Act, 1972.<br>3. The Kerala Payment of Subsistance Allowance Act, 1973.<br>4. The Kerala Agricultural Workers Act, 1974.<br>5. The Equal Remuneration Act, 1976.<br>6. The Sales Promotion Employees (Conditions of Service) Act, 1976.<br>7. The Kerala Casual Temporary and Badali workers (Wages) Act 1989<br>8. The Kerala Head Load workers Act 1978. |
| 39. | Animal Husbandry Department Test (One paper) | Animal Husbandry Department Manual(With books) |
| 40. | Excise Test- Parts A & B (3 papers) | **Part A- Excise Manual**<br>***First Paper***<br>Abkari Acts and Rules and Notifications (With books)<br>***Second Paper***<br>Prohibition Act and Rules, Medicinal and Toilet Preparation Act and Rules. The Narcotic Drugs and Psychotropic Substances Act 1985 and the Rules made there under by the Government of India and Government of Kerala, Spirituous preparation, Inter-state Trade and Commerce Control Act, Rules (with books)<br>**Part B- Criminal Law**<br>Criminal Procedure Code, 1973 (Act 2 of 1974), Evidence Act and Indian Penal Code (with books) |
